നാറാത്ത് ഗ്രാമപഞ്ചായത്ത്

ജനകീയ ആസൂത്രണം




വികസന രേഖ 1996

3 141-10

ഒമ്പതാംപദ്ധതി ജനകീയ പദ്ധതി

നാറാത്ത് ഗ്രാമ പഞ്ചായത്ത് സമഗ്ര വികസന രേഖ - 1996



1996 നവംബർ 26-ന് ചേർന്ന നാറാത്ത് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 186 / 96 തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുന്നത്

ഗാന്ധിജി



ഗാന്ധിജിയും ഗ്രാമങ്ങളും

- സ്വയം സമ്പൂർണ്ണ ഗ്രാമ സൃഷ്ടിയിലൂടെ മാത്രമെ രാഷ്ട്രപുനർ നിർമ്മാണം സാദ്ധ്യമാകൂ..

- ഗ്രാമങ്ങളോട് നമുക്കുള്ളകർത്തവ്യം നാം അവഗണിക്കുക യാണെങ്കിൽ അത്സ്വയം നാശത്തിലേക്കായിരിക്കും.

നാറാത്ത് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി

കെ. നാണു (പ്രസിഡന്റ്)

എം. പി. അബ്ദുസ്സലാം (വൈസ് പ്രസിഡന്റ്)

സി. എം. മുഹമ്മദ് കുഞ്ഞി (സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)

എ. വി. മമ്മു

കെ. എൻ. മൂസാൻ കുട്ടി

സി. വി. ഗിരിജ

ഇ. ഗംഗാധരൻ

എൻ. കൃഷ്ണൻ

എം. ജാനകി

ടി. ലീല

എസ്. ജഗദമ്മ

വികസന രേഖ തയ്യാറാക്കിയവർ


1. സി. പി. അബ്ദുള്ള മൗലവി
2. ഇ. കെ. കരുണാകരൻ
3. എം. പി. അബ്ദുസ്സലാം
4. കാണി ചന്ദ്രൻ
5. ഇ. ഗംഗാധരൻ
6. ടി. കമ്മാരൻ നായർ
7. എ. കുമാരൻ
8. പി. വി. വിജയലക്ഷ്മി
9. എം. വി. കുഞ്ഞിരാമൻ
10. കെ. മുരളിമാസ്റ്റർ
11. കെ. പി. രമേശൻ
12. എം. പവിത്രൻ
13. കെ. വി. ഉണ്ണികൃഷ്ണൻനായർ
14. കെ. പി. അബൂബക്കർ (സ്പെഷൽ വില്ലേജ് ഓഫീസർ)
15. എം. ജാനകി
16. എ. കെ. കുഞ്ഞിക്കണ്ണൻ (കൃഷി ഓഫീസൽ)
17. എം. സുരേഷൻ (VEO, Narath)
18. വി. വി. പവിത്രൻ മാസ്റ്റർ
19. എ. ചന്ദ്രൻ
20. കെ. ബാലകൃഷ്ണൻ
21. എൻ. ചന്ദ്രൻ
22. പ്രമോദ് മാസ്റ്റർ
23. പി. പവിത്രൻ
24. കെ. രാജൻ

D T P & PRINTING
DIVINE OFFSET PRINTERS, SUPER BAZAR, KANNUR - 1

നാറാത്ത് ഗ്രാമ പഞ്ചായത്ത്
ഭരണ സമിതി അംഗങ്ങൾ
1996 - 2000



കെ. നാണു
(പ്രസിഡന്റ്)



എം. പി. അബ്ദുസ്സലാം
(വൈസ് പ്രസിഡന്റ്)



സി. എം. മുഹമ്മദ്കുഞ്ഞി
(സ്റ്റാന്റിങ് കമ്മിറ്റി
ചെയർമാൻ)




എ. വി. മമ്മു
(മെമ്പർ)



കെ. എൻ. മൂസാൻകുട്ടി
(മെമ്പർ)



സി. വി. ഗിരിജ
(മെമ്പർ)



ഇ. ഗംഗാധരൻ
(മെമ്പർ)



എൻ. കൃഷ്ണൻ
(മെമ്പർ)



എം. ജാനകി
(മെമ്പർ)



ടി. ലില
(മെമ്പർ)



എസ്. ഗീത
(മെമ്പർ)



കെ.ടി. അബ്ദുള്ളഹാജി
(കൊളച്ചേരി ബ്ലോക്
പഞ്ചായത്ത് മെമ്പർ)



ഇ. കെ. കരുണാകരൻ
(നാറാത്ത് ഡിവിഷൻ ബ്ലോക്ക്
പഞ്ചായത്ത് മെമ്പർ)

വിഷയ വിവരം

ആമുഖം
പൊതുവിവരങ്ങൾ
ചരിത്രം
ഭൂപ്രകൃതി
സാമൂഹിക സാമ്പത്തിക മേഖലകൾ

1. കൃഷി - ജലസേചനം.
2. മൃഗസംരക്ഷണം, മത്സ്യബന്ധനം.
3. വ്യവസായം.
4. വിദ്യുച്ഛക്തി.
5. കുടിവെള്ളം, പൊതുജനാരോഗ്യം.
6. ഗതാഗതം, ഊർജം, മാർക്കറ്റ്
7. പാർപ്പിടം, സാമൂഹ്യക്ഷേമം.
8. സംസ്കാരം.
9. വനിത
10 സഹകരണം.
11. പട്ടികജാതി പട്ടികവർഗക്ഷേമം.
12. വിവേസമാഹരണം.

ആമുഖം

സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഇന്ത്യ ബ്രട്ടീഷ്കാരന്റെ ഉപഭോഗ പ്രദേശമായി നിലനിർത്തിയിരുന്നു. അവരുടെ ഭരണത്തിനു പയുക്തമായ വികസനമായിരുന്നു. അന്ന് നടന്നിരുന്നത് സ്വാതന്ത്ര്യാനന്തരം വികസന ത്തിന്റെ കാലഘട്ടമായിരുന്നു. ജനപങ്കാളിത്ത ത്തിന്റെ കുറവും മേലേ നിന്നുള്ള ആസൂത്രണ പ്രക്രിയയുടേയും ബ്യൂറോക്രസിയുടെ അവലോകനത്തിന്റെ അപര്യാരപ്തതയുടേയും കാരണമായി വികസനത്തിന്റെ ഗുണഫലം ജനങ്ങളിലേക്ക് പൂർണ്ണമായും എത്താതായി. ജനതയിലേക്ക് വികസനത്തിന്റെ ഗുണമേന്മ എത്തിക്കേണ്ടുന്ന അധികാര വികേന്ദ്രീകരണ ത്തിന്റെ തടസ്സം അതിനെ കൂടുതൽ വ്യാപ്ത മാക്കി. 73-74ഭരണഘടനാ ഭേദഗതികൾ കൊണ്ടു വരുന്നതിന് മുമ്പായി കേരളത്തിൽ പഞ്ചായത്ത് രാജ് നിയമനിർമ്മാണ കഥാശേഷനായ അഹമ്മദ് ഗുരുക്കൾ ഏകദേശം പൂർത്തിയാക്കിയെങ്കിലും രോഗം അവ അവതരിപ്പിക്കുവാൻ അദ്ദേഹത്തെ അനു വദിച്ചില്ല. അദ്ദേഹത്തോടൊപ്പം അദ്ദേഹ ത്തിന്റെ ആഗ്രഹവും മൺമറഞ്ഞുപോയി.

73,74 ഭരണഘടനാ ഭേദഗതികളുടെ ഫലമായി കേവലം മാർഗ്ഗ നിർദ്ദേശക തത്വങ്ങൾ എന്നനിലയിൽനിന്നും പഞ്ചായത്ത് നഗര പാലികാ സ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണ ക്രമത്തിൽ മഹാത്മജി ആഗ്രഹിച്ചത് പോലെ അനിവാര്യവും അഭിവാജ്യവുമായ ഘടകമായി. എല്ലാ വോട്ടർമാർക്കും തുല്യ പങ്കാളിത്തമുള്ള ഗ്രാമ സഭകൾ, കാലാകാലം കൃത്യസമയത്തുള്ള തെരഞ്ഞെടുപ്പ് തദ്വാര ഉണ്ടാക്കുന്ന ഭരണ സമിതി,സ്ത്രീകളുടെ അംഗത്വത്തിലും ഭാര വാഹിത്വത്തിലുമുള്ള സംവരണം ഇതൊക്കെ ഈ ഭേദഗതികളുടെ സവിശേഷതകളാണ്. ഈ അധികാര വികേന്ദ്രീകരണത്തിന്റെ കൂടെ തന്നെയാണ് ലോകത്താദ്യമായി ജനപങ്കാളിത്ത ത്തോടുകൂടിയ ആസൂത്രണം അഥവാ ജനകീയ ആസൂത്രണം പരീക്ഷിക്കുന്നത്. പരമ്പരാഗത ശൈലിയിൽ നിന്ന് മാറിച്ചിന്തിച്ച് പദ്ധതികളുടെ ഗുണഭോക്താക്കളായ ജനങ്ങളെ തന്നെ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും പങ്കാളികളാക്കുക എന്ന മാതൃകാ പരമായ ഒരുകാര്യമാണ് ജനകീയാസൂത്രണം കൊണ്ട് ലഭ്യമാവാൻ ഉദ്ദേശിക്കപ്പെട്ടത്. ജനകീയാ സൂത്രണത്തിന്റെ ഭാഗമായ ഒന്നാം ഘട്ടത്തിലെ ഏകദിന ശില്പശാലയിലും തുടർന്നുള്ള ഗ്രാമ സഭകളിലും ജനങ്ങളുടെ പങ്കാളിത്തം മെച്ചപ്പെട്ട തായിരുന്നു. തുടർന്നുള്ള രണ്ടാംഘട്ട ഏകദിന പരിശീലനവും മെച്ചപ്പെട്ടത് തന്നെയായിരുന്നു.

നമ്മുടെ പഞ്ചായത്തിലെ വാർഡു കളിൽ 20-9-96 മുതൽ 6-10-96 വരെ ചേർന്ന വിശേഷാൽ ഗ്രാമ സഭകളിൽ മുൻഗ്രാമസഭകളെ അപേക്ഷിച്ച് ജനങ്ങളുടെ കൂട്ടായ്മയിൽ വളരെ അധികം മുമ്പിലാണ്. ഏകദേം 2000ത്തോളം വോട്ടർമാർ ഗ്രാമസഭകളിൽ പങ്കെടുക്കുകയും അവർക്ക് മാർഗ്ഗ നിർദ്ദേശം നൽകിയ 12 വിഷയങ്ങളിലും അവരവരുടെ അറിവിന്റെയും കിട്ടിയ ക്ലാസ്സുകളുടേയും വെളിച്ചത്തിൽ വിശദമായി തന്നെ ചർച്ച നടത്തിയിട്ടുണ്ട്. അവരുടെ അനവധി പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും അതിനുള്ള സാധ്യതകളും ഉയർന്നു വരികയും ചെയ്തിട്ടുണ്ട്. മേൽ ചർച്ചകളിൽനിന്നും ഉരുത്തിരിഞ്ഞ് വരുന്നവയും, ദ്വിതീയ വിവര ശേഖരണത്തിന്റെയും ഭൂപഠന പര്യടനത്തിന്റെ വെളിച്ചത്തിൽ ശേഖരിച്ച വിഭവ

ഭൂപടത്തിന്റെയും ഒക്കെ കൂട്ടായ്മയാണ് നിങ്ങളുടെ കൈയ്യിൽ ലഭിച്ചിട്ടുള്ള ഈ നാറാത്ത് ഗ്രാമപഞ്ചായത്ത് വികസന രേഖ. വികസന രേഖ തയ്യാറാക്കാൻ സഹായിച്ച മുഴുവൻ പ്രവർത്ത കർക്കും ജനപ്രതിനിധികൾക്കും നന്ദിരേഖപ്പെടു ത്തുവാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു. ഈവികസന രേഖ വിശദമായ ചർച്ചകൾക്ക് ശേഷം സമ്പുഷ്ടമാക്കാൻ സെമിനാറിലെ പ്രതിനിധികൾ സജീവമായി ശ്രമിക്കുമെന്ന് പ്രതീക്ഷിച്ച് കൊണ്ട് ഇത് നിങ്ങളുടെ കൈകളിലേക്ക് അർപ്പിച്ചുകൊള്ളുന്നു.



നാറാത്ത് ഗ്രാമ പഞ്ചായത്ത് - പൊതുവിവരങ്ങൾ

1. പഞ്ചായത്തിന്റെ പേര്	:	നാറാത്ത് ഗ്രാമ പഞ്ചായത്ത്
2. ഉൾപെടുന്ന വില്ലേജുകൾ	:	നാറാത്ത്, കണ്ണാടിപ്പറമ്പ :
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	നാറാത്ത്
4. ബ്ലോക്ക് പഞ്ചായത്ത്	:	തളിപ്പറമ്പ
5. ജില്ലാ പഞ്ചായത്ത്	:	കൊളച്ചേരി
6. താലൂക്ക്	:	കണ്ണൂർ
7. ജില്ല	:	കണ്ണൂർ
8. അസംബ്ലിമണ്ഡലം	:	അഴീക്കോട്
9. വിസ്തീർണ്ണം	:	17.24 ച .കി. മി
10. ജനസംഖ്യ	:	23584
പുരുഷൻ	:	11593
സ്ത്രീ	:	11991
11. വാർഡുകളുടെ എണ്ണം	:	11
12. പ്രസിഡന്റിന്റെ പേര്	:	കെ. നാണു
13. വൈസ്പ്രസിഡന്റിന്റെ പേര്	:	എം. പി. അബ്ദുസ്സലാം.

പഞ്ചായത്ത് അതിർത്തിയിലെ സർക്കാർ ഓഫീസുകൾ

1. കൃഷിഭവൻ 2. വില്ലേജ് ഓഫീസുകൾ 3. പി. എച്ച്. സി. 4. പഞ്ചായത്ത് ഓഫീസ് 5. പി. എച്ച്. സി. സബ് സെന്ററുകൾ 6. ഗ്രാമവികസന ഓഫീസ് 7. ആയുർവ്വേദ ആശുപത്രി 8. തപാൽ ഓഫീസുകൾ 9. ഗോ വർദ്ധക ഉപകേന്ദ്രങ്ങൾ

ഭരണ ചരിത്രം

1955 - ൽ രണ്ട് വില്ലേജ് പഞ്ചായത്തുകൾ

നാറാത്ത് - പ്രസിഡന്റ്	:	കെ. എൻ. കുമാരൻ നായർ
വൈസ് പ്രസിഡന്റ്	:	കിഴക്കേടത്ത് മമ്മുസാഹിബ്
അംഗങ്ങൾ	:	കെ. മമ്മദ്
,,	:	പി. ഗോപാലൻ
,,	:	വി. സി. രാമൻ
,,	:	ചടയൻ ഗോവിന്ദൻ
,,	:	പി. നാരായണൻ
,,	:	എം. പി. കണ്ണൻ
,,	:	എ. പി. ഇബ്രായിൻ കുട്ടി

കണ്ണാടിപ്പറമ്പ

പ്രസിഡന്റ്	:	ഐ. വി. കെ. ഒതേനൻ നായർ
വൈസ് പ്രസിഡന്റ്	:	ചെങ്ങിനക്കണ്ടികുഞ്ഞിക്കാദിരി
അംഗങ്ങൾ		
,,	:	കെ. അനന്തൻ നായർ
,,	:	കൊയിലേര്യൻ ചന്തുക്കുട്ടി
,,	:	കാക്കാമണ്ണികോരൻ
,,	:	കെ. പി. മുഹമ്മദ് ഹാജി
,,	:	എലിയൻ. നാരായണൻ

1963 ൽ തെരഞ്ഞെടുപ്പു നടന്നതിനെതുടർന്ന് സംയോജിത നാറാത്ത് പഞ്ചായത്ത് നിലവിൽ വന്നു. 1979 വരെ നിലനിന്നു.

പ്രസിഡന്റ്	:	കെ. പി. അബ്ദുൽ ഖാദർ ഹാജി
വൈസ് പ്രസിഡന്റ്	:	ചടയൻ ഗോവിന്ദൻ
അംഗങ്ങൾ	:	കെ. നാണു
,,	:	കെ. അസ്സൻ
,,	:	എ. വി. ലക്ഷ്മി ക്കുട്ടി അമ്മ
,,	:	എ. വി. കുഞ്ഞപ്പൻ
,,	:	ഒ. ബാലകൃഷ്ണൻ
,,	:	ടി. പി. കുഞ്ഞബ്ദുള്ളഹാജി
,,	:	കെ. നന്ദിനി കുമാർ

ഭരണ ചരിത്രം

1955 - ൽ രണ്ട് വില്ലേജ് പഞ്ചായത്തുകൾ

1979 മുതൽ 1984 വരെ

പ്രസിഡന്റ്	:	സി. ബാലൻ
വൈസ് പ്രസിഡന്റ്	:	കെ. ടി. അബ്ദുള്ള ഹാജി
	:	കെ. എൻ. മുഹമ്മദ് കുഞ്ഞി മാസ്റ്റർ
	:	കാണി കൃഷ്ണൻ
	:	എ. പി. മുസ്തഫ
	:	കെ. നാണു
	:	സി. കുഞ്ഞമ്പു
	:	കെ. എൻ. സി. മുഹമ്മദ് കുഞ്ഞി

1984 മുതൽ 1988 വരെ ഉദ്യോഗസ്ഥ ഭരണം

1988 മുതൽ 1995 വരെ

പ്രസിഡന്റ്	:	പി. വി. ബാലകൃഷ്ണൻ
വൈസ് പ്രസിഡന്റ്	:	പി. പി. സോമൻ
	:	എ. പി. മുഹമ്മദ് കുഞ്ഞി
	:	കെ. കുമാരൻ
	:	ചടയൻ ദേവകി
	:	കെ. ടി. അബ്ദുള്ളഹാജി
	:	കെ. പി. മുഹമ്മദ്കുട്ടി
	:	എ. വി. കല്ല്യാണിക്കുട്ടി അമ്മ
	:	സി. പി. അബ്ദുള്ള മൗലവി
	:	പി. സി. രവീന്ദ്രൻ

ചരിത്രം


മൂഷിക രാജവംശത്തിൻ ഭരണത്തിൻ കീഴിൽപ്പെട്ടതും പഴയ ചിറക്കൽ താലൂക്കിലും ഇന്ന് കണ്ണൂർ താലൂക്കിലും ഉൾക്കൊള്ളുന്നതായ കണ്ണാടിപ്പറമ്പ് നാറാത്ത് എന്നീ രണ്ട് വില്ലേജുകൾ അടങ്ങിയതാണ് ഇന്നുള്ള നമ്മുടെ ഗ്രാമ പഞ്ചായത്ത്. ചരിത്ര പ്രസിദ്ധമായ സംഭവങ്ങളിലൂടെ കടന്ന് വന്ന് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ സജീവമായ ദേശീയ പ്രസ്ഥാനത്തിന്റെയും അതിനോടനുബന്ധിച്ചുള്ള ഐത്തൊച്ചാടനത്തിന്റെയും മാർഗ്ഗത്തിൽ ധീരമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച ചരിത്രമാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലുള്ളത്. 1935ൽ ചിറക്കൽ രാജാസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ഡോ. രാജേന്ദ്രപ്രസാദിന്റെ സാനിദ്ധ്യത്തിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനമാണ് നാറാത്ത് പഞ്ചായത്തിലെ സ്വാതന്ത്ര്യ വാദികളുടെയും ദേശീയ പ്രസ്ഥാന പ്രവർത്തകരുടെയും മുന്നേറ്റത്തിന് കാരണ മായുള്ളത്. 1942 നവംബർ മാസം ശ്രീ. ടി.സി.നാരായണൻ നമ്പ്യാർ, ശ്രീ.എം.പി. കേശവൻമാസ്റ്റർ, ശ്രീ.ഇ.നാരായണൻ മാസ്റ്റർ, ശ്രീ.കൊയ്ലേര്യൻ പറയൻമേസ്തിരി (പാണ്ട്യാല) ശ്രീ.കറുവൻമാസ്റ്റർ എന്നിവർ അന്നത്തെ സ്കൂളുകളിലെ പട്ടികജാതി വിദ്യാർത്ഥികളെ സംഘടിപ്പിച്ച്കൊണ്ട് ക്ഷേത്ര പ്രവേശനത്തിന്റെ നാനി എന്നനിലയിൽ കണ്ണാടിപ്പറമ്പ് മണ്ഡപം വഴിയുള്ള യാത്ര നടത്തുകയും അതുവഴിക്ക് വെച്ച് സവർണ്ണർ തടയുകയും ചെയ്തു. തുടർന്നുണ്ടായ എറ്റുമുട്ടലിൽ ജാഥ ചിതറി ഓടുകയും ചെയ്തത് ഈ വഴിയിലുള്ള ഒരു നഖചിത്രമാണ്. പയ്യന്നൂരിലെ ഉപ്പു സത്യാഗ്രഹത്തിലും അദ്ധ്യാപക സമരത്തിലും പങ്കെടുത്ത് ജയിലിൽ പോയ പ്രധാന സ്വാതന്ത്ര്യ സമര സേനാനികളാ യിരുന്നു ശ്രി.ടി.സി.നാരായണൻ നമ്പ്യാരും, ശ്രീ.വി.പി.അയ്യപ്പനും. സ്വാതന്ത്ര്യ സമരം ഇത്പോലെയുള്ള സഹനത്തിന്റെയും ചെറുത്ത് നിൽപിന്റെയും മാർഗ്ഗത്തിലാണ് നമ്മുടെ പഞ്ചായത്തിലൂടെ കടന്ന് പോയത്. എന്നിരു ന്നാലും നമ്മുടെ ഗ്രാമങ്ങളിലെ ഈനൂറ്റാണ്ടിലെ ഐത്തവും ജന്മിമേധാവിത്തവും ജാതി മത ചിന്തകളും ഒരിക്കലും തീവ്രതകാണിച്ചില്ല എന്ന് മാത്രമല്ല മതജാതികൾ തമ്മിലുള്ള കൂട്ടായ്മയും മതരാഷ്ട്രീയ സൗഹാർദ്ധവും കേരളത്തിന് തന്നെ മാതൃകയാണ്. 19ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഈ പഞ്ചായത്തിൽ പടർന്നുപിടിച്ച കോളറ കാരണമായി നാനാജാതി മതസ്തരും ധാരാളമായി മരിച്ചുതുടങ്ങിയപ്പോൾ നിടുവാട്ട് ജുമാഅത്ത് പള്ളി അങ്കണത്തിൽ മറവ് ചെയ്യപ്പെട്ട് കിടക്കുന്ന യഅകൂബ് മുസ്ല്യാർ എന്ന സിദ്ധന്റെ നേതൃത്വത്തിൽ എല്ലാ മതസ്ഥരും ഒരുമിച്ച് കൂടി അതാത് മതാചാര പ്രകാരം ഓരോ വഴിപാട് കഴിക്കാൻ തീർച്ചപ്പെടുത്തി. കണ്ണാടിപ്പറമ്പ് ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ ഉത്സവകാലത്ത് ഒരു പഞ്ചാരക്കലം നിടുവാട്ടുള്ള ഒരു മുസ്ലീം കാരണവർ കൊടുക്കുകയും ഗോപുരത്തിൽ പ്രവേശിക്കിവാനുള്ള അവകാശവും മറ്റ് വിവിധ ജാതികൾക്ക് പ്രത്യേകം പ്രത്യേകം അവകാ

ശങ്ങളും ആചരിച്ചു വന്നിരുന്നുവെന്നതും ഈ ഗ്രാമത്തിലെ ജാതിമത സൗഹാർദ്ധം പണ്ട് നിലനിന്നുവന്നിരുന്നു എന്നതിന്റെ വ്യക്തമായ തെളിവുകളാണ്.

പണ്ട് മുതൽക്കേ ഈ ഗ്രാമത്തിലെ ജനത ബഹുഭൂരിപക്ഷവും മതവിശ്വാസികളായതിനാൽ നാനാജാതിമതസ്ഥർക്കുള്ള ആരാധനാലയങ്ങളും നിലവിലുണ്ടായിരുന്നു. മതകീയ ആചാരങ്ങളോട് ബന്ധപ്പെട്ട ശില്പകലയും ചിത്രകലയും നാടൻ കലകളും ക്ഷേത്രകലകളായ പഞ്ച വാദ്യങ്ങളും മറുത്ത് കളിയും ദഫ്മുട്ട്, കോൽകളി പോലുള്ളവയും ഇസ്ലാമിക ശില്പകലകളും മറ്റും ഗ്രാമ പഞ്ചായത്തിന്റെ കലാപരമായ വളർച്ചയിൽ അതിന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ട് മുതൽ സവർണ്ണരിൽ ഒതുങ്ങിയ വിദ്യാഭ്യാസം അവർണ്ണരിലേക്ക് പകർന്നിരുന്നു. ആശാൻമാരും എഴുത്തച്ഛൻമാരും ഗുരുക്കൻമാരും മുല്ലമാരും ആയിരുന്നു അന്നത്തെ ഗുരുനാഥൻമാർ. പ്രശ്നം വെക്കലും ജാതകപൊരുത്തം നോക്കലും മുഹൂർത്തം നിശ്ചയിക്കലും അന്നത്തെ ഗുരുനാഥൻമാരുടെ മറ്റ് സാമൂഹ്യ പ്രവർത്തനങ്ങളായിരുന്നു. അന്നത്തെ സാമൂഹ്യ ജീവിതത്തിൽ അവർ വഹിച്ചിരുന്ന പങ്ക് വലുതായിരുന്നു. വിദ്യാഭ്യാസ സ്ഥാപനം എന്നനിലയിൽ ഈ ഗ്രാമത്തിൽ ആദ്യമായി സ്ഥാപിതമായത് ഇന്നത്തെ ദേശസേവ യു.പി. സ്കൂളായിരുന്നു. ചിറക്കൽ കോവിലകം രാജാക്കൻമാർ കടലായിത്തെരുവിൽനിന്നും നാറാത്ത് ഗ്രാമത്തിൽ കൂടിയിരുത്തിയ ശാലിയ സമുദായം പരമ്പരാഗതമായി ചെയ്യുന്ന തുണിനെയ്ത്തും പട്ടികജാതിക്കാർ ചെയ്യുന്ന പരമ്പരാഗത വ്യവസായമായ കൂട്ട, പായ, കുരിയ (പോള കൊണ്ട് ഉണ്ടാക്കുന്ന ബാഗ്) നിർമ്മാണവും തിയ്യ സമുദായക്കാരുടെ തെങ്ങുചെത്തും, ചക്കര ഉൽപാദനവും വള്ളുവ സമുദായത്തിന്റെ പരമ്പരാഗതമായ കുമ്മായ നിർമ്മാണവും മത്സ്യബന്ധനവും സംസ്കരണവും തുടങ്ങിയ വ്യവസായങ്ങളും ഈ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രത്തിൽ എടുത്തു പറയത്തക്കതാണ്. കമ്പിൽ മൈതാനിപ്പള്ളിയിലും നിട്ടുവാട്ടെ മഖാമും കണ്ണാടിപ്പറമ്പ് ശ്രീ ധർമ്മശാസ്താ ക്ഷേത്രം എന്നിവ പഞ്ചായത്തിലെ ഭക്തന്മാരുടെ തീർത്ഥാടന കേന്ദ്രമാണ്. കണ്ണാടിപ്പറമ്പ് അമ്പലത്തിലെ ഊട്ടുത്സവത്തോടനുബന്ധിച്ചുള്ള ചന്ത പണ്ട്കാലങ്ങളിൽ ഈ ഗ്രാമത്തിലെ ജനങ്ങൾക്കാവശ്യമായ ഒരു വർഷത്തേക്കുള്ള വ്യവസായിക ഉൽപന്നങ്ങൾ ചെലവാക്കുന്ന സ്ഥലമായിരുന്നു. എല്ലാ ജാതി മതസ്ഥരും ഈ ചന്തയിലെ ഉപഭോക്താക്കളായിരുന്നു.

കാട്ടാമ്പള്ളി പദ്ധതി കമ്മീഷൻ ചെയ്യുന്നത് കണ്ണൂർ പട്ടണവുമായി ബന്ധപ്പെട്ടിരുന്നത് തോണി, ബോട്ട് എന്നീ ജലഗതാഗത മാർഗ്ഗങ്ങളിലൂടെയായിരുന്നു. കാട്ടാമ്പള്ളി ഇക്കരെ മുതൽ കൊളോളംവരെയുള്ള റോഡ് നണിയൂർ ബസാർ മുതൽ കൊളച്ചേരി പഞ്ചായത്തിലെ ചേലേരി മുക്ക് വരെ എത്തുകയുണ്ടായി അവിടെനിന്നും പുല്ലൂപ്പിക്കടവ് വരെ പഞ്ചായത്ത് റോഡിലെ പ്രവർത്തി ശ്രീ.പി.കേശവൻമാസ്റ്ററുടെ നേതൃത്വത്തിൽ നടത്തുന്നതുവരെ കാളവണ്ടികൾ കടവുവരെ പോയിരുന്ന ഒരു ചെറിയ റോഡ് പുല്ലൂപ്പിയിൽ കൂടി ഉണ്ടായിരുന്നു. കണ്ണൂരിലേക്ക് കരവഴി എത്തിയിരുന്നത്. കൊളോളം വഴിയായിരുന്നു. കാട്ടാമ്പള്ളി വഴി കണ്ണൂരിലേക്ക് പോയിരുന്നത്. നിടുവാട്ട് കെട്ടിയ മരത്തിന്റെ പാലവും മഞ്ചപ്പാലവും വഴിയായിരുന്നു. ഇന്നത്തെ മുണ്ടേരിക്കടവ് സ്റ്റെപ്പ് റോഡിന് അടുത്തായി കാണുന്ന മരപ്പാലത്തിന്റെ തൂണിന്റെ അവശിഷ്ടം പ്രസ്തുത തോടിന് ഉണ്ടായിരുന്ന മൂന്നാമത്തെ പാലത്തിന്റെതായിരുന്നു. 1970ന് ശേഷമാണ് വൈദ്യുതി നാറാത്ത് പഞ്ചായത്തിൽ വ്യാപകമായത്. മതപരവും ജാതീയവുമായ സൗഹാർദ്ദത്തിന്റെ ദീപശിഖ ഉയർത്തിപ്പിടിച്ച് സ്വാതന്ത്ര്യ സമരങ്ങളുടെ തീഷ്ണതയിൽകൂടി കടന്ന വന്ന് എല്ലാവിധ സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകി സമത്വത്തിന്റെ പ്രതീകമായി നമ്മുടെ ഗ്രാമം മുന്നോട്ട് ഗമിച്ചു കൊണ്ടിരിക്കുന്നു.

ഭൂപ്രകൃതി



നാറാത്ത് ഗ്രാമപഞ്ചായത്ത് വടക്കു കിഴക്ക് നിന്ന് തെക്ക് പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്ന പീഠഭൂമി സമതലങ്ങളും കുന്നുകളും ഇടയിൽ വയലുകളും വിശാലമായ തീരസമതലങ്ങളും നിറഞ്ഞ പ്രദേശമാണ്. കുത്തനെയുള്ള ചരിവുകളും ചരിഞ്ഞ ചരിവുകളും നിറഞ്ഞ പ്രദേശമാണ്. വടക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഉള്ള വളപട്ടണം പുഴയും തെക്ക് കൊളച്ചേരി പഞ്ചായത്ത് അതിർത്തി വരെ നിണ്ടുകിടക്കുന്ന കാട്ടാമ്പള്ളി പുഴയും നാറാത്ത് ഗ്രാമപഞ്ചായത്തിനെ ഒരു ഉപദ്വീപാക്കിമാറ്റുന്നു. തെക്കുകിഴക്ക്ഭാഗം കൊളച്ചേരി ഗ്രാമപഞ്ചായത്ത് അതിരായി ക്കിടക്കുന്നു. ചിറക്കൽ, പുഴാതി, എളയാവൂർ, പാപ്പിനിശ്ശേരി, ആന്തൂർ, കൊളച്ചേരി എന്നി ഗ്രാമപഞ്ചായത്തുകൾ സമീപപ്രദേശങ്ങളാണ്.

12കി.മി. നീളം പഞ്ചായത്തിന്റെ പുഴയോര ഭാഗത്തിനുണ്ട്. കണ്ണാടിപ്പറമ്പ് വില്ലേജിന്റെ കിഴക്കേ അതിർത്തി മുതൽ നിടുവാട്ട് വരെയും നാറാത്ത് വില്ലേജിലെ കനിൽ മുതൽ നാറാത്ത് മുസ്ലീം മന വരെയും പീഠഭൂമി സമതലമാണ്. കഡിൽ മുതൽ മടത്തിൽ കൊവ്വൽ വരെയുള്ള പുഴയോര സമതലം. നാറാത്ത് പഞ്ചായത്തിൽ ഏറ്റവും വീതി കുറഞ്ഞ സമതലമാണ്. പട്ടികജാതിയുടെ വഴിനടക്കൽ സമരം നടന്നത് കണ്ണാടിപ്പറമ്പിലെ ശാവിയ തെരുവിലാണ്. കണ്ണാടിപ്പറമ്പ് ക്ഷേത്രവും വള്ളിപടർപ്പും സ്ഥിതിചെയ്യുന്നത് കണ്ണാടി പ്പറമ്പ് പീഠസമതലത്തിലും ചൈതന്യപ്പള്ളിയും കാവും കുറ്റിക്കാടുകളുംകമ്പിൽ പീഠസമതല ത്തിലും സ്ഥിതിചെയ്യുന്നു.

പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ ങ്ങനെ തരംതിരിക്കാം

1. കാട്ടാമ്പള്ളിപ്പുഴയോടും ശാഖാതോടു കളും ചേർന്ന് നിൽക്കുന്ന ചതുപ്പുനിലം (നകൽ – കളിമണ്ണ്)

2. കാട്ടാമ്പള്ളി വളപട്ടണം പുഴയോട് ചേർന്ന് നിൽക്കുന്ന പുഴയോര സമതലം. (മണൽ – എക്കൽമണ്ണ്)

3. ഇരുപ്പു വിളയെടുക്കുന്ന വയൽ പ്രദേശം (ഏക്കൽമണ്ണ്)

4. ചെമ്മണ്ണ് ഉള്ള ഇടത്തരം ചരിവുകൾ

5. ചെങ്കൽപാറകളുള്ള ചരിവുകൾ

6. വെട്ട് കല്ലുകളും ചെമ്മണ്ണും നിറഞ്ഞ മേൽത്തട്ട്.

കുന്നുകളുടെ ഉയരം പട്ടിക

മൈതാനിപ്പള്ളിക്കുന്ന്	–	60 മീ.
മീൻക്കടവ് കുന്ന്	–	40 മീ.
കോട്ടാഞ്ചേരിക്കുന്ന്	–	40 മീ.
കൊട്ടിച്ചാലിൽ കുന്ന്	–	60 മീ.
മാലോട്ട് കുന്ന്	–	40 മീ.
നേങ്ങലേരിമൊട്ട	–	60 മീ.
ഉച്ചുളിക്കുന്ന്	–	40 മീ.
പാറപ്പുറം	–	40 മീ.
കൊക്കട്ടക്കുന്ന്	–	40 മീ.
മുണ്ടയാട് മൊട്ട	–	40 മീ.

സസ്യസമ്പത്ത്

വടക്കൻ ഇടനാട് കാർഷിക കാലാവസ്ഥാ പ്രദേശമായ നാറാത്ത് ഗ്രാമപഞ്ചായത്തിൽ നെല്ല്, തെങ്ങ്, കവുങ്ങ്, പയർവർഗ്ഗങ്ങൾ, കുരുമുളക്, കശുമാവ്, മാവ്, വാഴ, പച്ചക്കറി എന്നിവയാണ് പ്രധാന കൃഷി. നെല്ലാണ് മുഖ്യ ഇനം.

1966ന് ശേഷം കൃഷിഭൂമി വളരെയധികം കുറഞ്ഞിട്ടുണ്ട്. ഏകദേശം 900 ഏക്കറോളം ചതുപ്പുനിലം മുമ്പ് കൃഷി ചെയ്തിരുന്നുവെങ്കിലും ഇന്ന് അതിൽനിന്നും 652 ഏക്കറോളം തരിശായിട്ടിരിക്കുകയാണ്. ഇത് കാട്ടാമ്പള്ളി പദ്ധതിയുടെ അപാകത കൊണ്ടാണ്.



5 വർഷത്തെ മഴയുടെ വിവരങ്ങൾ

വർഷം	ജന	ഫിബ്ര	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സപ്ത	ഒക്ടോ	നവം	ഡിസം	ആകെ
1991				-	128	803	1418	613	69	384	64	190	3732
1992				15	114	914	1347	409	168	473	102	98	3647
1993				7	131	1094	1201	396	173	502	180	20	3704
1994				18	89	869	1248	514	47	308	201	278	3573
1995				10	198	393	1145	494	62	397	169	41	3409

മഴയുടെ ലഭ്യത മില്ലീ മീറ്ററിൽ

മഴ	ജനുവരി	ഫിബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ	വാർഷിക വർഷപാതം
പഞ്ചായത്തിൽ	4	4	8	64	244	891	1085	570	249	226	99	23	3467
സംസ്ഥാന ശരാശരി	14	17	39	112	256	619	760	433	247	288	163	42	3062

താപനില

താപം	താഴ്ന്ന താപനില	ഉയർന്ന താപനില
ജനുവരി	22.0	32.9
ഫിബ്രവരി	22.9	33.8
മാർച്ച്	24.7	34.1
ഏപ്രിൽ	25.2	33.3
മെയ്	25.6	32.9
ജൂൺ	23.4	28.7
ജൂലായ്	22.7	28.1
ആഗസ്റ്റ്	23.1	29.3
സപ്തബർ	23.3	31.1
ഒക്ടോബർ	23.3	31.4
നവംബർ	23.6	32.2
ഡിസംബർ	21.4	33.2

കൃഷിയും ജലസേചനവും



വളപട്ടണം, കാട്ടാമ്പള്ളി പുഴകളാൽ ചുറ്റപ്പെട്ട നാറാത്ത് ഗ്രാമപഞ്ചായത്ത് പ്രദേശം പണ്ടുമുതൽ ഒരു കാർഷിക ഗ്രാമമായിരുന്നു. വയലുകളിലും ചതപ്പുനിലങ്ങളിലും ഒരുപൂ, ഇരുപൂ നെൽകൃഷികളും, പുഴയോരങ്ങളിലും, ചരിവുകളിലും, പീഠസമതലങ്ങളിലും തെങ്ങുകളും, വയലുകളിൽ തന്നെ പയർ, പച്ചക്കറി കൃഷികളും, കുന്നിൻ ചെരിവുകളിലും, കുന്നുകളിലും, താഴ്വരകളിലും കവുങ്ങ്, വാഴ, മാവ്, പ്ലാവ്, പുളി, കുരുമുളക്, ചേന,ചേമ്പ്, മുളക്, മുതിര, എള്ള് എന്നിവയും കൃഷിചെയ്ത് വന്നിരുന്നു.

പഴയ കാലത്ത് കൃഷിക്കാർക്ക് കേരളത്തിലേ മറ്റുസ്ഥലങ്ങളിലെ പോലെ കൃഷിഭൂമി സ്വന്തമായി ഉണ്ടായിരുന്നില്ല. നാറാത്ത് ദേവസ്വം, കണ്ണാടിപ്പറമ്പ് ദേവസ്വം, അറക്കൽ, ചിറക്കൽ കോവിലകങ്ങൾ, കളരിവാതുക്കൽ ദേവസ്വം, അറക്കൽ പണ്ടാരം എന്നിവ വക ജന്മങ്ങളായിരുന്നു. യഥാർത്ഥ കൃഷിക്കാർ പാട്ടം, വാരം,ചാർത്ത് ഇവ മുഖേന കൃഷിചെയ്യുന്നവരും. ജന്മിമാരുടെയും, കാര്യസ്ഥന്മാരുടെയും ഇച്ഛക്കനുസരിച്ച് കൃഷി സ്ഥലം മാറിമാറി നൽകപ്പെടുന്നതിനാൽ കൃഷിക്കാരന് സ്ഥിരമായി കൃഷിചെയ്യുവാനുള്ള സൗകര്യം ലഭിച്ചിരുന്നില്ല. "മേൽ ചാർത്തവകാശം" എടുത്ത് കളഞ്ഞും, കുടിയായ്മയ്ക്ക് പ്രാബല്യം നൽകിക്കൊണ്ടു മുള്ള 1929ലെ മലബാർ കുടിയായ്മ നിയമത്തോടുകൂടിയാണ് അല്പമെങ്കിലും അവകാശം കൃഷിക്കാരന് കൈവന്നത്. എങ്കിലും അന്ന് കൃഷിക്കാർ എല്ലാ പ്രവൃത്തികളിലും പരസ്പരം സഹകരിച്ചിരുന്നു. ജലസേചനത്തിനുള്ള കുളങ്ങൾ കുഴിക്കുവാനും ചാലുകൾ കീറുവാനും ഡാവ്, എത്തം ഇവ ഉപയോഗിച്ച് വെള്ളം നനയ്ക്കുവാനും വെള്ളപ്പൊക്കത്തിനു ശേഷം നശിക്കുന്നവ വീണ്ടും നടുവാനും കൃഷിക്കാർ അന്യോന്യം സഹകരിച്ചിരുന്നു. അന്നത്തെ ജലസേചനം വെള്ളം കെട്ടി കുടുക്കിയും, തോടുകളിൽ തടയണയിട്ടും, കുളങ്ങൾ മുഖേനയുമായിരുന്നു. പച്ചിലവളം, വെണ്ണീർ, ചാണകം എന്നിവ യായിരുന്നു അന്നത്തെ വളപ്രയോഗം.അന്ന് വേണ്ടുവോളം

കാർഷിക തൊഴിലാളികൾ ഉണ്ടായിരുന്നു. എന്നത് കൂടാതെ തൊഴിലാളി കൾ ആത്മാർത്ഥമായി സ്വന്തം കൃഷി എന്നനിലയിൽ ജോലിചെയ്യുകയും ചെയ്തി രുന്നു. കാളകൾ ഉഴുതും, തൊഴിലാളികൾ കിളച്ചുമായിരുന്നു കൃഷിയിടങ്ങൾ ഒരുക്കി യിരുന്നത്.

കേരളത്തിലെ കാർഷിക കാലാവസ്ഥ പ്രദേശങ്ങളെ 13 ആയി തരംതിരിച്ചതിൽ അഞ്ചാമത്തെ മേഖലയായ വടക്കൻ ഇടനാട് മേഖലയിൽ പെടുന്ന തളിപ്പറമ്പ് ബ്ലോക്ക് പ്രദേശത്താണ് നാറാത്ത് ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. മഴയെ ആശ്രയിച്ച് കൃഷിചെയ്യുന്ന ഇവിടുത്തെ വയലുകളിൽ ചിലത് അധികം നീരുറവ ഇല്ലാത്തവയും ചിലവ ഇരിപ്പു വിളക്ക് അനുയോജ്യമായ നീരിറക്കം ഉള്ളവയുമാണ്. മഴക്കാലത്തെ വെള്ളപ്പൊക്കവും, മഴയില്ലാത്ത പ്പോൾ വരൾച്ചയും ഈ രണ്ട് വിഭാഗ വയലുകളെയും പിടികൂടുമെന്നതിനാൽ പണ്ടത്തെ കർഷകർ സാധാരണ വയലുകളിൽ കഴമ, തവളക്കണ്ണൻ, കുഞ്ഞിനെല്ല്, ഓക്കക്കുത്തി നെല്ല്, വെള്ളരി, നവര തുടങ്ങിയവയും, ഓർ കയറുന്ന് കൈപ്പാട് പ്രദേശങ്ങളിൽ ഓർക്കഴമ, കുതിര, ഓടഛൻ എന്നിവയുമാണ് കൃഷിചെയ്ത് വന്നിരുന്നത്. ആദ്യാകാലങ്ങളിൽ എറ്റവും ചിലവ്കുറഞ്ഞതും ഏക്കറിന് 14 ക്വിന്റലോളം ഉൽപാദനം കിട്ടിയിരുന്നതും കൈപ്പാട് നിലങ്ങളിലെ ഓർക്കഴമയും, ഓക്കയുള്ള ഓടഛൻ വിത്തുകളുമായിരുന്നു. അന്ന് കീടബാധ കുറവായിരുന്നു. ഇന്ന് വയലുകളിൽ ജ്യോതി, ജയ, മസൂരി, ത്രീവേണി മുതലായവ പോലെ അത്യുൽപാദന ശേഷിയുള്ള വിത്തുകളും കൈപ്പാട് നിലങ്ങളിൽ ഏകദേശം 50 ഏക്കറോളം മുണ്ടകനും കൃഷിചെയ്ത് വരുന്നു. കാട്ടാമ്പള്ളി പദ്ധതിക്കുശേഷം കൈപ്പാട് നിലങ്ങളിൽ 95% വും തരിശായിക്കിടക്കുകയാണ്. മുൻകാലത്തെ കൃഷിക്കാർക്ക് നൂറുമേനി വിളയിച്ചാലും ജന്മിമാരുടെ നീരാളിപ്പിടുത്തം മൂലം കുറഞ്ഞ ലാഭമെ കിട്ടിയിരുന്നുള്ളു. പാട്ടഛ്കോടതി, ലാന്റ് ട്രബ്യൂണൽ 1969ലെ കാർഷിക പരിഷ്കരണ നിയമം ഇവയോടുകൂടി കൃഷിക്കാർക്ക് ആശ്വാസം ലഭിക്കുകയും കൈവശക്കാരന് അവകാശം കിട്ടുകയും ചെയ്തു. തൊഴിലാളി കളുടെ ദൗർലഭ്യവും, കൃഷിഭൂമിയുടെ തുണ്ടുവൽ ക്കരണവും, വളം, കൂലി ഇവയിലുണ്ടായ വർദ്ധനവിനനുസരിച്ച് നെല്ലിന് വില ലഭ്യമല്ലാത്തതും, കാട്ടാമ്പള്ളി പദ്ധതിയുടെ അകത്ത് മണ്ണ് സിമന്റ് പോലെ ഉറച്ചുപോയ തിനാൽ കൃഷിക്ക് ഉപയോഗമല്ലാത്തതും, ഈ പഞ്ചായത്തിൽ കൃഷികുറയുന്നതിന്നും ഭൂമി തരിശിടുന്നതിന്നും ഇടയാക്കിയിട്ടുണ്ട്.

ഭൂ ഉടമസ്ഥരുടെ എണ്ണം – പട്ടിക –1

1-10 സെന്റ്	10 -25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനു മേൽ	ആകെ
1187	822	681	421	275	97	14	3497

പട്ടിക -a

	വിസ്തീർണ്ണം (എക്കറിൽ)	വിസ്തീർണ്ണം (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	765.70	310.
നെല്ല് (രണ്ടാം വിള)	405.08	164
തെങ്ങ്	1482.00	600
പയർ	555.75	225
എള്ള്	14.82	6
പച്ചക്കറികൾ	49.40	20
വാഴ	74.10	30
മരച്ചീനി	12.35	5
പ്ലാവ്	24.70	10
കുരുമുളക്	29.64	12
കശുമാവ്	12.35	5
കവുങ്ങ്	37.05	15
മാവ്	19.76	8
ആകെ കൃഷി സ്ഥലം .	3482.70	1410

വിള നിലവാരം

പട്ടിക – 3 (അവലംബം കൃഷിഭവൻ)

വിള	വിസ്തീർണ്ണം (ഹെക്ടർ)	മൊത്ത ഉൽപാദനം (ടൺ)	ഉദ്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	310	929	2995 കി/ഹെ
നെല്ല് (രണ്ടാം വിള)	164	452	2754 കി/ഹെ
നെല്ല് (മൂന്നാം വിള)	ഇല്ല	-	
പയർ	225	90	400 കി
എള്ള്	6	1.200	200 കി
പച്ചക്കറികൾ	20	140	7000 കി
തെങ്ങ്	600	48 ലക്ഷം തേങ്ങ	8000 തേങ്ങ
വാഴ	30	600	20 ടൺ
മരച്ചീനി	5	937	18.750 ടൺ
കുരുമുളക്	12	5	400 കി
പ്ലാവ്	10	30	15 എണ്ണം 1 പ്ലാവ്
മാവ്	8	64	8 ടൺ
കവുങ്ങ്	15	45 ലക്ഷം	300 എണ്ണം 1 കവുങ്ങ്

ഈ ഗ്രാമ പഞ്ചായത്ത് 1724 ഹെക്ടർ വിസ്തൃതി ഉണ്ട്. മുൻകാലങ്ങളിൽ ഇതിൽ 47% നെൽകൃഷിയുണ്ടായിരുന്നെങ്കിലും 1970ന് ശേഷം നെൽകൃഷി 27% വും തരിശ് 20% തെങ്ങ് 34%വും കഴിച്ച് മിശ്രിത കൃഷിയും, പാറകളും അടങ്ങുന്ന 19% ഭൂമിയും ഉണ്ട്. ഈ 19% ത്തിൽ അല്പം യാതൊരു കൃഷിക്കും തീരെ ഉപയോഗമല്ലാത്ത ഭൂമിയും ഉൾപ്പെടുന്നു.

മണ്ണിന്റെ സ്ഥിതി താഴെ പറയുന്നവയാണ്.

പട്ടിക

1. ചെങ്കൽമണ്ണ്	–	40%
2. എക്കൽമണ്ണ്	–	30%
3. കളിമൺ(ചതുപ്പുനിലം)	–	20%
4. മണൽ	–	10%

കേരളത്തിലെ ആളോഹരി ഭൂലഭ്യത 0.13 ആണെങ്കിലും നാറാത്ത് ഗ്രാമപഞ്ചായത്തിൽ 0.7 മാത്രമാണ്. ഇത് ദേശീയ ഭൂലഭ്യതയുടെ 15% മാത്രമെ വരുന്നുള്ളൂ. എന്നിരുന്നാലും വയൽനികത്തി വിടുകളുണ്ടാക്കുന്നതിൽ ഒരളവോളം പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടില്ല എന്നത് അഭിമാനകരവും ഭൂമിയുടെ വില ക്രമാതീതമായി കുതിച്ചു കയറുന്നത് ഒരു ദുഃഖ സത്യവുമാണ്. ഭൂലഭ്യതയുടെ കുറവുകൊണ്ട് തന്നെ സ്വന്തമായി കിടപ്പാടത്തിന് ആഗ്രഹിക്കുന്നവരുടെ സ്വപ്നം പൂവണിയാത്ത സ്ഥിതി ധാരാളം ഉണ്ട്. നാണ്യവിളകൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും ധാന്യവിളകൾ പണ്ടത്തെ അപേക്ഷിച്ച് കുറയുകയാണ് ചെയ്തത്.

കാട്ടാമ്പള്ളി പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് മുമ്പും തൊട്ടടുത്തും സർക്കാരിലേക്ക് നെല്ല് ലെവി കൊടുക്കുകയും 30% ത്തിൽ അധികം കൃഷിക്കാരുടെ റേഷൻകാർഡ് കൊല്ലം മുഴുവനും തടയുകയും ചെയ്തിരുന്നു. കൂടാതെ നെല്ല് കുത്ത് ഏജൻസികൾക്കും അവിൽ ഇടിക്കുന്നവർക്കും സഹകാര്യമേഖലയിൽ ധാരാളം നെല്ല് വിറ്റഴിക്ക പ്പെടുകയും ചെയ്തിരുന്നു. പദ്ധതിക്കുശേഷം നെല്ലുൽപാദനത്തിന്റെ കുറവ് കാരണം പൊതുമേഖലയിലും സഹകാര്യ മേഖലയിലും നെല്ല് കച്ചവടം ചെയ്യപ്പെടാത്തത് കൊണ്ട് മാർക്കറ്റിംഗിന്റെ പ്രശ്നം ഉൽഭവിക്കുന്നില്ല.

തെങ്ങ്

മറ്റൊരു മുഖ്യ വിളയായ തെങ്ങ് നാറാത്ത് ഗ്രാമപഞ്ചായത്തിൽ എല്ലാ ഭൂതലങ്ങളിലും കാണാം പാരമ്പര്യമനുസരിച്ച് കൃഷി ചെയ്തുവരുന്ന തെങ്ങിൽനിന്ന് തേങ്ങയും കള്ളും ഉൽപാദിപ്പിച്ചിരുന്നു. ചിരട്ട, ചകിരി, ഓല പോലെയുള്ളവ ഊർജ്ജത്തിനുപയോഗിക്കുന്നു. മുൻകാലങ്ങളിൽ 5% ത്തിൽ കുറഞ്ഞ വിസ്തൃതിയിൽ കൃഷിചെയ്തിരുന്ന തെങ്ങ് ഇന്ന് ഏകദേശം 34% ത്തോളം സ്ഥലം കൈയ്യടക്കിയിട്ടുണ്ട്. ജൈവവളങ്ങളിൽനിന്ന് രാസപ്രയോഗത്തിലേക്കും വീണ്ടും ജൈവവള പ്രയോഗത്തിലേക്കും കൃഷിക്കാർ മാറിക്കൊണ്ടിരിക്കുന്നു.കൃഷി ശാസ്ത്രീയമല്ലാത്തതിനാൽ ഉൽപാദന ക്ഷമത കുറവാണ്. വളം ചേർക്കുന്നതിനും തെങ്ങ് കയറ്റത്തിനുമുള്ള തൊഴിലാളികളുടെ ക്ഷാമം വളരെ രൂക്ഷമാണ്. പണ്ടുകാലത്ത് ഉണ്ടറുതി പാട്ടവും, വർഷത്തോറുമുള്ള പാട്ടവും, മുഖേന സഹകാര്യമേഖലയിൽ നടത്തപ്പെട്ടിരുന്ന കച്ചവടം ഇന്ന് കൃഷിക്കാർ തന്നെ കൊപ്രയാക്കി മില്ലുകളിലേക്ക് വില്പന നടത്തുന്നു. അതിനാൽ മാർക്കറ്റിംഗ് ഈ കൃഷിയെ ബാധിക്കുന്നില്ല.

കുരുമുളക്

40 കൊല്ലങ്ങൾക്കുമുമ്പ് നാറാത്ത് ഗ്രാമപഞ്ചായത്തിലെ മുഖ്യമായ ഒരു വിളയായിരുന്നു കുരുമുളക്. മാർക്കറ്റിലെ അസ്ഥിരതയും വൻ മരങ്ങളും പാഴ്മരങ്ങളും മരവ്യവസായ ങ്ങളുടെ അസംസ്കൃത വസ്തു എന്ന നിലയിൽ നശിപ്പിക്കപ്പെട്ടതും വ്യാപകമായ പൊള്ള് രോഗവും കുരുമുളക് പറിക്കുന്ന തൊഴിലാളി കളുടെ ക്ഷാമവും കാരണം ഇന്ന്

ഇത് നാമമാത്രമായ കൃഷിയായി മാറിയിരിക്കുകയാണ്.

ഇടവിളകൾ എന്നനിലയിൽ വാഴയും പച്ചക്കറികൃഷിയും കൃഷിചെയ്യപ്പെടുന്നു. മറ്റൊരു നാണ്യവിളയായ കവുങ്ങ് വയലോരങ്ങളിലും താഴ്വാരകളിലും ഏകദേശം 35 ഓളം ഏക്രയിൽ കൃഷി ചെയ്തുവരുന്നു ഇത് പോലെ കശുമാവ് തോട്ടങ്ങളായി കൃഷിചെയ്യപ്പടുന്നില്ല. പുരയിടങ്ങളിലും കുന്നിൻ ചരിവുകളിലും അവിടവിടെയായി കൃഷിചെയ്യപ്പെടുന്ന കശുമാവ് പഞ്ചായത്തിൽ ഏകദേശം 10 ഏക്കറോളം ഉണ്ടാകും.

ജലസേചനം

മൺസൂണിനെ ആശ്രയിച്ചാണ് പ്രധാനമായും നമ്മുടെ പഞ്ചായത്തിൽ കൃഷിചെയ്തു വരുന്നത്. പരിമിതമായ ജലസേചന സൗകര്യമേ പഞ്ചായത്തിലുള്ളൂ. വളപട്ടണം പുഴയിൽ പതിക്കുന്ന നവംബർ മാസം വരെ ഉറവയുള്ള ഒരു തോടും മഴക്കാലത്ത് മാത്രം ഉറവയുള്ള രണ്ട് തോടുകളും, കാട്ടാമ്പള്ളി പുഴയിൽ പതിക്കുന്ന 14 തോടുകളും അടക്കം 93 എക്കറോളം വിസ്തൃതിയിൽ 17 തോടുകൾ ഉണ്ട്. അവയിൽ ഭൂരിപക്ഷവും മുമ്പും ഇപ്പോഴും കടൽ വെള്ളം കയറുന്നവയാണ്. ഇവയിൽ ചില തോടുകൾമാത്രമെ രണ്ടാം വിളക്ക് ഉപകരിക്കുന്നതായുള്ളൂ. അവകളിൽ ക്രോസ്ബാർ ഇട്ട് കൃഷിക്ക് ഉപയുക്തമാക്കാം. ചിലവ അങ്ങിനെ ഉപയുക്തമാക്കിയിട്ടുണ്ട്.

പട്ടിക – 4

വർഷം	ജന	ഫിബ്ര	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സപ്ത	ഒക്ടോ	നവം	ഡിസം	ആകെ
1991				-	128	803	1418	613	69	384	64	190	3732
1992				15	114	914	1347	409	168	473	102	98	3647
1993				7	131	1094	1201	396	173	502	180	20	3704
1994				18	89	869	1248	514	47	308	201	278	3573
1995				10	198	393	1145	494	62	397	169	41	3409

തോടുകൾ

1. പയ്യിലോട്ട് ഓട്ടു കമ്പനി തോട്
2. കുറ്റ്യാൻ തോട്
3. മുണ്ടോൻ വയൽ ആലിൻകീഴിൽ തോട്
4. ചോയിച്ചേരി തോട്
5. എടക്കൈ തോട്
6. മുണ്ടോൻവയൽ മുതൽ കാട്ടാമ്പള്ളി വരെയുള്ള തോട്
7. കാക്കത്തോട്
8. കാഞ്ഞിരപ്പൊയിൽ തോട്
9. കണ്ടറവയൽ തോട്
10. മാതോടം വയപ്രം തോട്
11. മാവിലായി തോട്
12. പുല്ലൂപ്പി വയൽ തോട്
13. ചെറിയ ചാത്തങ്കിൽ തോട്
14. പള്ളേരി വയൽ തോട്
15. പടുവടം വയൽ തോട്
16. മൂലയിൽ താഴെ തോട്

പഞ്ചായത്തിൽ കുഴൽകിണറുകളും കിണറുകളും പൊതുവായുണ്ടെങ്കിലും ഇവ കൃഷിക്ക് ഉപയോഗിക്കുന്നില്ല. കുടിവെള്ളത്തിന് മാത്രമാണ് ഇവ ഉപയോഗിക്കുന്നത്. ഒന്നോ രണ്ടോ വലിയ കുളങ്ങൾ ഒഴിച്ച് മറ്റ് പഞ്ചായത്തിന്റെയും സ്വകാര്യ മേഖലകളുടെയും കുളങ്ങളൊന്നും കൃഷിക്ക് ഉപയോഗപ്പെടുന്നില്ല. മാലോട്ട് കാക്കത്തോട് ആഴംകൂട്ടുന്ന ഒരു പ്രവൃത്തി മാത്രമെ പഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ളൂ.

മണ്ണ് ജലസംരക്ഷണം.

50 വർഷങ്ങൾക്കുമുമ്പുള്ള അവസ്ഥയെ അപേക്ഷിച്ച് മഴയുടെ കുറവും കുന്നിൻ പ്രദേശങ്ങളെ തട്ടുകളായി തിരിച്ചതും പദ്ധതി പ്രദേശങ്ങളിൽ ഒഴിക്കില്ലാത്തതും മണ്ണൊലിപ്പ് തടയുന്നതിന് കാരണമായിട്ടുണ്ട്. എങ്കിലും വളപട്ടണം പുഴയുടെ ഓരങ്ങളിൽ ചിലസ്ഥലങ്ങളിൽ മണ്ണൊലിപ്പ് ഇപ്പോഴും ഉണ്ട്. കണ്ടൽ കാടുകളും മറ്റുവൃക്ഷങ്ങളും വച്ച് പിടിപ്പിക്കുകയും പുഴയോരങ്ങൾ കരിങ്കൽ ഭിത്തി കെട്ടി തടയുകയും ചെയ്തുമണ്ണൊലിപ്പ് ഒഴിവാക്കാം. മാതോട ത്തുള്ള തെങ്ങിന്റെ രണ്ട് സ്വകാര്യ നഴ്സറികൾ മാത്രമാണ് ഈ പഞ്ചായ്ത്തിൽ നടിൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നത്. മറ്റ് ചില നടീൽ വസ്തുക്കൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യപ്പെടുന്നുണ്ടെങ്കിലും കൃഷിക്കാർക്ക് അത്കൊണ്ട് വലിയ ഗുണമൊന്നും ലഭിക്കുന്നില്ല.

വളം ഉപഭോഗം

പച്ചില വളങ്ങൾ ശേഖരിക്കാൻ പ്രയാസം നേരിടുന്നു. മറ്റു ജൈവവളങ്ങൾ ആവശ്യാനുസരണം കിട്ടുന്നില്ല. ഉള്ളവയ്ക്കാണെങ്കിൽ ഭീമമായ വിലയും ആയതിനാൽ രാസവള പ്രയോഗം വർദ്ധിച്ചുവരുന്നു. നാറാത്ത്, കണ്ണാടിപ്പറമ്പ് സഹകരണസ്ഥാപനങ്ങൾ മുഖേനയാണ് ഇവിടെ വളം വിതരണം ചെയ്യപ്പെടുന്നത്. അവ വേണ്ടത്ര ലഭ്യമല്ലാത്ത സമയത്ത് പുതിയതെരു, കമ്പിൽ മുതലായ സ്ഥലങ്ങളിൽനിന്നും വളം വാങ്ങേണ്ടിവരുന്നു.

വർഷം	രാസവളം (മെട്രിക് ടൺ)
1993-94	48 M.T
1994-95	46M.T
1995-96	35 M.T

കാർഷിക രോഗങ്ങൾ

മുൻകാലങ്ങളിൽ കാർഷികരോഗങ്ങൾ തുലോം കുറവായിരുന്നു. രാസവളപ്രയോഗത്തിന്റെ ആധിക്യവും കീടങ്ങളെ ഭക്ഷ്യവസ്തുക്കളാക്കുന്ന തവളകൾ പോലെയുള്ളവയുടെ അഭാവവും ഇന്ന് കാർഷികരോഗങ്ങളുടെ വർദ്ധനവിന് കാരണമായി എന്ന് പ്രായമുള്ള കൃഷിക്കാർ അഭിപ്രായപ്പെടുന്നു. നെല്ലിന് പുഴുബാധയും ചാഴിയും വണ്ടും തെങ്ങിന് കൂമ്പു ചീയ്യൽ , കൊമ്പൻചെല്ലി, കറചാടൽ, ഓല ചുരുട്ടിപുഴു, മഞ്ഞളിപ്പ്, എലിശല്യം, കവുങ്ങിന് മഹാളി, മാവുകൾക്ക് പൂവുകരിയൽ എന്നിവ വ്യാപകമായി കണ്ടുവരുന്നു. ഇവയിൽ നെൽകൃഷിക്ക് വ്യാപകമായി കീടനാശിനി ഉപയോഗിക്കുന്നുണ്ടെങ്കിലും മറ്റുകൃഷികൾക്ക് കീടനാശിനി ഉപയോഗിക്കപ്പെടുന്നില്ല.

കൃഷിഭവൻ

നാറാത്ത് ഗ്രാമപഞ്ചായത്തിൽ വടക്ക് കിഴക്ക് ഭാഗത്ത് കൊളച്ചേരി ഗ്രാമപഞ്ചായത്തിന് അടുത്ത് പാബുരുത്തി കടവ് റോഡിന് സമീപമായി കൃഷിഭവൻ ഓഫീസ് സ്ഥിതിചെയ്യുന്നു. ഓഫീസിന്റെ കിടപ്പ് തന്നെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ജീവനക്കാരുടെ പൂർണ്ണമായ സേവനം എത്തുകയില്ല. എന്ന് വിളിച്ചറിയിക്കുന്നു. കൃഷിഭവന്റെ കീഴിൽ 5 പാടശേഖര സമിതികളും കേര വികസന സമിതിയും ഒരു കുരുമുളക് വികസന സമിതിയും പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ ആശാവഹമായി പുരോഗമിക്കേണ്ടതുണ്ട്. പണ്ട് വാർഡുകൾ തോറും കേരകർഷക സമിതികൾ ഉണ്ടായിരുന്നു. പാടശേഖര സമിതികളുടെയും മറ്റ് കൃഷിസമിതികളുടെയും പ്രവർത്തനങ്ങൾ വാഴ,കവുങ്ങ്, പച്ചക്കറികൾ പോലെയുള്ള മറ്റുകൃഷികളിലും വ്യാപിക്കേണ്ടതുണ്ട്.

സമിതികളുടെ വിവരം

1. പെരുന്തുരുത്തി പാടശേഖര സമിതി
2. ചോയിച്ചേരി പാടശേഖര സമിതി
3. വെണ്ടോട്ട് പാടശേഖര സമിതി
4. മാതോടം പാടശേഖര സമിതി
5. മാലോട്ട് – പള്ളേരി പാടശേഖര സമിതി
6. കേര വികസന സമിതി
7. കുരുമുളക് വികസമ സമിതി.

കൃഷിഭവൻ മുഖേന താഴെ പറയുന്ന കാർഷികോപകരണങ്ങൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്.

ടില്ലർ –4, നാടൻ കലപ്പ – 3 റോക്സ്പെയർ – 17

നാപ്സ്റ്റോക്ക്പ്രയർ – 30 മെതിയന്ത്രം – 1

പോർട്ടബിൾ പമ്പ് സെറ്റ് – 21

കൂലിനിരക്ക്

കർഷക തൊഴിലാളികൾക്ക് ഒര് ഏകികരിച്ച കൂലി നിരക്ക് ഈ പഞ്ചായത്തിലില്ല. ആവശ്യത്തിന് കർഷക തൊഴിലാളികളെ ലഭിക്കാത്തത് ഒരു വലിയ പ്രശ്നമാണ്.

ശരാശരി കൂലിനിരക്ക്

തൊഴിൽ	ജോലി സമയം (മണിക്കൂറിൽ)	ശരാശരി കൂലി നിരക്ക് (രൂപയിൽ)	
		പുരുഷൻ	സ്ത്രീ
കളിമൺ	6	80.00	–
ഞാറു നടൽ	8	–	40.00
കിള പറി	8	–	40.00
തേങ്ങാ ഇടൽ	6	125	–
കൊയ്ത്ത്	8	–	10 സേർ നെല്ല്

ഇതിന് പുറമെ തൊഴിലാളികൾക്ക് ഉച്ചഭക്ഷണവും രണ്ട് നേരം ചായയും പലഹാരങ്ങളും നൽകുന്നു. കെട്ടിട നിർമ്മാണ കൂലിയെ അപേക്ഷിച്ച് കാർഷികമേഖലയിൽ കൂലിക്കുറവ് – വിശിഷ്യാസ്ത്രീകൾക്കുള്ള താഴ്ന്ന കൂലി സ്ത്രീതൊഴിലാളികളുടെ ലഭ്യത കുറക്കുന്നുവെങ്കിലും ഈ കൂലിനിരക്ക് പോലും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം താങ്ങാൻ കഴിയാത്തതാണ്.

പ്രശ്നങ്ങൾ

1. നാറാത്ത് പഞ്ചായത്തിലെ ഇരുപ്പു വയൽ പ്രദേശങ്ങളിലെ രണ്ടാംവിളക്ക് ജലംലഭ്യ മാക്കേണ്ടുന്ന തോടുകളുടെ തടയണകൾ ഇല്ലായ്മ.

2. വിശാലമായ സ്വകാര്യ കുളങ്ങളിലും മറ്റും ഉള്ള ജലം കൃഷിക്ക് ഉപയോഗിക്കാ തിരിക്കൽ മൂന്നാം വിളയായ പച്ചക്കറികൃഷിയെ ബാധിക്കുന്നു.

3. തെങ്ങിൻ തോപ്പുകളിൽ ജലം ലഭിക്കുവാനുള്ള മാർഗ്ഗമില്ലായ്മ

4. രണ്ടാം വിളയ് ക്കുള്ള വെള്ളം ലഭിക്കുന്ന തോടുകളുടെയും മറ്റും വീതിയും ആഴവും കൂട്ടാത്തത് കൊണ്ട് നീർക്കെട്ട് മൂലം ഒന്നാം വിള നശിക്കുന്നു.

5. ചതുപ്പുനിലങ്ങളിൽ മണ്ണ് സിമന്റ് പോലെ ഉറച്ച് പോയതിനാൽ നെൽകൃഷി ചെയ്യാൻ സാധിക്കു ന്നില്ല.

6. യഥാസമയം അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെ ലഭ്യതക്കുറവ്.

7. കാർഷിക മേഖലയിൽ ജോലിചെയ്യുന്നവരുടെ ദൗർലഭ്യം

8. യന്ത്രവൽകൃത കൃഷിചെയ്യാനുള്ള ഉപകരണങ്ങളുടെ അപര്യാപ്തത.

9. ജൈവവളത്തിന്റെ ദൗർലഭ്യവും രാസവ്ള ത്തിന്റെയും ജൈവവളത്തിന്റെയും വില വർദ്ധനവ്.

10. കൃഷി മുഖ്യതൊഴിലാക്കിയിട്ടുള്ളവരുടെ കുറവ്.

11. ഉപതൊഴിലായികൃഷിചെയ്യുന്നവരാണ് ഭൂരിപക്ഷവും

5 വർഷത്തെ മഴയുടെ വിവരങ്ങൾ

വർഷം	ജന	ഫിബ്ര	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സപ്ത	ഒക്ടോ	നവം	ഡിസം	ആകെ
1991				-	128	803	1418	613	69	384	64	190	3732
1992				15	114	914	1347	409	168	473	102	98	3647
1993				7	131	1094	1201	396	173	502	180	20	3704
1994				18	89	869	1248	514	47	308	201	278	3573
1995				10	198	393	1145	494	62	397	169	41	3409

മഴയുടെ ലഭ്യത മില്ലീ മീറ്ററിൽ

ഇടം	ജനുവരി	ഫിബ്രവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ	വാർഷിക വർഷപാതം
പഞ്ചായത്തിൽ	4	4	8	64	244	891	1085	570	249	226	99	23	3467
സംസ്ഥാന ശരാശരി	14	17	39	112	256	619	760	433	247	288	163	42	3062

താപനില

താപം	താഴ്ന്ന താപനില	ഉയർന്ന താപനില
ജനുവരി	22.0	32.9
ഫിബ്രവരി	22.9	33.8
മാർച്ച്	24.7	34.1
ഏപ്രിൽ	25.2	33.3
മെയ്	25.6	32.9
ജൂൺ	23.4	28.7
ജൂലായ്	22.7	28.1
ആഗസ്റ്റ്	23.1	29.3
സപ്തബർ	23.3	31.1
ഒക്ടോബർ	23.3	31.4
നവംബർ	23.6	32.2

12. മണ്ണ് പരിശോധനയും അതനുസരിച്ചുള്ള വള പ്രയോഗവും കൃഷിക്കാരുടെ ഇടയിൽ പ്രചരിച്ചിട്ടില്ല.

13. വിള ഇൻഷൂറൻസിനെപ്പറ്റി കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല.

14. ഉഴുത് .യന്ത്രങ്ങളും, വിത്ത്, വളം മുതലായവയും കൃഷിയിടങ്ങളിൽ കൊണ്ടു പോകുന്നതിനുള്ള വഴിയില്ലായ്മ.

15. പാടശേഖര സമിതിയിൽ കൃഷിക്കാർ മുഴുവനും അംഗങ്ങളല്ല.

16. കൃഷിഭവന്റെ പ്രവർത്തനം എല്ലാകൃഷി ക്കാരിലും എത്തിയിട്ടില്ല.

17. കാർഷിക രോഗങ്ങളുടെ വ്യാപനം

18. പരമ്പരാഗത കൃഷിയൊഴിച്ച് മറ്റ് കൃഷിയിൽ കർഷകർ ബോധവാന്മാരല്ല.

19. ആവശ്യമായ വിത്തുകൾ ആവശ്യമനുസരിച്ച് ആവശ്യമുള്ള സമയങ്ങളിൽ വിതരണം ചെയ്യുന്നില്ല.

20. കൃഷിഭൂമിയുടെ തുണ്ടവൽക്കരണം കൃഷിക്കാരെ കൃഷിമുഖ്യ തൊഴിലാക്കുന്നതിൽ നിന്ന് തടയുന്നു.

21. നാളികേര വിലയുടെ അസ്ഥിരത തെങ്ങ് കൃഷിയെ ബാധിച്ചിട്ടുണ്ട്.

22. ചതുപ്പ് നിലങ്ങളിൽ മഴക്കാലങ്ങളിൽ നീർക്കെട്ടും വേനൽകാലത്ത് വരൾച്ചയും തെങ്ങ് കൃഷിയെ ബാധിക്കുന്നു.

23. തെങ്ങ് കൃഷിയുടെ അശാസ്ത്രീയമായ രീതി ഉൽപാദന ക്ഷമത കുറക്കുന്നു.

24. കുരുമുളകിന്റെ വിലയുടെ അസ്ഥിരതയും ദ്രുതവാട്ടവും കുരുമുളക് കൃഷി കുറച്ചിട്ടുണ്ട്.

25. കർഷകർക്ക് അവരുടെ ഭൂമിയിൽ കൃഷി നടത്തുന്നതിന് ധനസഹായത്തിന്റെ ലഭ്യത കുറവ്.

26. നിലവിലുള്ള കാർഷിക വായ്പാ തുകയുടെ അപര്യാപ്തത.

27. ഉൽപന്നങ്ങളുടെ വിപണന സൗകര്യമില്ലായ്മ.

28. തെങ്ങ് ,കവുങ്ങ് കയറ്റ തൊഴിലാളികളുടെ ദൗർലഭ്യം.

29. പച്ചക്കറി കൃഷി കുറഞ്ഞുവരുന്നു.

30. പച്ചക്കറി കൃഷിക്ക് ജലസേചന സൗകര്യ മില്ലായ്മ.

31. പച്ചക്കറികൃഷിക്കുള്ള വിത്തുകൾ യഥാസമയം ലഭ്യമാകുന്നില്ല.

32. മുമ്പുണ്ടായിരുന്ന അടുക്കളത്തോട്ടങ്ങൾ ഇപ്പോൾ നാമാവശേഷമായിരിക്കുന്നു.

33. പഴശ്ശി പദ്ധതിയുടെ ചെറുകിട കനാലിൽ കൂടിയുള്ള ജലലഭ്യമില്ലായ്മ.

നിർദ്ദേശങ്ങൾ – സാധ്യതകൾ

1. പഞ്ചായത്തിലെ വിവിധ ഉറവകളുള്ള തോടുകൾ അരുകെട്ടി, തടയണകൾ നിർമ്മിച്ച് രണ്ടാംവിളക്കും മൂന്നാംവിളക്കും ജലസേചനം നടത്തുക.

2. സ്വകാര്യ കുളങ്ങളും മറ്റും ഉപയോഗിച്ച് സൗകര്യമായോ സ്വകാര്യമായോ പൊതുവായോ ഉള്ള പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കൽ

3. തെങ്ങിൻ തോപ്പുകളിൽ ജലസേചനം നടത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൂടുതൽ ഉദാരമാക്കുക.

4. കാട്ടാമ്പള്ളിപദ്ധതിക്ക് മുമ്പുള്ള സ്ഥിതി പോലെ ഓരുവെള്ളം കയറുവാൻ അനുവദിക്കുക.

5. കർഷകരുടെ ആവശ്യംപരിഗണിച്ച് യഥാസമയം നല്ലയിനം വിത്തുകൾ വിതരണം

ചെയ്യുക.

6. കൃഷിയന്ത്ര വൽകൃതമാക്കുകയും അതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. കൂടുതൽ ട്രില്ലറുകൾ സബ്സീഡി നിരക്കിൽ ലഭ്യമാക്കുക.

7. പച്ചില വള കൃഷിക്ക് ഉപയുക്തമായ വിത്തുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുക.

8. മണ്ണ് പരിശോധനയുടെ ആവശ്യകത കൃഷിക്കാരെ ബോധ്യപ്പെടുത്തി പഞ്ചായത്ത് തലത്തിൽ മണ്ണ് പരിശോധന നടത്തുക.

9. വിള ഇൻഷുറൻസ് പദ്ധതിയെകുറിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കുകയും മറ്റുകൃഷിക്കുംകൂടി ബാധകമാക്കുകയും ചെയ്യുക.

10. ഉഴുത് യന്ത്രങ്ങളും വിത്ത്, വളം എന്നിവകൾ കൃഷിയിടങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് റോഡുകളും ബണ്ടുകളും ഫുട്പാത്തുകളും നിർമ്മിക്കുക.

11. പാടശേഖര സമിതിയിൽ കൃഷിക്കാരെ മാത്രം അംഗങ്ങളാക്കുക.

12. കീടനാശിനികളും, ഉപദേശങ്ങളും യഥാ സമയം കൃഷിക്കാർക്ക് ലഭ്യമാക്കുക.

13. ലാഭകരമായി നടത്താവുന്ന പുഷ്പകൃഷി, കുൺകൃഷി, ഔഷധകൃഷി എന്നീ കൃഷികളെ കുറിച്ച് കൃഷിക്കാർക്ക് പരിശീലനം നൽകുക.

14. വിത്തും വളവും സൗജന്യമാക്കി വേനൽ ക്കാല പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുക.

15. ട്രില്ലറുകളും മറ്റ് കൃഷിയന്ത്രങ്ങളും, വിത്ത് വളങ്ങളും കൃഷിസ്ഥലങ്ങളിലെത്തിക്കാനുള്ള റോഡും, ബണ്ടും ഫുട്പാത്തും നിർമ്മിക്കുക.

16. നാണ്യവിളകൾക്ക് ഉയർന്ന താങ്ങുവില നിശ്ചയിച്ച്, സംഭരണം സഹകരണ സംഘങ്ങളെ ഏൽപ്പിക്കുക.

17. കൃഷിഭവൻ ഓഫീസ് സ്ഥലം മാറ്റി, കൃഷി വിദഗ്ധരുടെ സേവനം പഞ്ചായത്തിലെ എല്ലായിടത്തും എത്തുവാനുള്ള സൗകര്യം ഉണ്ടാക്കുക.

18. കുരുമുളക് കൃഷി വർദ്ധിപ്പിക്കുവാൻ ചെറുകിട വൃക്ഷതൈകളും, അത്യുൽപാദന ശേഷിയുള്ള കുരുമുളക് ചെടികളും വിതരണം ചെയ്ത് വിദഗ്ധരുടെ മേൽനോട്ടത്തിൽ കൃഷി ചെയ്യിക്കുക.

19. പലിശകുറക്കുകയും വായ്പാതുകകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

20. തെങ്ങുകയറ്റത്തിനും കവുങ്ങ് കയറ്റത്തിനും പരിശീലനം നൽകുകയും, കായിക മത്സരങ്ങളിൽ അതൊരു ഇനമാക്കുകയും ചെയ്യുക.

21. പച്ചക്കറി കൃഷിനടത്തുവാൻ പറ്റിയ വാർഡുകളിൽ കൂട്ടായ കൃഷി നടത്തുകയും, അവർ മുടക്കുന്നതിനനുസരിച്ചുള്ള തുക സബ്സീഡി നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

22. കരയിൽ നിന്ന് നിശ്ചിത ദൂരം വിട്ട് മാത്രമേ പൂഴി വാരാവു എന്ന് ഉറപ്പുവരുത്തുക.

23. പഴശ്ശി കനാലിലൂടെ ജലം തുറന്ന് വിട്ട് കൃഷിക്ക് ഉപയുക്തമാക്കുക.

❋ ❋ ❋

മൃഗസംരക്ഷണം മത്സ്യബന്ധനം



മൃഗ സംരംക്ഷണം

വളരെ മുമ്പ അനവധി തരിശു നിലങ്ങൾ നാറാത്ത് പഞ്ചായത്തിന്റെ 7,8,9,10,11 വാർഡുകളിലും വയലുകൾ നിറഞ്ഞ 2,3,5, വാർഡുകളിലും കാർഷിക വൃത്തിയോടൊപ്പം തന്നെ കന്നുകാലി വളർത്തലും ഒരു അനുബന്ധ ആദായകരമായ മേഖലയായിരുന്നു. നിലം ഉഴുതുവാനുള്ള കാളകളും വണ്ടിവലിക്കുവാനും പാൽ, വളം ഇവയുടെ ആവശ്യത്തിനായി പോറ്റുന്ന കന്നുകാലികളും ഈ ഗ്രാമപഞ്ചായത്തിൽ ധാരാളം ഉണ്ടായിരുന്നു. അന്ന് നാടൻ കാലികളായിരുന്നു മുഴുക്കെ. കറവ അന്ന് ഉരി, നാഴി, ഒന്നരക്കുപ്പി എന്ന നിലയിൽ ആയിരുന്നു. പശുക്കളുടെ വില പറയൽ പതിവ് തരിശ് നിലങ്ങളിലും കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിലും അഴിച്ച് വിട്ട് അവകളെ നോക്കുവാൻ കുട്ടികളെ ഏർപ്പാടാക്കി വൈകുന്നേരം ആലകളിലേക്ക് തെളിച്ച് കൊണ്ടു വരുന്നത് പതിവാണ്. എത്രയോ പശുക്കൾ മേച്ചിൽ സ്ഥലത്തുനിന്നുതന്നെ ഗർഭധാരണം നടത്തുകയും പ്രസവിക്കുകയും പതിവായിരുന്നു. അമ്പലമൈതാനം മുസ്ലീം ശ്മശാനം വെണ്ടോട്ട്, ഉണിലാട്ട്, പെരുന്തുരുത്തി വയൽ പ്രദേശങ്ങൾ കന്നുകാലികളുടെ വിഹാരരംഗമായിരുന്നു. അന്ന് പ്രത്യുല്പാദനം നടത്തിയിരുന്നത് സൗജന്യമായിരുന്നു. പിന്നീടാണ് ബീജ സങ്കലനവും മറ്റും വന്നത്. മേഞ്ഞ് തിന്നുന്ന അന്നത്തെ കാലികളിൽ വണ്ടിക്കാളകൾക്ക് മാത്രമായിരുന്നു. വീട്ടിൽ തീറ്റകൾ കരുതേണ്ടിയിരുന്നത്. മറ്റുള്ളവക്ക് അന്ന് കൃഷിക്കാരുടെ വീട്ടിൽ സുലഭമായുണ്ടായിരുന്ന നെൽതവിട് കലക്കിക്കൊടുത്താൽ മതിയായിരുന്നു. ഉഴുതു വണ്ടിക്കാളകൾക്കും, ആട്ടുന്ന കാളയ്ക്കും അന്ന് മുതിരയും ഉഴുന്നും അരച്ച് കൊടുത്തിരുന്നു. അത്പോലെ തന്നെ അന്നത്തെ വയലുകളിൽ സമൃദ്ധമായുണ്ടായിരുന്ന മുതിര, ഉഴുന്ന്, പയർ വർഗ്ഗങ്ങൾ എന്നിവയുടെ ചണ്ടികളും കന്നുകാലികൾക്ക് നല്ല തീറ്റയായിരുന്നു. പശുക്കളെ പോലെതന്നെ അന്ന് ആടുകളും നന്നായി വളർത്തപ്പെട്ടിരുന്നു.

അന്നത്തെ കന്ന്കാലി വളർത്തലിൽ പണമില്ലാതെ തന്നെ കന്നുകാലികളുടെ ഉടമയാകുവാൻ കഴിഞ്ഞിരുന്നു. കാലികൾ ഉള്ളവരിൽനിന്നും പോറ്റുവാൻ ഒരു കടിച്ചി കുട്ടിയേയോ ഒരു പെണ്ണാട്ടിൻ കുട്ടിയെയോ

വാങ്ങുന്നു. അതിനെ വളർത്തി അതു പ്രസവിച്ചാൽ അതിന്റെ കന്നും കറവയും പോറ്റിയാൾക്കും വീണ്ടും പ്രസവിച്ചാൽ കന്നും അച്ചിയും ഉടമസ്ഥനുമാണ്. ആടാണെങ്കിൽ ചിലപ്പോൾ ഇരട്ടക്കുട്ടികൾ ഉണ്ടായാൽ ആദ്യത്തേതിൽ തന്നെ രണ്ടിലൊന്നു പോറ്റുകാരനെടുത്ത് മറ്റേ കുട്ടിയെയും അച്ചിയേയും ഉടമസ്ഥന് കൈമാറാം. ഏറ്റവും ചുരുങ്ങിയ എതൊരു വിശ്വസ്തനും ഒരു കൊല്ലം കൊണ്ട് ഒരു പ്രസവിച്ച ആടിന്റെ ഉടമയാവാം. രോഗമില്ലെങ്കിൽ വളരെ വേഗം പെറ്റ് പെരുകുന്ന ഒരു മൃഗമാണ് ആട്. അത്പോലെതന്നെ നാശവും. അല്പം ചിലർ മുയലിനെയും വളർത്തുന്നു.

ഇന്ന് പ്രസ്തുത നാടൻ കാലികൾ അപൂർവ്വമാണ്. നമ്മുടെ പഞ്ചായത്തിലെ കന്നുകാലികളിൽ അധികവും സങ്കരയിനങ്ങളാണ്. കണ്ണൂരിലെ ആശുപത്രിയിൽനിന്നും കൃത്രിമ ബീജസങ്കലനം നടത്തിത്തുടങ്ങിയ കാലം മുതൽക്ക് തന്നെ നാറാത്ത് ഗ്രാമ പഞ്ചായത്തിൽനിന്നും അവിടെയെത്തി പശുവിനെ ബീജ സങ്കലനം നടത്തിതുടങ്ങിയിരുന്നു.

പശുവാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗം അല്പം ആടും അപൂർവ്വം എരുമകളും ഇവിടെ വളർത്തുന്നുണ്ട്. പണ്ടു കാലങ്ങളിൽ മെരു എന്ന കാട്ടുമൃഗത്തെ വളർത്തി "പുഴുനെയ്" (ഔഷധം) കറന്നെടുത്തിരുന്നു. നാറാത്ത് ഗ്രാമപഞ്ചായത്തിലെ നിടുവാട്ട് ഭാഗത്ത് മെരുവിനെ വളർത്തിയിരുന്ന നാല് വീടുകൾ ഉണ്ടായിരുന്നു. ഏതാനും വീടുകളിൽ പട്ടികളെ വളർത്തുന്നു. തെരുവു പട്ടികൾ നമ്മുടെ പഞ്ചായത്തിൽ കുറവല്ല. പേ ഇളകലും പതിവാണ്.

പണ്ടുകാലത്ത് പാൽ സ്വന്തം ആവശ്യത്തിനാണ് ഉപയോഗിച്ചിരുന്നത്. അല്പാല്പം മറ്റ് വീടുകളിലേക്കും ചായക്കടകളിലേക്കും വിൽക്കുകയും ചെയ്തിരുന്നു. എങ്കിലും കറവയുള്ള അധികവീടുകളിലും പാൽ ചെലവ് കഴിച്ച് ബാക്കിയുണ്ടായിരുന്നു. അവ തൈരാക്കി വെണ്ണയും ഉരുക്കി ഉരുക്ക് നെയ്യ് (പശുവിൻ നെയ്യ്) ആക്കി മാറ്റുകയും ചെയതിരുന്നു. അധികം ഔഷധത്തിനാണ് അന്ന് പശുവിൻ നെയ് ഉപയോഗിച്ചിരുന്നത്. മോര് അന്ന് സൗജന്യമായി നൽകിയിരുന്നു. ഇന്ന് ഒരു ക്ഷീര വ്യവസായ സൊസൈറ്റി പ്രവർത്തിച്ച് വരുന്നു. അതിനാൽ വിപണന സൗകര്യം ഉണ്ട്. നല്ലൊരു ശതമാനം സങ്കരയിനം പശുക്കൾ ഉണ്ടെങ്കിലും ആവശ്യത്തിനുള്ള പാൽ നമുക്ക് ലഭ്യമല്ല. സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു വനിത ക്ഷീരോൽപാദനയൂണിറ്റ് നടത്തിയിരുന്നെങ്കിലും കാര്യക്ഷമതക്കുറവ് കൊണ്ട് അത് വിജയിച്ചില്ല.

ലഭിക്കുന്ന പാൽ വില്പന

സൊസൈറ്റി ആരംഭകാലത്ത് ബാലാരിഷ്ഠതകൾ കാരണം പ്രവർത്തനം നിലച്ച് പോയെങ്കിലും ഇന്ന് നന്നായി ലാഭത്തോടെ പ്രവർത്തിച്ചുവരുന്നു. പാൽ ശേഖരിക്കുന്നതിന് ശാഖകൾ ഉണ്ട് നമുക്ക് ഇനിയും വളരെയധികം പാൽ ആവശ്യമാണ്. പാലിന് പകരം ഇന്ന് പാൽപൊടിയാണ് അധികവും ഉപയോഗിക്കുന്നത്.

കാലിത്തീറ്റയുടെ ഗുണക്കുറവും വിലവർദ്ധനവും, വൈക്കോലിന്റെയും തീറ്റപ്പുല്ലിന്റെയും ദൗർലഭ്യവും അമിതവിലയും രോഗങ്ങളും കന്നുകാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു.

വളർത്തു പക്ഷികളിൽ പഞ്ചായത്തിൽ ഇന്നും മുഖ്യമായവ കോഴിതന്നെ. പണ്ട് കാലങ്ങളിൽ പഞ്ചായത്തിൽനിന്നും ശേഖരിക്കുന്ന മുട്ടകൾ പട്ടണങ്ങളിലേക്കായിരുന്നു കൊണ്ടുപൊയിരുന്നത്. അന്ന് ധാരാളമായി കോഴിയെ വളർത്തിയിരുന്നു. കോഴിവസന്തമൂലം കോഴികൾ ചത്തൊടുങ്ങിയതും നാട്ടിലെ ഉപഭോഗത്തിന്റെ വളർച്ചയും ഇപ്പോൾ ലോറിക്കണക്കിന് മുട്ടകൾ പഞ്ചായത്തിലെത്തുന്നു. ഇടക്കാലത്ത് പോൾട്രി ഫാം മുന്നോളം ഉണ്ടായിരുന്നുവെങ്കിലും ഇന്ന് 11ാം വാർഡിലുള്ള ഒന്നുമാത്രമെ കോഴിയെ വളർത്തുന്നുള്ളൂ. കോഴിയിറച്ചി കച്ചവടം നടക്കുന്നതിനാൽ ഇറച്ചിക്കോഴിക്ക് വേണ്ടി കൊണ്ടുവരുന്ന കോഴികളിൽനിന്നും പലതരം രോഗങ്ങളും പകരുന്നു. ഇറച്ചിക്കോഴി, മുട്ടക്കോഴികൾ വളർത്തുവാനുള്ള സാധ്യതകൾ ധാരാളം

ഉണ്ടെങ്കിലും കോഴി കുഞ്ഞുങ്ങളെ ലഭിക്കായ്മ തതിന് പ്രധാന തടസ്സമാണ്. അപൂർവ്വം പേർ പ്രാവുകളെയും തത്തകളെയും മറ്റ് ലൗബേർഡ്സുകളെയും വളർത്തുന്നുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കയറ്റം

2. കാലിത്തീറ്റ ഗുണനിലവാരം ഇല്ല

3. കൈപ്പാട് നിലങ്ങൾ മേച്ചിലിന് പറ്റുമെങ്കിലും ഇടക്കിടെ കൃഷിയുള്ളതിനാൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

4. കൃഷിയില്ലാത്തതിനാൽ തീറ്റപ്പുല്ലും വൈക്കോലും ലഭിക്കുന്നില്ല.

5. മൃഗാശുപത്രിയില്ല. മരുന്നുകൾക്ക് പട്ടണത്തെ ആശ്രയിക്കേണ്ടി വരുന്നു.

6. ഹരബീജ സങ്കലനം നടത്താനുള്ള കാളക്കുറ്റനും ഇടക്കെണിയുമില്ല.

7. പാൽ വിതരണം സ്ഥിരമായി എല്ലാ സ്ഥലത്തും എത്തുന്നില്ല. ചെയ്യുന്ന സ്ഥലങ്ങളിൽ തന്നെ ചില ദിവസങ്ങളിൽ വിതരണം നടക്കുന്നില്ല.

8. കുത്തി വെക്കുന്ന ബീജം ഗുണനിലവാരം പുലർത്തുന്നില്ല.

9. കുറഞ്ഞ പലിശനിരക്കിൽ ഉദാരമായ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

10. ഉൽപാദക ചെലവിന് ആനുപാതികമായ വിലപാലിന് ലഭിക്കുന്നില്ല.

11. പട്ടികൾ അധികവും അലഞ്ഞു തിരിയുന്നു. വളർത്തുകാർ ശ്രദ്ധിക്കുന്നില്ല.

12. കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

13. മേത്തരം ആട്ടിൻ കുട്ടികൾ ലഭ്യമല്ല..

സാധ്യതകൾ

1. പഴയത് പോലെ പയർ വർഗ്ഗങ്ങളുടെ ചണ്ടിയും മറ്റും ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിനകത്ത് ഒരു മിനി കാലിത്തീറ്റ ഫാക്ടറി ഉണ്ടാക്കാൻ സാധ്യതയുണ്ട്.

2. ഗ്രാമപഞ്ചായത്തിൽനിന്നും കൈപ്പാട് ശേഖരങ്ങൾ വിലക്ക് വാങ്ങി മേച്ചിൽ സ്ഥലമാക്കാൻ സാധ്യതയുണ്ട്.

3. ഉപ്പ് വെള്ളം കയറ്റി കൈപ്പാടു കൃഷിക്ക് ഉപയുക്തമാക്കി വൈക്കോൽ വർദ്ധിപ്പിക്കാം.

4. തീറ്റപ്പുല്ല് കൈപ്പാടുകളിൽ വളർത്താൻ സാധ്യതയുണ്ട്. തീറ്റപ്പുൽ വിത്ത് വർഷാരംഭത്താൽ തന്നെ ലഭ്യമാക്കുക. ഉദാ: (ഗിനിപ്പുല്ല്, സങ്കര മമ്പയർ)

5. മൃഗാശുപത്രിയും മരുന്ന് ഷാപ്പും സ്ഥാപിക്കുക.

6. കാളക്കുറ്റനെ വളർത്തുക. ഇടക്കെണി സ്ഥാപിക്കുകയും ചെയ്യുക.

7. വൈക്കോൽ ശേഖരിച്ചു സൊസൈറ്റികൾ വിതരണം ചെയ്യുക.

8. നാറാത്ത് ഭാഗത്ത് ഒരു ക്ഷീര സൊസൈറ്റിയുണ്ടാക്കുക.

9. പ്രത്യേക കന്ന് കുട്ടി പരിപാലന പരിപാടിയിൽ എല്ലാ കന്നുകുട്ടികളെയും ഉൾപ്പെടുത്തുക.

10. സൊസൈറ്റിയുടെ പാൽ വിതരണം കാര്യക്ഷമമാക്കുക

11. സാമ്പത്തിക സഹായം ലഭ്യമാക്കണം.

12. കാലി വസന്ത, കുളമ്പ് രോഗം ഇവയ്ക്കുള്ള കുത്തിവെയ്പ് വ്യാപകമാക്കുക.

13. കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കി പ്രത്യേക കോഴിയുണിറ്റുകൾ ആരംഭിക്കുക.

14. ആട് വളർത്തൽ യൂണിറ്റ് ആരംഭിക്കുക.

15. അനുയോജ്യമായ കുടുംബങ്ങൾക്ക് കോഴിക്കുഞ്ഞുങ്ങളും കൂടും സഹായവിലക്ക് ലഭ്യമാക്കുക.

16. ഇത് പോലെ ആട്ടിൻകുട്ടികളെയും സഹായ വിലക്ക് ലഭ്യമാക്കുക.

17. അലഞ്ഞ് തിരിയുന്ന പട്ടികളെ നശിപ്പിക്കുക.

മത്സ്യബന്ധനം


മൂന്നുഭാഗവും പുഴകളാൽ ചുറ്റപ്പെട്ട നമ്മുടെ ഗ്രാമപഞ്ചായത്തിൽ മുൻകാലങ്ങളിൽ നല്ല തോതിൽ മത്സ്യബന്ധനം നടത്തി ജീവിതം നയിച്ചവർ ഉണ്ടായിരുന്നു. കിഴക്കുതെക്കായി ഒഴുകുന്ന വാരം കടവ്, പുല്ലൂപ്പിക്കടവ് പുഴകളിൽനിന്നും കാട്ടാമ്പള്ളി പുഴകളിൽ നിന്നുമായാണ് മത്സ്യബന്ധനം നടത്തുന്നത്. മുൻകാലങ്ങളിൽ നല്ലയിനം മീനുകൾ ഇവിടങ്ങളിൽ ലഭ്യമായിരുന്നു. കാട്ടാമ്പള്ളി പദ്ധതിക്കു ശേഷം നെൽകൃഷി നശിച്ചതുപോലെ തന്നെ പുഴകളിലെ മത്സ്യസമ്പത്തും കുറഞ്ഞു പോയിട്ടുണ്ട്. ഉൾനാടൻ മത്സ്യബന്ധനത്തിനു പയോഗിക്കുന്ന നാടൻ വലകളുപയോഗിച്ചാണ് മത്സ്യം പിടിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വാരംകടവ്, പുല്ലൂപ്പി, നാറാത്ത്, കാട്ടാമ്പള്ളി യിലുള്ള ചുരുക്കം ചിലർ വർഷത്തിൽ 6 മാസക്കാലം മത്സ്യബന്ധനം നടത്തുന്നുണ്ട്. പരമ്പരാഗതമായി വള്ളുവ സമുദായത്തിൽപ്പെട്ട കുടുംബങ്ങളാണ് ഈ തൊഴിലിൽ ഉള്ളത്. എന്നാൽ മത്സ്യയിനങ്ങൾ കാട്ടാമ്പള്ളി പദ്ധതിയുടെ ഉൾപ്രദേശങ്ങളായ വാരംകടവ്, പുല്ലൂപ്പിക്കടവ് പ്രദേശങ്ങളിൽ വളരെ കുറവായതുകൊണ്ടു തന്നെ ഈ മേഖലയിൽ നിന്നും ആളുകൾ വ്യതിചലിക്കുന്നു. മറ്റു തൊഴിലുകളിലേർപ്പെടാൻ പറ്റാത്ത എത്രയോ കുടുംബങ്ങൾ ഇന്നും വിഷമിക്കുന്നുണ്ട്.

മുൻകാലങ്ങളിൽ ചെമ്മീൻ കൃഷി വ്യാപകമായി നടത്താറുണ്ടായിരുന്നു. എന്നാൽ കട്ടാമ്പള്ളി പദ്ധതിവന്നശേഷം അവ അപ്രത്യക്ഷമായി. പദ്ധതിയുടെ ഷട്ടറിനരികെ കല്ലുകളും പാറകളും നിരത്തിവെച്ച് ചുരുക്കം ചില ആളുകൾ നിയമവിരുദ്ധമായി രാത്രി കാലങ്ങളിലും മറ്റും മത്സ്യം കോരിയെടു ക്കുന്നുണ്ട്. പദ്ധതി വിജയിച്ചിരുന്നെങ്കിൽ മത്സ്യസമ്പത്തിന് യാതൊരു കുറവും സംഭവിക്കുമായിരുന്നില്ല. പദ്ധതിയുടെ ശോചനീയാവസ്ഥ കൊണ്ട് കൈപാട് നിലങ്ങളിലും മറ്റു കെട്ടിക്കിടക്കുന്ന കരകളിൽനിന്നും ഒഴുകി വരുന്ന മലിനജലങ്ങൾ നിമിത്തം മത്സ്യങ്ങൾ ചത്തുപോകുന്നു. ചില ഇനങ്ങളുടെ വംശനാശം വരെ സംഭവിച്ചിട്ടുണ്ട്. ശുദ്ധജല മത്സ്യ കൃഷിക്കു അനുയോജ്യമായ കുളങ്ങൾ വളരെ കുറവാണ്. മാതോടം വായപ്പുറത്തെ സ്വകാര്യകുളം, തട്ടാൻ വളപ്പിൽ കാവിൻകുളം, പതിനൊന്നാം വാർഡിലെ നലവടത്ത് വീട് കുളം അഞ്ചാം വാർഡിലെ പുത്തൻ കുളം ചാത്തോത്ത് കുളം എന്നിവയിൽ മലിനജലം ഒഴുകുന്നത് തടഞ്ഞാൽ ശുദ്ധജല മത്സ്യകൃഷി നടത്താൻ സാധ്യതയുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇന്ന് മറുനാടൻ കടലോരങ്ങളിൽ മത്സ്യത്തിനു വേണ്ടി കാത്തിരിക്കുന്നതിൽനിന്നും മോചനം നേടാൻ നമുക്ക് ആവശ്യമായ മത്സ്യം ഉൽപാദനം നടത്താൻ സാഹചര്യമുള്ളത്കൊണ്ട് തന്നെ ഈ മേഖലയെ വികസിപ്പിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാൽ തന്നെ ഇത്തരം പദ്ധതികൾക്ക് പ്രസക്തിയുണ്ട്.

നെൽകൃഷിയെന്നപോലെ തന്നെ മത്സ്യ ബന്ധനത്തിനെ രക്ഷപ്പെടുത്താൻ കാട്ടാമ്പള്ളി പദ്ധതിയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ സാധ്യമാകുന്നതാണ്.

വ്യവസായം



സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി വളർന്നു വന്ന പരമ്പരാഗത തൊഴിലുകളായ ബീഡി, കൈത്തറി, കള്ള് ചെത്ത്, ചകിരി, പായനെയ്ത്, ചെങ്കൽകൊത്ത് തുടങ്ങിയ മേഖലകളിലാണ് നമ്മുടെ തൊഴിൽശ്ക്തി പ്രധാനമായും കേന്ദ്രീകരിക്കപ്പെട്ടിരുന്നത്. സാമൂഹ്യ വളർച്ചയുടെ ഭാഗമായി ഉണ്ടായ ആധുനിക വ്യവസായം എന്ന നിലയിൽ തീപ്പെട്ടി, ടൈൽവർക്ക്സ്, മെറ്റൽ വർക്ക്സ്, പ്ലൈവുഡ്, ഗാർമെന്റ്സ്, മരവ്യവസായം, പവർലും മേഖലകളിലുള്ള ചെറികിട യൂണിറ്റുകൾ തുടങ്ങിയവ ഈ പഞ്ചായത്തിലുണ്ട്. കൂടാതെ ബേക്കറി, ഫ്ളവർ മിൽ, ബാഗ് നിർമ്മാണം, കറി പൗഡർ, പ്രിന്റിംഗ് പ്രസ്സ്, ഓയിൽമിൽ തുടങ്ങിയ ചില യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ട്. വ്യക്തികളുടെ സംരംഭത്തിലാണ് ഇവയിൽ ബഹു ഭൂരിപക്ഷം യൂണിറ്റുകളും പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ തൊഴിൽ ശേഷി കൂടുതലായി പ്രയോജനപ്പെടുത്തുന്ന വ്യവസായങ്ങൾ പരമ്പരാഗത മേഖലയിലുള്ള കൈത്തറി,ബീഡി, കള്ള് ചെത്ത്, കല്ലുവെട്ട്, തുടങ്ങിയ മേലയിലാണ്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ദിനേശ് ബീഡി യൂണിറ്റും വീവേർസ് സൊസൈറ്റിയും ഈ മേഖലയിൽ ഉള്ളതു തന്നെയാണ്. ധാരാളം തൊഴിലാളികൾ കേന്ദ്രീകരിച്ച് ജോലിചെയ്യുന്നതും ഈ മേഖലയിൽ തന്നെ വനിതകളാൽ നടത്തപ്പെടുന്ന രണ്ട് DWCRA യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടാതെ തീപ്പെട്ടി കമ്പനിയിലും തൊഴിലാളികളിൽ ഭൂരിപക്ഷവും വനിതകളാണ്. അടുത്തകാലത്തായി ബീഡി മേഖലയിൽ വർദ്ധിച്ചുവരുന്ന വനിതാ പങ്കാളിത്തം എടുത്തുപറയേണ്ടതാണ്. നശിച്ചു കൊണ്ടിരിക്കുന്ന പരമ്പരാഗത തൊഴിൽ മേഖലകളായ പായ നെയ്ത്, ചകിരി എന്നിവയിൽ പ്രധാനമായും പട്ടികജാതിയിൽപ്പെട്ടവരാണ് പ്രവർത്തിച്ചുവരുന്നത്.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന നിലക്ക് ആസൂത്രണ പ്രക്രിയ മുന്നോട്ട് നീങ്ങുന്ന ഈ അവസരത്തിൽ വ്യാവസായിക ഉൽപാദനത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച സാധിക്കുന്ന വിധത്തിലുള്ള ആധുനിക വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ നമ്മുടെ ഗ്രാമപഞ്ചയാത്ത് പ്രദേശത്ത് ഇല്ല എന്ന

വസ്തുത പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നിലവിലുള്ള വ്യവസായ രംഗത്തെ പ്രശ്നങ്ങളും സാധ്യതകളും നമുക്ക് വിലയിരുത്താം.

കൈത്തറി

ചിറക്കൽ കോവിലകവുമായി ബന്ധപ്പെട്ട ഭരണപരമായ നടപടികളുടെ ഭാഗമായി ചിറക്കൽ, കടലായി ഭാഗങ്ങളിൽ നിന്നും പ്രത്യേകം കുടിയിരുത്തപ്പെട്ട ശാലിയ സമുദായങ്ങളാണ് കണ്ണാടിപ്പറമ്പ്, കമ്പിൽ എന്നിങ്ങനെ രണ്ട് തെരുവുകളായി ഭാഗിച്ച് കിടക്കുന്ന ഇന്നത്തെ കൈത്തറി നെയ്ത്ത് സമൂഹമായി മാറിയിരിക്കുന്നത് എന്ന് അനുമാനിക്കപ്പെടുന്നു. പഴയകാലത്തെ പരിമിത മായ വസ്ത്രനിർമ്മാണം അതായത് മുണ്ടും തോർത്തും ഉൽപാദിപ്പിച്ചു കൊണ്ട് നിലയുറപ്പിച്ച ഈ വ്യവസായം നിരവധി മാറ്റങ്ങൾക്ക് ശേഷം 1000ലധികം തൊഴിലാളികൾ ഉൾക്കൊള്ളുന്ന ഒരു വലിയ ജീവിതോപാധിയായി മാറിയിട്ടുണ്ട്. കയറ്റുമതി മാർക്കറ്റിനെ ലക്ഷ്യമാക്കി കണ്ണൂരിലും പരിസര പ്രദേശങ്ങളിലും ഫാക്ടറി അടിസ്ഥാന ത്തിൽ കൈത്തറി മേഖല വളർന്നു വന്നതിന്റെ ഫലമായി 1960കളിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിലും ഈ രീതിയിൽ കൈത്തറി വ്യവസായം വളർന്നുവന്നു. ഈ രീതിയിൽ തികച്ചും കുടിൽ വ്യവസായമായിരുന്നു കൈത്തറി ഉൽപാദനം. ഫാക്ടറി അടിസ്ഥാന ത്തിലുള്ള ആധുനിക വ്യവസായമായി മാറിയതിന്റെ ചരിത്രമാണ് 70കളുടെ മദ്ധ്യത്തിൽ "ക്രെയിപ്പ്" ഉൽപാദനത്തിന്റെ തകർച്ചവരെ നിലനിന്നിരുന്നത്. ഫാക്ടറി വൽക്കരണത്തിന്റെ ഭാഗമായി വളർന്നുവന്ന തൊഴിലാളികളുടെ ഐക്യം തുടർന്നുള്ള തൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രവർത്തനം എന്നിവ മുഖേന വലിയ തോതിലുള്ള സാമ്പത്തികവളർച്ചയും, സാമൂഹിക സുരക്ഷിതത്വവും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഉണ്ടായിരുന്നു. എന്നാൽ 80കളിലും, തൊണ്ണൂറുകളിലും ഈ സംഘടിത വ്യവസായം ശിഥിലികൃതമാക്കുകയും ഇന്ന് എതാണ്ട് പഴയ കുടിൽ വ്യവസായത്തിന്റെ രൂപം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ സമൂഹ പങ്കാളിത്തം അതുകൊണ്ടു തന്നെ ഇല്ലാതാവുകയും തൽഫലമായി സാമൂഹ്യക്ഷേമ മേഖലയിൽ ഇതര രംഗങ്ങളിൽ ഉണ്ടായ ഗുണഫലം അനുഭവിക്കാൻ ഈ രംഗത്തുള്ളവർക്ക് കഴിയാത്ത സ്ഥിതിയും സംജാതമായിരിക്കുന്നു.

പ്രശ്നങ്ങൾ

1. കൈത്തറി മേഖല ഇന്ന് ഒരു കുടിൽ വ്യവസായമെന്ന നിലയിലേക്ക് എത്തിച്ചേർന്നതി നാൽ, തൊഴിലാളികൾക്ക് സംഘടിത മേഖലയിലെ തൊഴിലാളി വേതന ക്ഷേമആനുകൂല്യങ്ങൾ ലഭ്യമല്ല.

2. സംഘടിത സ്വഭാവം നഷ്ടപ്പെട്ടതു കൊണ്ട് വിലപേശലിന്റെ ശേഷികുറഞ്ഞു.

3. കയറ്റുമതിക്കാരുടെയും, ഉല്പാദകരുടെയും ഇടയിലുള്ള ഇടത്തട്ടുകാർ വർദ്ധിക്കുന്നു.

4. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിലക്കയറ്റവും

5. ആസൂത്രിതമായ, ആധുനിക രീതിയിലുള്ള പ്രൊസ്സസ്സിംഗ് സംവിധാനങ്ങളുടെ അപര്യാ പ്തത.

6. ഡയിംഗ് ഹൗസുകളുടെ അശാസ്ത്രീയമായ വ്യാപനവും അതുളവാക്കുന്ന പരിസര പ്രശ്നങ്ങളും.

7. വലിയൊരു ആഭ്യന്തര മാർക്കറ്റ് നിലവിലുണ്ടെങ്കിലും അത് ഫലപ്രദമായി ചൂഷണം ചെയ്യത്തക്ക രീതിയിലുള്ള ഉല്പാദന നയം സഹകരണ മേഖലയിലോ സ്വകാര്യ മേഖലയിലോ ഇല്ല. വിദേശമാർക്കറ്റിന്റെ ചാഞ്ചാട്ടത്തിനനുസരിച്ച് വ്യവസായം ഇടക്കിടെ പ്രതിസന്ധികളിൽപ്പെടുന്നു.

8. ഈ മേഖലയിലെ പുതിയെ തൊഴിൽ സംസ്കാരത്തിന്റെ ഭാഗമായി താൽകാലിക ലാഭത്തിലേക്ക് തൊഴിലാളികൾ ആകർഷിക്ക പ്പെടുന്നതിനാൽ നമ്മുടെ നാട്ടിലെ രണ്ട് സഹകരണ സ്ഥാപനങ്ങളും പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അതിലൊന്നായ നാറാത്ത്

വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം പാടെ നിലച്ചിരിക്കുകയാണ്. പുല്ലുപ്പിയിൽ പ്രവർത്തിക്കുന്ന കണ്ണാടിപ്പറമ്പ് വീവേഴ്സ് കൊ ഓപ്പറേറ്റീവ് സൊസൈറ്റിക്കാകട്ടെ അവരുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ കഴിയുന്നില്ലെന്നത് മാത്രമല്ല. തൊഴിലാളികൾ കുറഞ്ഞുവരുന്ന അവസ്ഥയും ഉണ്ട്. തൊഴിൽ മേഖലയിൽ തൊഴിലാളികളെ ലഭിക്കാത്തതുകാരണം സ്റ്റൈപ്പെന്റ് കൊടുത്ത് തൊഴിലാളികൾക്ക് പരിശീലനം നൽകുന്നു.

സാധ്യതകൾ

1. ഉൽപാദകരുടെ പുതിയ കൂട്ടായ്മ ഉണ്ടാക്കുക.

2. നിലവിലുള്ള ഔട്ട് വർക്ക് സംവിധാനത്തിൽ തന്നെ വിലയടിസ്ഥാനത്തിലല്ലാതെ കൂലിയടിസ്ഥാനത്തിൽ പ്രതിഫലം നൽകുക.

3. ഉയർന്ന തട്ടുകളിലെ പദ്ധതികളുടെ ഭാഗമായി താഴെപറയുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

a) കയറ്റുമതിക്കാരനെയും ഉൽപാദകനെയും നേരിട്ട് ബന്ധപ്പടുത്താനുള്ള സംവിധാനം ഉണ്ടാക്കുക.

b) മാനേജ്മെന്റ് രംഗങ്ങളിലും സാങ്കേതിക മികവിന്റെ രംഗത്തും പരിശീലനത്തിനും കൺസൽട്ടൻസിക്കുമായി കേന്ദ്രീകൃത ഏജൻസികൾ രൂപപ്പെടുത്തണം.

c) പ്രധാന അസംസ്കൃത വസ്തുവായ നൂലിന്റെ പ്രദേശിക ആവശ്യത്തിനനുസരിച്ച് ലഭ്യത ഉറപ്പുവരുത്തണം.

d) അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം.

4. നല്ലൊരു പ്രൊസസ്സിംഗ് സെന്റർ സ്ഥാപിക്കുക.

5. മാർക്കറ്റ് സ്ഥിതി ഗതികൾക്കനുസരിച്ച് ഉൽപാദനനയം രൂപപ്പെടുത്താൻ ആവശ്യമായ ഇൻഫർമേഷൻ സെന്റർ ഉണ്ടാക്കണം.

6. കണ്ണൂർ ജില്ലയിലെ ഇതര കൈത്തറി മേഖലകൾ വിജയകരമായി പ്രവർത്തിക്കുന്നതുപോലെ തന്നെ തൊഴിലാളികളെ സഹകരണ സ്ഥാപനങ്ങളിലേക്ക് ആകർഷിച്ച് സംഘടി പ്പിച്ച്കൊണ്ട് ഈ പ്രദേശത്തെ സഹകരണ സ്ഥാപനങ്ങളുടെയും പ്രവർത്തനം വിപുലീകരിക്കണം.

7. കണ്ണാടിപ്പറമ്പ് വീവേർസ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോടനുബന്ധിച്ച് വിദഗ്ദ്ധ തൊഴിലാളികളെ ഉൾകൊണ്ടു കൊണ്ടുള്ള ഡൈ ഹൗസ് പ്രവർത്തനത്തിനുള്ള സാധ്യത ആരായണം.

യന്ത്രത്തറി

അടുത്തകാലത്തായി ജനങ്ങൾക്ക് താല്പര്യം കൂടിവരുന്ന ഒരു മഖേലയാണ് പവർലൂം നെയ്ത്ത്. ഉൽപാദന വർദ്ധനവ് ഉണ്ടാക്കുന്നു എന്നത്കൊണ്ട് ബാങ്കുകളുടെയും ഗവൺമെന്റിന്റെയും സഹായങ്ങൾ ലഭിക്കുന്ന മേഖലയാണിത്. ഏതാണ്ട് നൂറിലധികം പവർലൂമുകൾ 15ഓളം യൂണിറ്റുകളിലായി പ്രവർത്തിച്ചുവരുന്നു. നേരിട്ട് തൊഴിൽ നൽകുന്ന നൂറോളം ആളുകൾക്ക് പുറമെ അത്രയും സ്ത്രീ തൊഴിലാളികൾക്ക് നല്ലിചുറ്റ് രംഗത്തും ഔട്ട് വർക്ക് അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. വൈദ്യുതിക്ഷാമം

2. ഡൈയിംഗ് സൗകര്യത്തിന്റെ അപര്യാപ്തത.

3. പവർലൂം ഉൽപന്നങ്ങളുടെ തനതായ മാർക്കറ്റ് കണ്ടെത്താത്തത് കാരണം. മറ്റുമേഖലകളുമായി കെട്ടു പിണങ്ങിക്കിടക്കുന്ന അവസ്ഥ.

4. പവർലൂം മേഖലയിൽ ലഭ്യമായിട്ടുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടു ത്താതിരിക്കൽ

സാധ്യതകൾ

1. ഗാർമെന്റ്സ് വ്യവസായവുമായി ബന്ധപ്പെടുത്തി പവർലൂം ഉൽപന്നങ്ങൾക്ക് തനതായ മാർക്കറ്റുകൾ കണ്ടെത്താവുന്നതാണ്.

2. അനുബന്ധ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യണം.

ബീഡി വ്യവസായം

സാധു, ഗണേഷ്, ദേശായി, ടെലഫോൺ, പി.വി.എസ്. തുടങ്ങിയ പേരുകളിൽ സ്വകാര്യ ബീഡിക്കമ്പനികളുമായി ബന്ധപ്പെട്ട് വികേന്ദ്രീകൃതമായ രീതിയിൽ പ്രവർത്തിച്ചിരുന്ന നൂറുകണക്കിന് തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്തിരുന്നു. കുറഞ്ഞകൂലിനിരക്കും കൂടാതെ സാമൂഹ്യ സാംസ്കാരിക പിന്നോക്കാവസ്ഥയിലും നിലനിന്നിരുന്ന ബീഡിത്തൊഴിലാളികൾ കേരളാ ദിനേശ് ബീഡിയുടെ ആവിർഭാവത്തോടെയാണ് സംഘടിത വ്യവസായമായി മാറിയത്. 132 തൊഴിലാളികൾ ദിനേശ്ബീഡി ഫാക്ടറിയിൽ നൂറുക്കണക്കിന് മറ്റ് തൊഴിലാളികൾ സ്വകാര്യ മേസ്ത്രീമാരുടെ കീഴിൽ ഔട്ട് വർക്ക് സമ്പ്രദായപ്രകാരവും ജോലി ചെയ്തു വരുന്നു. ദിനേശ്ബീഡി തൊഴിലാളികൾക്ക് ഈ മേഖലയിലെ ഉയർന്ന കൂലിനിരക്കും മറ്റ് സാമൂഹ്യ സുരക്ഷിതത്വ നടപടികളും ഉണ്ടെങ്കിലും പൊതുവിൽ കുറഞ്ഞ വേതന നിരക്ക് ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നനങ്ങളാണ്. സാർവത്രികമായ പുകവലി വിരുദ്ധ മനോഭാവം കാരണം ഈ വ്യവസായ മേഖല അപ്പാടെ ഇന്ന് വെല്ലുവിളികൾ നേരിടുകയാണ്. ഈ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രശനങ്ങൾ

1. മാർക്കറ്റ് വികസിപ്പിക്കാൻ കഴിയാത്ത സാഹചര്യം

2. വ്യാജബീഡിയുടെ പ്രചാരം

3. കാലക്രമത്തിൽ ബീഡിതൊഴിലാളികളുടെ ഉല്പാദനക്ഷമത കുറയുന്ന അവസ്ഥ

4. തൊഴിൽ ജന്യ രോഗങ്ങൾ ബാധിക്കൽ

5. സംഘടിത തൊഴിലാളികളും അസംഘടിത തൊഴിലാളികളും തമ്മിൽ വേതനത്തിൽ ഉള്ള ഭീമമായ അന്തരം ഉണ്ട്.

6. പഞ്ചായത്ത് ബീഡിത്തൊഴിലാളികൾക്ക് നികുതിചുമത്തുന്നത്.

സാധ്യതകൾ

1. വ്യവസായം നിർബന്ധിതമായും സംഘടിത മേഖലയിലാക്കുക.

2. സാധ്യമായിടത്തോളം ബീഡിത്തൊഴിലാളികൾക്ക് മറ്റു ആധുനീക തൊഴിൽ മേഖലകളിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുക.

3. സൗജന്യമായ ആരോഗ്യസേവനങ്ങൾ നൽകുക.

4. ബീഡി വ്യവസായ ശാലയോട് അനുബന്ധിച്ച് അംഗൻവാടികൾ സ്ഥാപിക്കുക.

5. പഞ്ചായത്തുതലത്തിൽ ബീഡിത്തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് സാമൂഹ്യ ക്ഷേമപദ്ധതികളിൽ ഭാഗഭാക്കാക്കുക.

ഗാർമെന്റ്സ്

നാറാത്ത്, കണ്ണാടിപ്പറമ്പ് വില്ലേജുകളിലായി 200 ഓളം തയ്യൽ തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. 30 ഓളം തയ്യൽ കടകളും, 12 ഓളം ചെറുകിട ഗാർമെന്റ്സ് യൂണിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നു. പ്രാദേശികാവശ്യങ്ങൾക്കുള്ള വസ്ത്രങ്ങളാണ് തയ്യൽക്കടകളുടെ ഉൽപ്പന്നങ്ങൾ. നഗരങ്ങളിലെ വൻകിട ടെക്സ്റ്റയിൽസുകൾക്കാവശ്യമുള്ള മേക്സികൾ, ചുരിദാറുകൾ, പാവടകൾ എന്നിവയാണ് ഗാർമെന്റ്സ് യൂണിറ്റുകൾ പൊതുവായി ഉൽപാദിപ്പി ക്കുന്നത്. ബാഗ്ലൂർ പോലുള്ള സ്ഥലങ്ങളിൽനിന്ന് തുണിയും മറ്റ്

അസംസ്കൃത സാധനങ്ങളും നേരിട്ടോ ഏജന്റ് മാർമുഖേനയോ സംഭരിച്ച് ഉൽപന്നങ്ങളാക്കിമാറ്റി കടകൾക്ക് ക്രഡിറ്റ് സമ്പ്രദായത്തിൽ വിതരണം ചെയ്യുക എന്ന പ്രവർത്തനരീതിയാണ് ഇവയ്ക്കുള്ളത്. സാധാരണ തയ്യൽ ജോലികൾക്ക് പുറമെ എംബ്രോയിഡറി ഉപയോഗിച്ചുള്ള ഉൽപാദനത്തിന് സൗകര്യമുള്ളതിനാൽ ചില ഗാർമെന്റ് യൂണിറ്റുകൾ പുരോഗതിയുടെ പാതയിലാണ്. എന്നാൽ അനുയോജ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ഇല്ലാത്തതിനാൽ ഉൽപന്ന വൈവിദ്യം ഉണ്ടാവുന്നില്ലെന്നതുകൂടാതെ ആവശ്യത്തിലധികം ഉൽപന്നങ്ങൾ ക്രഡിറ്റ് സമ്പ്രദായത്തിൽ മാർക്കറ്റ് ചെയ്യുന്നത് കാരണം ഈ വ്യവസായ മേഖലക്ക് അകത്തുനിന്നു തന്നെയുള്ള വെല്ലുവിളികൾ നേരിടേണ്ടിവരുന്നു.

പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ പ്രാദേശികമായി ലഭ്യമല്ല.

2. മാറിവരുന്ന ഫാഷനുകൾക്കനുസരിച്ച് വൈവിധ്യം ഉണ്ടാക്കാനുള്ള പരിശീലന സംവിധാനമില്ല.

3. തൊഴിലാളികൾക്കുള്ള കുറഞ്ഞ കൂലിനിരക്ക്

4. ക്രഡിറ്റ് സമ്പ്രദായമുള്ള മാർക്കറ്റിൽനിന്നും യഥാസമയം വിലകിട്ടാത്ത അവസ്ഥ.

5. പ്രാദേശിക മാർക്കറ്റിംഗ് സൗകര്യത്തിന്റെ അഭാവം

6. ഔട്ട് വർക്ക് സമ്പ്രദായത്തിലാണ് തൊഴിൽ സംഘടിപ്പിക്കുന്നത് എന്നതിനാൽ ക്ഷേമ പ്രവർത്തനങ്ങളുടെ അഭാവം

സാധ്യതകൾ

1. യന്ത്രത്തറി യൂണിറ്റുമായി ബന്ധപ്പെട്ട് ആവശ്യമായതുണിലഭ്യത പ്രാദേശികമായി ഉണ്ടാക്കുക.

2. ആധുനിക തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ടാക്കുക.

3. തയ്യൽ തൊഴിലാളികളെ പ്രാദേശികമായി ഗ്രൂപ്പുകളായി സംഘടിപ്പിച്ച് തൊഴിൽ ഇനം തിരിച്ച് നൽകുക.

4. ഗ്രാമപഞ്ചായത്ത് തലത്തിൽ ആരോഗ്യ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുക. തൊഴിൽ യൂണിറ്റ് അടിസ്ഥാനത്തിൽ തൊഴിലാളികളെ റജിസ്റ്റർ ചെയ്യുക.

5. ആധുനിക മാർക്കറ്റിംഗ് സങ്കേതങ്ങളിൽ സംരംഭകർക്ക് പരിശീലനം നൽകി പ്രാദേശിക മാർക്കറ്റ് വിപുലപ്പെടുത്തുക

6. മാർക്കറ്റിംഗ് കൊംപ്ലക്സുകൾ ഏർപ്പെടുത്തുക.

7. വനിതാസഹകരണ സംഘങ്ങൾ രൂപീകരിക്കുക.

കള്ള്ചെത്ത്

കേരളീയ സമൂഹത്തിൽ ചരിത്രപരമായ കാരണങ്ങളാൽ ഉരുത്തിരിഞ്ഞുവന്നതും, ശീലിക്കപ്പെട്ടതുമായ ഒരു പരമ്പരാഗത ലഹരിപാനീയമാണ് കള്ള്. നമ്മുടെ പ്രദേശത്ത് തീയ്യസമുദായത്തിൽപ്പെട്ട ആളുകളാണ് കള്ള് ചെത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. ഇന്ന് അത് പാരമ്പര്യേതര സംഘടിത വ്യവസായമായി മാറിയിരിക്കുന്നു. ബഹുജന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി താരതമ്യേന മെച്ചപ്പെട്ട വേതന വ്യവസ്ഥകളുള്ള പരമ്പരാഗത തൊഴിൽ മേഖലയായി കള്ള് ചെത്ത് മാറിയിട്ടുണ്ട്.

നാറാത്ത് പ്രദേശത്ത് കൂടുതൽ തെങ്ങിൻ തോപ്പുകൾ ഉള്ളതിന്റെ ഫലമായി മറ്റു പല പ്രദേശത്തേക്കും കള്ള് കൊടുത്തയക്കുന്ന പ്രധാനപ്പെട്ട കള്ളുൽപാദന കേന്ദ്രമായി നമ്മുടെ പഞ്ചായത്ത് മാറിയിട്ടുണ്ട്. ഏതാണ്ട് 200 ഓളം തൊഴിലാളികൾ ഈ മേഖലയിൽ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ 50 ഓളം തൊഴിലാളികളുടെ ഉൽപാദനം ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന നാല് കള്ളുഷാപ്പുകളാണ് നമ്മുടെ പ്രദേശത്തുള്ളത്.

പ്രശ്നങ്ങൾ

1. ഉപയോഗത്തിന് അനുസരിച്ച് ഉൽപാദനം ഇല്ലായ്മ

2. കള്ളിന്റെ വില നിശ്ചയിക്കുന്നതിൽ ശാസ്ത്രീയമായ മാനദണ്ഡങ്ങൾ ഇല്ലായ്മ.

3. ചില തൊഴിലാളികളുടെ അനധികൃതമായ സ്വകാര്യ കള്ള് വിൽപന

4. ഷാപ്പുകളിലെ ശുചിത്വമില്ലായ്മ.

സാധ്യതകൾ

1. കള്ളിനെ ലഹരി വിമുക്തമായ മറ്റുല്പന്നങ്ങളാക്കി മാറ്റാനുള്ള സാധ്യതകൾ ആരായുക.

2. മദ്യപാന ശീലം ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നിടത്തോളം കള്ള് വിൽപനയ്ക്ക് പ്രസക്തിയുണ്ട് എന്ന യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം എർപ്പെടുത്തുക.

3. കള്ള് വില്പന പൂർണ്ണമായും അംഗികൃത സ്ഥാപനങ്ങളിലൂടെയാണ് നടത്തുന്നത് എന്ന് ഉറപ്പുവരുത്തുക.

4. കള്ള് ഷാപ്പുകളിലെയും പരിസരങ്ങളിലെയും ശുചിത്വം ഉറപ്പുവരുത്തുക.

ചകിരി വ്യവസായം പായനെയ്ത്ത്

ചകിരി പായനെയ്ത്ത് തൊഴിലുകളിൽ എർപ്പെട്ടിരിക്കുന്ന ചില കുടുംബങ്ങൾ ഈ പഞ്ചായത്തിൽ മുമ്പുണ്ടായിരുന്നെങ്കിലും ഇന്ന് ഏതാണ്ട് ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. പായക്കും ചകിരി ഉൽപന്നങ്ങൾക്കും മാർക്കറ്റ് ലഭ്യമാണെങ്കിലും കുറേ തൊഴിലാളികൾക്ക് സ്ഥിരമായി തൊഴിൽ നൽകത്തക്ക വിധത്തിൽ സംഘടിപ്പിക്കാൻ സാധ്യത കുറവാണ്. എന്നിരുന്നാലും പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചകിരി പഞ്ചായത്തിനകത്തുവച്ചു തന്നെ സംസ്കരിച്ചെടുക്കാനുള്ള സംവിധാനത്തെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. മുണ്ടയും പോട്ടയും കൃഷിചെയ്ത് സംസ്കരിച്ചെടുത്ത് ആധുനിക രീതിയിൽ ബാഗും മറ്റ് ആകർഷകമായ ഉൽപന്നങ്ങളും ഒരു കുടിൽ വ്യവസായം എന്ന നിലയിൽ ഉണ്ടാക്കാവുന്നതാണ്.

ചെങ്കൽ

1200 ഓളം തൊഴിലാളികൾ എർപ്പെട്ടിരിക്കുന്ന വിപുലമായ ഒരു ചെങ്കൽ വ്യവസായ മേഖല ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. കഴിഞ്ഞ 30 വർഷങ്ങളിലെ ഖനന ഫലമായി പാറയുടെ ലഭ്യത കുറഞ്ഞുവരികയും അതനുസരിച്ച് നിരവധി തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് മാറിപ്പോവുകയും ചെയ്തിട്ടുണ്ട്. ഏതാണ്ട് നൂറോളം തൊഴിലാളികൾ മാത്രമാണ് ഈ മേഖലയിൽ ഇപ്പോൾ സ്ഥിരമായി ജോലി ചെയ്യുന്നത്. കണ്ണാടിപ്പറമ്പ് ഹരിജൻ സഹകരണ സംഘം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനമാണ്. പുതിയ സാധ്യതകൾ ഈ മേഖലയിൽ കുറവാണ്.

പ്രശ്നങ്ങൾ

1. ചെങ്കൽ ഖനനം ചെയ്യാൻ ആവശ്യമായ പാറയില്ലായ്മ

2. ഉൽപന്നത്തിന്റെ ഗുണനിലവാരക്കുറവ്.

3. മാർക്കറ്റുമായി തട്ടിച്ചുനോക്കുമ്പോൾ കുറഞ്ഞ കൂലി നിരക്ക്

നിർദ്ദേശങ്ങൾ

1. ഈ രംഗത്ത് ജോലിചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിന് കൃഷിയോഗ്യമല്ലാത്ത സ്ഥലത്ത് പാറകണ്ടുപിടിച്ച് ഖനനം ചെയ്യാനുള്ള നടപടി വേണം.

2. ഉൽപന്നത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തി മാർക്കറ്റിംഗ് വിപുലപ്പെടുത്തുക.

3. കല്ല് വെട്ട് തൊഴിലാളികളെ വ്യവസായ തൊഴിലാളികളായി അംഗീകരിച്ച് അവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുക.

കളിമൺവ്യവസായം

കമ്പിൽ ടൗണിനടുത്തായി പ്രവർത്തിക്കുന്ന ഓട്ടുകമ്പനി, ഉണിലിയാട്ട് പ്രവർത്തിക്കുന് ഇഷ്ടിക ചൂളകൾ എന്നിവയാണ് ഈ മേഖലയിലെ വ്യവസായ യൂണിറ്റുകൾ കമ്പിൽ ഓട്ടുകമ്പനി പ്രശസ്തമായ വലിയപട്ടം ടൈൽവർക്ക്സിന്റേതാണ്. 130 തൊഴിലാളികൾ അവിടെ ജോലിചെയ്യുന്നു. ഈ പ്രദേശത്തെ കളിമൺ ഖനനത്തോട്കൂടി അനുഭവിച്ച ഈ യൂണിറ്റുകൾ ഇപ്പോൾ മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള കളിമണ്ണിനെ ആശ്രയിച്ചാണ് ഉൽപാദനം നടത്തുന്നത്. ഇഷ്ടിക ചൂളകളിൽ ഇപ്പോൾ 25 ഓളം ആളുകളാണ് ഇടക്കിടെ പണിയെടുക്കുന്നത്.

പ്രശ്നങ്ങൾ

1. കളിമണ്ണിന്റെ ക്ഷാമം

2. കുറഞ്ഞകൂലി നിരക്ക് - ഈ വ്യവസ്ഥയിൽ ടൈൽവർക്ക്സിന് കൂലികൂടുതലും ഇഷ്ടിക ചൂളകളിൽ കൂലികുറവുമാണ്.

സാധ്യതകൾ

1. കാർഷികയോഗ്യമല്ലാത്ത കളിമൺനിക്ഷേപം കണ്ടെത്തുക.

2. നിർമ്മാണ മേഖലകളിലെ കൂലി നിരക്ക് ഇഷ്ടിക വ്യവസായത്തിന് ബാധകമാക്കുക.

3. വ്യവസായം ആധുനീകവൽക്കരിക്കുക.

4. കളിമൺ വ്യവസായത്തെ ആധുനീക ജീവിതത്തിന്റെ ഭാഗമായി പുതിയ ഉൽപന്നങ്ങൾ ഉണ്ടാക്കി വൈവിധ്യ വൽക്കരിക്കുക.

5. കുശവ വിഭാഗത്തിന്റെ പരമ്പരാഗത അറിവുകൾ കളിമൺ വ്യവസായത്തിൽ ഉൾപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കുക.

മരവ്യവസായം

വീട്ടാവശ്യങ്ങൾക്കുവേണ്ടിയുള്ള മരം ഉരുപ്പടികൾ ഉണ്ടാക്കുക എന്ന നിലയിൽനിന്നും നാട്ടുകാർക്കാവശ്യമുള്ള ഉപഭോക്ത വസ്തുക്കൾ ഉണ്ടാക്കുന്ന ആധുനിക വ്യവസായമായി കഴിഞ്ഞ ഒരു ദശകം കൊണ്ട് നമ്മുടെ പഞ്ചായത്തിൽ മര വ്യവസായം മാറിയിട്ടുണ്ട്. നൂറിലധികം വരുന്ന പരമ്പരാഗത ആശാരിമാരെ കേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കുന്ന ഈ മേഖലയിൽ ഇന്ന് നിരവധി മറ്റ് തൊഴിലാളികളെ കൂടി ഉൾകൊണ്ടുകൊണ്ടുള്ള കാർപെന്ററി വ്യവസായമായി മാറിയിട്ടുണ്ട്.

ജംഷീർ വുഡ് ഇന്റസ്ട്രീസ് (കണ്ണാടിപ്പറമ്പ്), കല്പന ഇന്റസ്ട്രീസ് (നാറാത്ത്) എന്നീ വ്യവസായ യൂണിറ്റുകളും, ശശിശങ്കർ മാച്ച് ഫാക്ടറിയും 20ഓളം വ്യക്തിഗത നിർമ്മാണ യൂണിറ്റുകളാണ് ഈ രംഗത്തുള്ളത്. ഇതിൽ തീപ്പെട്ടി കമ്പനിയിൽ കൂടുതലായും വനിതകളാണ് ജോലിചെയ്യുന്നത്.

പ്രശ്നങ്ങൾ

1. വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്

2. മരത്തിന്റെ ക്ഷാമവും വിലക്കയറ്റവും

3. തൊഴിൽ പരിശീലനത്തിന്റെ അപര്യാപ്തത.

4. തീപ്പെട്ടി വ്യവസായത്തിലെ കുറഞ്ഞ കൂലിനിരക്ക്.

സാധ്യതകൾ

1. പടുമരങ്ങൾ വച്ച് പിടിപ്പിക്കാൻ സംവിധാനം ഉണ്ടാക്കുക. പടുമരങ്ങൾ (Soft Wood) ളുടെ സംസ്കരണത്തിനുള്ള സംവിധാനം ഉണ്ടാക്കുക.

2. വിദഗ്ദ്ധ തൊഴിൽ പരിശീലനങ്ങൾക്ക് സാഹചര്യം ഉണ്ടാക്കുക.

3. സാമൂഹ്യ വനവൽക്കരണ പദ്ധതിയെ ഉപയോഗപ്പെടുത്തുക.

4. കാർപ്പെന്ററി തൊഴിലാളികളുടെ പ്രദേശിക റജിസ്ട്രേഷൻ സംവിധാനം ഉണ്ടാക്കുക.

5. കാർപ്പെന്ററി സഹകരണ സംഘം സ്ഥാപിക്കുക.

6. കൂലിനിരക്ക് ഏകീകരിക്കുക. നിജപ്പെടുത്തുക.

സ്റ്റോൺ ക്രഷർ

ഈ പഞ്ചായത്തിൽ കഴിഞ്ഞ വർഷമാണ് ഒരു സ്റ്റോൺ ക്രഷർ സ്ഥാപിക്കപ്പെട്ടത്. മറ്റു 3 സ്റ്റോൺ ക്രഷറുൾകൂടി ലൈസൻസ് നൽകപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ രംഗത്തുണ്ടായ വമ്പിച്ച വർദ്ധനവാണ് സ്റ്റോൺ ക്രഷറുകൾക്ക് പ്രചോദനം. മാർക്കറ്റ് പ്രശ്നമല്ല. കരിങ്കൽ പാറകളുടെ ലഭ്യത പ്രശ്നമാണ്. കെട്ടിട നിർമ്മാണ രംഗത്തെ ആവശ്യങ്ങൾ കൂടിവരുന്നതിനാൽ സ്റ്റോൺ ക്രഷറുകൾക്ക് നടത്തിപ്പ് പ്രശ്നം കുറവാണ്. എന്നിരുന്നാലും സ്ഥിരമായ ചിലതകരാറുകൾ അവ പ്രകൃതിയിലും ജീവിതത്തിലും ഉണ്ടാക്കുമെന്നതിനാൽ അവയുടെ സ്ഥാപനത്തിലും നടത്തിപ്പിലും പ്രത്യേക ശ്രദ്ധ വേണം. ഇപ്പോൾ ഒന്നിൽ 25ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നു.

പ്രശ്നങ്ങൾ

1. പരിസ്ഥിതി പ്രശ്നങ്ങൾ

2. കരിങ്കൽ പാറയുടെ ലഭ്യത പ്രദേശികമായി ഇല്ലാത്തതിനാൽ വിജയിപ്പിക്കാനുള്ള ബുദ്ധിമുട്ട്.

3. തൊഴിൽ ജന്യ രോഗങ്ങൾ

സാധ്യതകൾ

1. പഞ്ചായത്തിൽ പരിസ്ഥിതി ഘടകങ്ങൾ പരിഗണിച്ച് കൊണ്ട് അനുയോജ്യമായ സ്ഥലത്തുമാത്രം പ്രവർത്തിപ്പിക്കുക.

2. മലിനീകരണ നിയന്ത്രണ നിയമങ്ങൾ അനുസരിച്ച് മാത്രം പ്രവർത്തിക്കാൻ അനുവദിക്കുക.

3. സാമൂഹ്യ വനവൽക്കരണ പദ്ധതിയുമായി ബന്ധിപ്പിച്ച് 180 മീ. ചുറ്റളവിൽ സസ്യാവരണം പ്രത്യേകമായി ഉണ്ടാക്കുക.

4. തൊഴിലാളികൾക്ക് ആരോഗ്യ സേവനം ഉറപ്പുവരുത്തുക.

5. കല്ലിന്റെ ലഭ്യത അനുസരിച്ച് ലൈസൻസ് കൊടുക്കുക.

പ്രിന്റിംഗ് പ്രസ്സ്

80കളിൽ നമ്മുടെ പ്രദേശത്ത് ആരംഭിച്ച വ്യവസായ യൂണിറ്റുകളിലൊന്നാണ് പ്രിന്റിംഗ് പ്രസ്സുകൾ. നിലവിൽ 3 പ്രസ്സുകൾ പ്രവർത്തിക്കുന്നു. സ്വകാര്യ സംരംഭാടിസ്ഥാനത്തിലാണ് ഇവ പ്രവർത്തിക്കുന്നത്. അവയുടെ പ്രതിഷ്ടാപിതശേഷിക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്നുണ്ട്. പുസ്തകങ്ങൾ, ബസ് ടിക്കറ്റുകൾ, നോട്ടീസുകൾ, റസീതുകൾ എന്നിവയാണ് ഇവ അച്ചടിക്കുന്നത്. 3 പ്രസ്സുകളിലുമായി 6 തോഴിലാളികളാണ് ഉള്ളത്.

പ്രശ്നങ്ങൾ

1. കുറഞ്ഞ വേതന നിരക്ക്

2. വൈദ്യുതിക്ഷാമം

3. വിദഗ്ദ്ധ പരിശീലനത്തിന്റെ അഭാവം

4. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം

സാധ്യതകൾ

1. വൈദ്യുതിക്ഷാമം പരിഹരിക്കാനുള്ള നടപടികൾ

2. പ്രസ്സുകൾക്കുള്ള അസംസ്കൃത വസ്തുക്കൾ- അതായത് കടലാസ്, മഷി, മറ്റുസ്റ്റേഷനറി സാധനങ്ങൾ ന്യായ വിലക്ക് ലഭ്യമാക്കാനുള്ള സംവിധാനം

3. പഞ്ചായത്തിലെ സ്കൂളുകളും മറ്റുവിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രസ്സുകളും തമ്മിൽ പ്രവർത്തനത്തിൽ ബന്ധപ്പെടുത്തി നോട്ടുകൾ, മറ്റ് അച്ചടി ജോലികളും വിപുലപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

4. സഹകരണാടിസ്ഥാനത്തിൽ പ്രസ്സുകൾ ഉണ്ടാക്കുക.

മെറ്റൽ വർക്ക്സ്

സാമൂഹ്യ ജീവിതത്തിലും പാർപ്പിട നിർമ്മാണത്തിലും വന്ന മാറ്റത്തിന്റെ ഫലമായി പുരോഗതി പ്രാപിച്ചു വരുന്ന വ്യവസായ സംരംഭങ്ങളാണ് ലോഹഷീറ്റുകൾ, കമ്പികൾ എന്നിവ അടിസ്ഥാനമാക്കിയുള്ള എഞ്ചിനിയറിംഗ് വ്യവസായങ്ങൾ അടുത്തകാലത്തായി നിരവധി യൂണിറ്റുകൾ ഈ രംഗത്ത് വന്നിട്ടുണ്ട്. എല്ലാം തന്നെ സ്വകാര്യ സംരംഭങ്ങളായിട്ടാണ് നടത്തുന്നത്. തൊഴിലാളികളുടെ എണ്ണവും കുറവാണ്. മാർക്കറ്റിംഗ് സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിയാൽ നിരവധി പേർക്ക് തൊഴിൽ നൽകാനുള്ള ശേഷി ഈ രാഗത്തുണ്ട്.

1. ചിരാം ഇന്റസ്ട്രീസ് കണ്ണാടിപ്പറമ്പ്.
2. എൻ.ബി. എഞ്ചിനിയറിംഗ് കണ്ണാടിപ്പറമ്പ്.
3. ശ്രീജ മെറ്റൽ വർക്ക്സ്
4. ഈ രംഗത്ത് മറ്റുചിലയൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. വൈദ്യുതിക്ഷാമം

2. ആധുനിക സംവിധാനം - സാങ്കേതിക വിദ്യയുടെ അഭാവം

3. വിദഗ്ദ്ധ തൊഴിലാളിയുടെ അഭാവം

4. തൊഴിൽ സുരക്ഷാ സംവിധാനങ്ങളുടെ അഭാവം

5. അപകടമുണ്ടാവാനുള്ള സാധ്യത

സാധ്യതകൾ

1. വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ

2. സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താനുള്ള മൂലധനസഹായം

3. തൊഴിൽ പരിശീലനത്തിന് ITI കളെ ഉപയോഗപ്പെടുത്തൽ

4. തൊഴിൽസുരക്ഷാസംവിധാനം ഉണ്ടാക്കുക.

5. എഞ്ചിനിയറിംഗ് ട്രേഡുകളിൽ പരിശീലനം നേടിയവരുടെ കൂട്ടായ്മ പ്രോത്സാഹിപ്പിക്കുക.

6. വാഹനങ്ങളുടെ റിപ്പയറിംഗിന് വർക്ക് ഷോപ്പുകൾ സ്ഥാപിക്കുക.

ഓയിൽമിൽ - ഫ്ളവർമിൽ - റൈസ്മിൽ - കറിപൗഡർ യൂണിറ്റ്

ഭക്ഷ്യപദാർത്ഥങ്ങളുടെ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവയെല്ലാം പ്രാദേശിക ഗാർഹിക ആവശ്യങ്ങൾക്കുള്ള നെല്ല്, ഗോതമ്പ്, വെളിച്ചെണ്ണ എന്നിവയെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുന്ന ഏകതൊഴിൽ യൂണിറ്റുകളാണ്. കമ്പിൽ പ്രവർത്തിക്കുന്ന ശിവാനന്ദ കറിപൗഡർ യൂണിറ്റ്, കണ്ണാടിപ്പറമ്പിലെ വെളിച്ചെണ്ണ മിൽ എന്നിവയാണ് വ്യവസായിക യൂണിറ്റുകളായി പ്രവർത്തിക്കുന്നത്. പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി ഇവയുടെ പ്രവർത്തനം വിപുലീകരിക്കാൻ സാധ്യതകൾ ഉണ്ട്.

പ്രശ്നങ്ങൾ

1. വൈദ്യുതി ക്ഷാമം

2. ആധുനിക യന്ത്രങ്ങളുടെ അഭാവം

3. ചിലതിലെ മാനേജ്മെന്റുകളുടെ താൽപര്യമില്ലായ്മ

4. മൂലധനത്തിന്റെ കുറവ്

സാധ്യതകൾ

1. വൈദ്യുതി ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ വേണം.

2. ആധുനിക യന്ത്രസംവിധാനങ്ങൾ സ്ഥാപിക്കാൻ സാമ്പത്തികവും സാങ്കേതിക

വുമായ സഹായം

3. കാർഷിക ഉൽപന്നങ്ങൾ മൊത്തമായി സംഭരിക്കാനുള്ള പഞ്ചായത്ത് തല സംവിധാനം ഉണ്ടാക്കുക.

4. പാക്കിംഗ് സംവിധാനം സ്ഥാപിക്കുക.

5. പഞ്ചായത്തിലെ മാർക്കറ്റിംഗ് വിപുലപ്പെടുത്താൻ പ്രദേശികമായി അനുയോജ്യമായ ട്രേഡ് മാർക്കറ്റിംഗ് സംവിധാനം

6. പ്രാദേശിക ഉത്സവ ചന്തകൾ പ്രോത്സാഹിപ്പിക്കുക.

DWCRA യൂണിറ്റുകളായ ഹോട്ടലുകൾ, സഹകരണ ബേക്കറി

വനികൾക്കുള്ള തൊഴിൽ സംരംഭങ്ങൾ എന്നനിലക്ക് കമ്പിലുള്ള പുലരി ഹോട്ടൽ, കണ്ണാടിപ്പറമ്പിലുള്ള ഐശ്വര്യ ഹോട്ടൽ എന്നിവയും സഹകരണ സംഘത്തിന്റെ ബേക്കറിയും നല്ലനിലയിൽ നടക്കുന്ന സ്ഥാപനങ്ങളാണ്. തൊഴിൽ വിപുലപ്പെടുത്താനുള്ള സ്ഥല സൗകര്യമില്ലായ്മയും തയ്യാറാക്കുന്ന വിഭവങ്ങളുടെ വൈവിദ്യമില്ലായ്മയും ഇവക്ക് പ്രശ്നങ്ങൾ ഉണ്ടാക്കാനുള്ള സാധ്യതയാണ്.

നിലവിലുള്ള വ്യവസായങ്ങളുടെ പൊതു അവലോകനമാണ് ഇത്വരെയും പ്രസ്ഥാവിച്ചത്. പൊതുവിലുള്ള മറ്റു സാധ്യതകൾ ഏവയെന്ന് നമുക്ക് പരിശോധിക്കാം

1. പഞ്ചായത്തിനകത്ത് താമസിക്കുന്ന ഇലക്ട്രിഷൻമാർ, പ്ലമ്പർമാർ, വിദഗ്ദ്ധ നിർമ്മാണ തൊഴിലാളികൾ, മോട്ടോർ മെക്കാനിക്കുകൾ, മറുനാടുകളിൽ നിരവധി വർഷങ്ങൾ പല വിദഗ്ദ്ധതൊഴിലുകളിലും എർപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയവർ എന്നിവരും ഉൾപ്പെടുത്തി വിദഗ്ദ്ധ തൊഴിൽ സംഘങ്ങൾ രൂപീകരിച്ച് ആവശ്യക്കാർക്ക് സേവനം നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.

2. തെങ്ങിൻ തടി സംസ്കരിച്ച് ആധുനിക മര ഉരുപ്പടികളാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

3. പഞ്ചായത്തിനകത്തുള്ള കേര കർഷകരിൽ നിന്നും ചകിരി സംഭരണ സംവിധാനം ഏർപ്പെടുത്തി ഫൈബർ ഫോം പ്ലാന്റുകൾ സ്ഥാപിക്കുക.

4. വാഴയ്ക്ക ഉപ്പേരി, ചക്ക ഉപ്പേരി എന്നിവ കുടിൽ വ്യവസായ യൂണിറ്റുകളായി സംഘടിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

5. തേങ്ങകൊണ്ടുള്ള പുതിയ ഉൽപന്നങ്ങൾ ഉണ്ടാക്കുക.

6. കശുമാങ്ങ ഉപയോഗിച്ച് പാനീയങ്ങൾ ഉണ്ടാക്കുക.

❀ ❀ ❀

വിദ്യാഭ്യാസം



മറ്റ് പ്രദേശങ്ങളെ പോലെതന്നെ നാറാത്ത് ഗ്രാമപഞ്ചായത്തിലും ഈ നൂറ്റാണ്ടിനു മുമ്പും വിദ്യാഭ്യാസം ഒരു പ്രത്യേക വിഭാഗത്തിന് മാത്രമായിരുന്നു. ഈ ഉന്നത വർഗ്ഗത്തിൽനിന്നും വിജ്ഞാനം അവർണ്ണരിലേക്ക് അല്പാല്പമായി ഇറങ്ങിവന്നത് നാടുവാഴികളുടെ കാലത്താണ്. അവിടുന്ന് ഇങ്ങോട്ട് വിദ്യാഭ്യാസം വ്യപകമായത് ബ്രിട്ടീഷ് ഭരണത്തോടെയാണ്. അന്നും വിദ്യാഭ്യാസം അധഃകൃതരിലേക്ക് വ്യാപിച്ചിരുന്നില്ല.

എഴുത്തച്ഛൻമാരും ഗുരുക്കൻമാരും മുല്ലമാരും അവരുടെ വീടുകളിലും മറ്റും വെച്ച് നൽകിയ വിജ്ഞാനം പിന്നീട് ഗവൺമെന്റിന്റെ കീഴിൽ എഴുത്തുപള്ളികൾ എന്നറിയപ്പെടുന്ന സ്കൂളുകളിലായി നാറാത്ത് പഞ്ചായത്തിൽ ആദ്യകാലത്തുതന്നെ ഇന്ന് ദേശസേവാ യു.പി. സ്കൂൾ എന്നറിയപ്പെടുന്ന സ്കൂൾ കണ്ണാടിപ്പറമ്പിൽ സ്ഥാപിതമായിരുന്നു. കണ്ണാടിപ്പറമ്പ് അധികാരിയായിരുന്ന ശ്രി.എൻ.കെ.രാമൻ നമ്പ്യാർ 1836ൽ പ്രസ്തുത സ്കൂൾ സ്ഥാപിച്ചു. പിന്നീട് 1879ലാണ് കണ്ണാടിപ്പറമ്പ് എലിമെന്ററി സ്കൂളായി മാറിയത്. കണ്ണൂർ ജില്ലയിൽതന്നെ ഗ്രാമങ്ങളിൽ സ്ഥാപിതമായ ആദ്യത്തെ സ്കൂളായിരുന്നു ഇത്. 1924ൽ ആണ് ഇത് ഹയർ എലിമെന്ററി സ്കൂളായി ഉയർന്നത്. അക്കാലത്ത് നാറാത്ത്, കൊളച്ചേരി പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് ഏഴാം ക്ലാസ് വരെ പഠനം തുടരുവാനുള്ള ഏക സ്ഥാപനം ദേശ സേവ സ്കൂളായിരുന്നു.

1927നോട് കൂടിയാണ് നാറാത്ത് ഗ്രാമപഞ്ചായത്തിൽ ഒരു സ്കൂളുകളുടെ വിപ്ലവം തന്നെ നടക്കുന്നത്. ബ്രിട്ടീഷുകാർ വിദ്യാഭ്യാസ മേഖലയെ ഹിന്ദു റെയിഞ്ച്, മുസ്ലീം റെയിഞ്ച് എന്നിങ്ങനെ രണ്ടാക്കിത്തിരിക്കുകയും ചെയ്തിരുന്നു. അതിനാൽ മാപ്പിള റെയിഞ്ചുകളിലും ഹിന്ദു റെയിഞ്ചുകളിലും ധാരാളം സ്കൂളുകൾ സ്ഥാപിതമായി. മുസ്ലീം വിദ്യാഭ്യാസ പുരോഗതി ഉദ്ദേശിച്ച് സ്ഥാപിച്ചിരുന്ന മാപ്പിള റെയിഞ്ചുകളിൽ മുസ്ലീം സ്കൂളുകൾ സ്ഥാപിച്ചിരുന്നത് ഹിന്ദുക്കളായിരുന്നു. ഈ സമയത്ത് തന്നെയാണ് ചെറുവാക്കര ഗവ. വെൽഫെയർ സ്കൂൾ സ്ഥാപിതമായത്. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസത്തെ ഉദ്ദേശിച്ചാണ് ഈ സ്കൂൾ തുടങ്ങിയത്. നാറാത്ത് ഈസ്റ്റ് L.P.S, നാറാത്ത്

മാപ്പിള L.P.S, ചെറുവാക്കര ഗവ. വെൽഫെയർ L.P.S, നാറാത്ത് യു.പി. സ്കൂൾ, പള്ളേരി മാപ്പിള L.P.S, കണ്ണാടിപ്പറമ്പ് L.P.S, മാതോടം L.P.S, ദേശ സേവാ യു.പി. സ്കൂൾ, 1980 നോടുകൂടി സ്ഥാപിതമായ കണ്ണാടിപ്പറമ്പ് ഗവ. ഹൈസ്കൂൾ ഇങ്ങനെ 8 എൽ.പി. സ്കൂളുകളും, 2 യു.പി. സ്കൂളുകളും 1 ഹൈസ്കൂളും നാറാത്ത് പഞ്ചായത്തിൽ ഉണ്ടെങ്കിലും കണ്ണാടിപ്പറമ്പ് ഭാഗത്ത് 3 കിലോമീറ്ററോളം നടന്ന് യു.പി. സ്കൂളിൽ എത്തേണ്ടുന്ന ഒരു സ്ഥിതിയും ഉണ്ട്. 27,000 ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 5292 വിദ്യാർത്ഥികൾ അദ്ധ്യനം നടത്തുന്നു. 185 അദ്ധ്യാപകരും ഉണ്ട്. പതിനൊന്ന് സ്കൂളുകളിൽ 2 എണ്ണം മാത്രമെ സർക്കാർ വകയുള്ളൂ.

പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ അക്ഷരാഭ്യാസത്തിലും മറ്റുമായി ഒരുപാട് സംസ്ക്കാരിക സംഘടനകൾ സേവനം ചെയ്തിട്ടുണ്ട്. 1936ൽ ദേശീയ പ്രസ്ഥാനത്തിനു ഒരു നിരോധനത്തിന്റെ സ്ഥിതിവന്നപ്പോൾ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് ഒരു ഒത്തുകൂടൽ സാധ്യമായത് കണ്ണാടിപ്പറമ്പിൽ സ്ഥാപിതമായ ദേശീയ മന്ദിരം വായനശാല & ലൈബ്രറി മുഖേനയായിരുന്നു. പ്രസ്തുത വായനശാല ഹിന്ദി പഠന ത്തോടെയാണ് തുടങ്ങിയ്.

സ്വാതന്ത്ര്യത്തിന്റെ ആദ്യനാളുകളിൽ ബ്ലോക്കുകളാൽ നടത്തപ്പെട്ട വയോജന വിദ്യാലയങ്ങളും സാക്ഷരതാ പ്രവർത്തനങ്ങളും വിദ്യാർത്ഥികൾക്കും നിരക്ഷരർക്കും ക്ലബ്ബുകളും സന്നദ്ധ സംഘടനകളും നൽകുന്ന ട്യൂഷനുകളും ഗ്രാമസാക്ഷരതയുടെയും വിജ്ഞാന ത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നതിൽ സജീവ പങ്ക് വഹിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളും സന്നദ്ധ സംഘടനകളും സജീവമായി പ്രവർത്തിച്ചിരുന്നുവെങ്കിലും അതിന്റെ രണ്ടാംഘട്ട പ്രവർത്തനം ഫലപ്രദ മായിരുന്നില്ല എന്നത് ഒരു വസ്തുതയാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. കണ്ണാടിപ്പറമ്പ് ഭാഗത്ത് താഴ്ന്ന ക്ലാസ്സുകളിലേക്കുള്ള ട്യൂഷൻ ക്ലാസ്സിനോടനുബന്ധിച്ച് പ്രീഡിഗ്രിയും ഡിഗ്രി ക്ലാസ്സുകളും നടത്തുന്ന രണ്ട് സമാന്തര കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. അധിക കുട്ടികളും കണ്ണൂർ തളിപ്പറമ്പ് അംഗീകൃത കോളേജുകളെയും പുത്തത്തുള്ള മറ്റ് സമാന്തര കോളേജുകളെയും ആണ് ഉപയോഗപ്പെടുത്തുന്നത്. കമ്പിൽ ഭാഗത്തുള്ള ഒരു കമ്പ്യൂട്ടർ സെന്ററും മൂന്ന് ടൈപ്പ്റൈറ്റിങ്ങ് ഇസ്റ്റിറ്റ്യൂട്ടുകളുമാണ് പ്രഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിൽ ഉള്ളത്. ഹൈസ്ക്കൂൾ ഉണ്ടാകാനുള്ള കാലതാമസം സ്ത്രീ വിദ്യാഭ്യാസത്തിലും ഈ പ്രദേശം പിന്നോക്കമാകാൻ കാരണമായിട്ടുണ്ട്. അതുപോലെ തന്നെ പ്രഫഷണൽ സ്ഥാപനങ്ങളുടേയും അഭാവം മൂലം ആ രീതിയിലുള്ള വിദ്യാഭ്യാസത്തെ കുറിച്ചു തന്നെ അറിവില്ലാതാക്കാൻ ഇടയാക്കിയിട്ടുണ്ട്.

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൽ അംഗൻവാടികളാണ് ആശ്രയം. ഒരു പ്രീ-പ്രൈമറി ക്ലാസുകൾ പ്രൈവറ്റ് മേഖലയിലും നടത്തുന്നുണ്ട്. കണ്ണൂരിലും മറ്റുമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് ഇപ്പോൾ 175 കുട്ടികളോളം പോകുന്നുണ്ട്. ഇത് ഇനിയും വർദ്ധിക്കാനാണ് സാധ്യത. കാരണം ഇംഗ്ലീഷിലുള്ള അറിവ് S.S.L.C യിലും തുടർന്നുള്ള പരീക്ഷകളിലും ഉന്നത നിലവാരം പുലർത്തുവാനും ഉന്നത വിദ്യാഭ്യാസത്തിനും സർക്കാർ ജോലികൾക്കും മുമ്പിലെത്തുവാനും സഹായിക്കുന്നു. എന്ന തിരിച്ചറിവ് എത്ര പ്രയാസപ്പെട്ടും കുട്ടികളെ ഇംഗ്ലീഷ് മീഡിയത്തിലയക്കുന്നതിന് രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നു.

ഇത്രയൊക്കെയായിട്ടും കേരളത്തെ മൊത്തത്തിൽ ബാധിച്ച ഗുണനിലവാര തകർച്ചയിൽ നിന്നും ഒരടികൂടി താഴ്ന്നാണ് നമ്മുടെ പഞ്ചായത്തിലെ പഠന നിലവാരം. വിദ്യാഭ്യാസ കോംപ്ലക്സും ഒന്നാം തരം ഒന്നാം തരം ആക്കലുമൊക്കെ ഏറെ പറയപ്പെടുന്നുവെങ്കിലും നമ്മുടെ പഞ്ചായത്തിൽ പ്രായോഗിക തലത്തിൽ വലിയ വിജയപ്രദമാകുന്നില്ല എന്നത് സത്യമാണ്.

ആധുനിക വാർത്താ മാധ്യമങ്ങളുടെ കടന്നു കയറ്റം രക്ഷിതാക്കളുടെ അനാസ്ഥയും, വിദ്യാർത്ഥികളുടെ ആൾ . പ്രമോഷൻ,

ഭാഷയിലും കണക്കിലും ഉള്ള 6,7 ക്ലാസുകളിലേക്കുള്ള കുതിച്ചുചാട്ടം, എല്ലാ മേഖലകളിലും ഉള്ള ആത്മാർത്ഥ കുറവ്, അനുകരണ വാസനയുടെ ആധിക്യം ഇവയെല്ലാം നമ്മുടെ ഗ്രാമത്തിലെ പഠന നിലവാരത്തെ താഴ്ത്തുന്നതിന് പങ്കു വഹിച്ചിട്ടുണ്ട്. 100% S.S.L.C. പാസ്സ് ഉണ്ടായിരുന്ന ഈ പഞ്ചായത്തിലെ ഹൈസ്കൂളിലെ ഇന്നത്തെ സ്ഥിതി ഈ കാര്യം ഇന്ന് നല്ലപോലെ നമ്മുക്ക് മനസിലാക്കി തരും.

മാനേജ്മെന്റ്, അദ്ധ്യാപകർ, രക്ഷിതാക്കൾ ഇവരുടെ കൂട്ടായ്മയും പൊതു ജനങ്ങളുടേയും രക്ഷിതാക്കളുടേയും ബോധവൽക്കരണവും ഒരളവോളം ഈ ദുഃസ്ഥിതി മാറ്റുവാൻ ഉപകരിക്കും.

പ്രശ്നങ്ങൾ

1. കുടിവെള്ളം മൂത്രപ്പുര പോലെയുള്ള ഭൗതിക സൗകര്യങ്ങളുടെ കുറവ്.

2. ക്ലാസ്സുകൾ ചുവരുകൾവെച്ച് വേർതിരിക്കാത്തതിലുള്ള ശബ്ദമലിനീകരണം.

3. സിലബസ്, പഠന പ്രവർത്തനങ്ങൾ ജീവിതഗന്ധിയല്ല.

4. പഠനം രസകരമോ താൽപര്യം ജനിപ്പിക്കുന്നതോ അല്ല.

5. ഒന്നാം തരത്തിലെ പ്രവേശനം കുറഞ്ഞുവരുന്നു.

6. പൊതുവിദ്യാഭ്യാസത്തിൽനിന്നും അകലുന്നു.

7. ജനങ്ങളിലില്ലാത്ത അന്തരം പഠനത്തിൽ വിദ്യാലയങ്ങളിൽ ഉണ്ടാകുന്നു.

8. രക്ഷിതാക്കൾ ഉൽബുദ്ധരല്ല.

9. സർക്കാർ സ്കൂളുകളിൽ കാലാകാലം യഥാക്രമം നിയമനം നടക്കുന്നില്ല.

10. പുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

11. പുസ്തകങ്ങളുടെ താങ്ങാനാകാത്ത വില.

12. ഉന്നത സ്ഥാപനങ്ങൾ പഞ്ചായത്തിലോ സമീപത്തിലോ ഇല്ല.

13. പ്രഫണൽ സ്ഥാപനങ്ങൾ ഇല്ല.

14. കോളേജ് വിദ്യാഭ്യാസം മാത്രമാണ് ഉന്നത വിദ്യാഭ്യാസമെന്ന് കരുതുന്നു.

15. ഹൈസ്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം

16. പരിഹാര ബോധനത്തിനുള്ള സ്ഥല, സമയ മില്ലായ്മ.

17. ഹയർ സെക്കന്ററി ഇല്ലായ്മ.

18. ഉച്ചക്കഞ്ഞി വിതരണം പൂർണ്ണമായും ഇല്ല.

19. ഭക്ഷ്യ സാധനങ്ങൾ നന്നായി സൂക്ഷിക്കപ്പെടുന്നില്ല.

20. ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.

സാധ്യതകൾ

1. ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.

2. സിലബസ് ക്ലാസിനനുസരിച്ച് ആക്കുന്നതും പഠനം രസകരമാക്കാൻ ഉപയുക്തമായ പരിശീലനത്തിനും പരിശ്രമിക്കുക.

3. പഠന നിലവാരം ഉയർത്തുവാനുതകുന്ന സിലബസ്സ് ലളിതമാക്കൽ, ആൾ പ്രമോഷൻ നിർത്തലാക്കൽ, പ്രവേശന പ്രായം 6 ആക്കി ഉയർത്തൽ

4. രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ അദ്ധ്യാപകർ രക്ഷിതാക്കളുമായി ബന്ധപ്പെടലും, പരിചയപ്പെടലും അതുവഴി കുട്ടികളുടെ ഭൗതീക സാഹചര്യം ഗ്രഹിക്കാൻ കഴിയും.

5. ഹൈസ്കൂളിന് ആവശ്യമായ ബിൽഡിംഗ് നിർമ്മിച്ച് ഷിഫ്റ്റ് സമ്പ്രദായം നിർത്തുക.

6. ഹയർ സെക്കന്ററി തൊഴിലധിഷ്ടിത കോഴ്സ് നടപ്പിലാക്കുക.

7. മദ്ധ്യവേനൽ അവധിയിൽ ഉയർന്ന ക്ലാസ്സുകൾക്ക് ഫ്രീ കോച്ചിംഗ് നൽകുക. അതിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ലീവ് സറണ്ടർ അനുവദിക്കുക.

8. ധനകാര്യ സ്ഥാപനങ്ങളിൽ ക്ഷേമകാര്യങ്ങൾക്ക് വേണ്ടി നീക്കിവെക്കുന്ന ഫണ്ട് ഉപയോഗിച്ച് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾക്ക് ഉപയോഗിക്കുക.

9. സാക്ഷരത രണ്ടാം ഘട്ടം തുടങ്ങുകയും പോരായ്മകൾ പരിഹരിക്കുകയും ചെയ്യുക.

10. പഞ്ചായത്ത് തലത്തിൽ അവാർഡുകളും അഗതികൾക്കും. ഷെഡ്യൂൾ കാസ്റ്റിനും പഠനോപകരണങ്ങളും യൂനിഫോമും വിതരണം ചെയ്യുക.

"ഏതൊരു വാതിലുള്ളൂ
ജ്ഞാനത്തിൻ താക്കോലുമായ്
ആദമിൻ സുതൻ ചെന്നാൽ
തുറക്കപ്പെടാത്തതായ് "


സ്കൂളിന്റെ പൊതു വിവരം

കമ നമ്പർ	സ്കൂളിന്റെ പേര്	ഹൈസ് കൂൾ / യു.പി/ എൽ. പി./ പ്രീ പ്രൈമറി	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം				സ്കൂൾ കോമ്പസിന്റെ മൊത്തം വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം
			സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരം ഇല്ലാത്തത്	ആൺ	പെൺ	ആകെ	സ്ഥിരമായി ജോലി ചെയ്യുന്നവർ	നിലവിലുള്ള ഒഴിവുകൾ	വിദ്യാഭ്യാസ ഏജൻസിയുടെ	ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ			
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1	കണ്ണാടിപ്പറമ്പ് ഗവ. ഹൈസ്കൂൾ	HS	✓	-	-	-	848	804	1652	60	60	-	1	3 ഏക്കർ	ഇല്ല	1 1/2 ഏക്കർ
2	ദേശ സേവ യു.പി.സ്കൂൾ കണ്ണാടിപ്പറമ്പ്	UP	-	✓	-	-	612	594	1206	29	41	-	1	1ഏക്കർ 96 സെന്റ്	1ഏക്കർ	26 സെന്റ്
3	കണ്ണാടിപ്പറമ്പ് എൽ.പി. സ്കൂൾ	LP	-	✓	-	-	63	50	113	5	5	-	-	30 സെന്റ്	10 സെന്റ്	20 സെന്റ്
4	ാതോടം എൽ.പി. സ്കൂൾ	LP	-	✓	-	-	102	99	201	8	8	-	-	10 സെന്റ്	——	——
5	പുല്ലൂപ്പി മാപ്പിള എൽ.പി. സ്കൂൾ	LP	-	✓	-	-	143	147	290	11	11	-	-	1ഏക്കർ 76 1/4 സെന്റ്	25 സെന്റ്	1ഏക്കർ 41 സെന്റ്
6	പുല്ലൂപ്പി ഹിന്ദു എൽ.പി. സ്കൂൾ	LP	-	✓	-	-	153	148	301	10	10	-	-	48 സെന്റ്	——	——
7	പള്ളേരി മാപ്പിള എൽ.പി. സ്കൂൾ	LP	-	✓	-	-	128	110	238	9	9	-	-	80 സെന്റ്	30 സെന്റ്	ഇല്ല
8	ചെറുവാക്കര ഗവ. മെൽഫെയർ എൽ.പി. സ്കൂൾ	LP	✓	-	-	-	59	41	100	5	4	1	-	20 സെന്റ്	——	——
9	നാറാത്ത് മാപ്പിള എൽ.പി. സ്കൂൾ	LP	-	✓	-	-	97	100	197	8	8	-	-	5 സെന്റ്	——	——
10	നാറാത്ത് യു.പി. സ്കൂൾ	UP	-	✓	-	-	351	335	686	19	19	-	1	1ഏക്കർ	32 സെന്റ്	——
11	നാറത്ത് ഈസ്റ്റ് എൽ.പി. സ്കൂൾ	LP	-	✓	-	-	149	159	308	10	10	-	-	20 സെന്റ്	6 സെന്റ്	3 സെന്റ്

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ എണ്ണം
								SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21
1	കണ്ണാടിപ്പറമ്പ് ഗവ. ഹൈസ്കൂൾ	848	804	1652	76	82	158	11	7	18	78	36	114	1	-	1	51	36	87	88
2	ദേശസേവാ യു.പി.സ്കൂൾ	612	594	1206	45	47	92	9	3	12	72	56	128	-	-	-	11	5	16	-
3	കണ്ണാടിപ്പറമ്പ് എൽ.പി. സ്കൂൾ	63	50	113	5	5	10	1	-	1	3	2	5	-	-	-	-	-	-	-
4	മാതോടം എൽ.പി. സ്കൂൾ	102	99	201	10	17	29	1	1	2	7	4	11	-	-	-	-	-	-	-
5	പുല്ലൂപ്പി മാപ്പിള എൽ.പി.സ്കൂൾ	143	147	290	-	-	-	-	-	-	6	2	8	-	-	-	-	-	-	-
6	പുല്ലൂപ്പി ഹിന്ദു എൽ.പി.സ്കൂൾ	153	148	301	45	47	92	10	5	15	1	7	8	-	-	-	-	-	-	-
7	പള്ളേരി മാപ്പിള എൽ.പി. സ്കൂൾ	128	110	238	9	11	20	-	-	-	8	2	10	-	-	-	2	-	2	2
8	ചെറുവാത്തല ഗവ. വെൽഫെയർ എൽ.പി. സ്കൂൾ	59	41	100	39	31	70	3	-	3	3	-	3	-	-	-	-	-	-	-
9	നാറാത്ത് മാപ്പിള എൽ.പി. സ്കൂൾ	97	100	197	-	-	-	-	-	-	7	5	12	1	1	2	5	2	7	7
10	നാറാത്ത് യു.പി. സ്കൂൾ	351	335	686	58	49	107	10	8	18	22	15	37	1	-	1	1	-	1	2
11	നാറാത്ത് ഈസ്റ്റ് എൽ.പി. സ്കൂൾ	149	159	308	3	3	6	1	-	1	12	11	23	-	-	-	2	-	2	2
	ആകെ	2705	2587	5292	290	292	582	46	24	70	219	140	359	3	1	4	72	43	115	101

കുടിവെള്ളവും - പൊതുജനാരോഗ്യവും



പൊതുവിൽ ആരോഗ്യത്ത് മെച്ചപ്പെട്ട അവസ്ഥയാണ് ഇന്ന് നമ്മുടെ പഞ്ചായത്തിൽ കാണുന്നത്. നാറാത്ത് വില്ലേജിൽ സ്ഥിതിചെയ്യുന്ന പി.എച്ച്.സി.യും കണ്ണാടിപ്പറമ്പ് സ്ഥിതിചെയ്യുന്ന ആയുർവ്വേദ ഡിസ്പൻസറിയും. P.H.C.യുടെ കീഴിലുള്ള 3 സബ് സ്റ്റൻറുകൾ സ്വകാര്യ ആയുർവ്വേദ ഹോമിയോ ക്ലിനിക്ക്. എന്നിവയാണ് അരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങൾ. മേൽപറഞ്ഞ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഭൂരിപക്ഷം ആളുകളും വിദഗ്ദ്ധ ചികിത്സക്കായി പട്ടണങ്ങളിലുള്ള സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നു. ഇതിനൊരു കാരണം ഇവിടെയുള്ള സ്ഥാപനങ്ങളിൽ വേണ്ടത്ര സൗകര്യമോ, അത്യാവശ്യത്തിനുള്ള മരുന്നോ കൃത്യമായി ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തതോ ആണ്. നിലവിലുള്ള സ്ഥാപനങ്ങളിൽ കൂടുതൽ സൗകര്യങ്ങളും ആവശ്യത്തിനുള്ള മരുന്നുകളും 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭിക്കത്തക്ക സൗകര്യം ഉണ്ടാകുകയാണെങ്കിൽ ഒരളവുവരെ പട്ടണത്തെ ആശ്രയിക്കുന്നതിൽ നിന്നും ജനങ്ങൾക്ക് വിട്ടുനിൽക്കാൻ സാധിക്കുമെന്നത് തീർച്ചയാണ്. പ്രതിരോധ കുത്തിവെപ്പുകൾ കാലാകാലങ്ങളിൽ നടന്നെങ്കിലും പ്രതിരോധ കുത്തിവെപ്പുകളുടെ ആവശ്യകത പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് മതിയായ ബോധവൽക്കരണം നടന്നതായി കാണാനില്ല. വളരെ മാരകമായ മലമ്പനി പോലുള്ള സാംക്രമിക രോഗങ്ങൾ തിരിച്ചു വരുന്ന ഈ കാലഘട്ടത്തിൽ അവക്ക് കാരണമാകുന്ന പരിസരമലിനീകരണം, കൊതുക്, ഈച്ച മുതലായവയുടെ വർദ്ധന തടയുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും - സാനിറ്ററി കക്കൂസുകളുടെ നിർമ്മാണത്തിലുള്ള അപാകതകൾ പരിഹാരിക്കാൻ ഫലപ്രദമായി ഇടപെടുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളായ കാക്കത്തുരുത്തി, വെടിമാട്, തെക്കനക്കൽ, ബെണ്ടോട്, ഉണിലാട്ട്, മംഗലപ്പള്ളി, ചിറയുടെ പരിസരം എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് നിലവിൽ കക്കൂസ് ഇല്ലാത്തതും നാടോടികളായി മേൽപറഞ്ഞ പ്രദേശങ്ങളിൽ എത്തിച്ചേരുന്നവരും ഭാവിയിൽ

ആരോഗ്യരംഗത്ത് വൻ ഭീഷണിയാണ്. കൃഷി ചെയ്ത് വരുന്ന വയലുകളിൽ മണ്ണിട്ട് നികത്തി വീട് നിർമ്മാണം നടക്കുന്നത് വെള്ളപ്പൊക്കം ഉണ്ടാക്കുന്നതിനും, വെള്ളം കെട്ടിനിൽക്കുന്നതിനും അത് വഴി മന്ത് പോലുള്ള രോഗങ്ങൾ വ്യാപിപ്പിക്കുന്നതിന് ഇടയാക്കുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ഉയർന്ന പ്രദേശങ്ങളിലുള്ള ആളുകൾക്ക് ജനുവരി മുതൽ ജൂൺ വരെ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.

താഴ്ന്ന പ്രദേശങ്ങളായ കാക്കത്തുരുത്തി ബെണ്ടോട്, ഉണിലിയാട് മണൽ തുടങ്ങിയ പ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുവെള്ള മായതിനാൽ കുടിവെള്ളത്തിനായി പൈപ്പുകളെ യാണ് ആശ്രയിക്കുന്നത്. നാറാത്ത് ലക്ഷം വീട് കോളനി, പട്ടികജാതി കോളനി, പുല്ലൂപ്പി അംബേദകർ കോളനികൾ, മാതോടം പട്ടികജാതി കോളനികൾ തുടങ്ങിയ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിനായി കുഴൽകിണറുകളെയും ആശ്രയിക്കുന്നുണ്ടെങ്കിലും ഇപ്പോഴും കുടിവെള്ളക്ഷാമം രൂക്ഷമാണ്.

നിലവിലുള്ള പൊതു സംവിധാനങ്ങൾ

നാറാത്ത് പഞ്ചായത്തിൽ 20 പൊതുകിണറുകളും 11 കുഴൽകിണറുകളും കണ്ണാടിപ്പറമ്പ്, നാറാത്ത് വില്ലേജുകളിലായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ 2 ശുദ്ധജല വിതരണ പദ്ധതികളും ഇതിനോനുബന്ധിച്ച് 32 പൊതു ടാപ്പുകളും ഡാനിഷ് ഗവൺമെന്റിന്റെ ധന സഹായത്തോടുകൂടിയുള്ള കൊളച്ചേരി ശുദ്ധജല വിതരണപദ്ധതിയുടെ 120 പൊതു ടാപ്പുകളും നിലവിലുണ്ട്. എങ്കിലും പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പഞ്ചായത്ത് നേതൃത്വത്തിലുള്ള ശുദ്ധജല വിതരണ പദ്ധതി നടക്കുന്നില്ല. കൊളച്ചേരി ശുദ്ധജല പദ്ധതി യുടെ പ്രവർത്തനം അനിശ്ചിതമായി നീണ്ടുപോകുന്നതിനാൽ അതിന്റെ ഭാഗമായി സ്ഥാപിച്ച പൊതു ടാപ്പുകൾ നോക്കുകുത്തികളായി ഇരിക്കുകയാണ്. വേനൽകാല ജലദൗർലഭ്യം പരിഹരിക്കുന്നതിന് പൊതു കിണറുകൾ പര്യാപ്തമാകുന്നില്ല.

നിർദ്ദേശങ്ങൾ

1. നാറാത്ത് P.H.C. യിൽ സ്പെഷലൈസ്ഡ് ഡോക്ടർമാരെ ഉൾപ്പെടുത്തികൊണ്ട്. വിപുലീകരിക്കുക.

2. കണ്ണാടിപ്പറമ്പിൽ നിലവിലുള്ള സബ്ബ് സെന്റർ ഡിസ്പെൻസറിയായി ഉയർത്തുക.

3. കണ്ണാടിപ്പറമ്പിൽ ഒരു ഹോമിയെ ഡിസ്പൻസറി ആരംഭിക്കുക.

4. കണ്ണാടിപ്പറമ്പിലെ ആയുർവ്വേദ ഡിസ്പെൻസറി സ്വന്തം കെട്ടിടമുള്ള ആശുപത്രിയായി ഉയർത്തുക.

5. നിലവിലുള്ള 3 സബ്ബ് സെന്ററുകൾ 5 ആയി ഉയർത്തുക.

6. ആശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുക.

7. സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന ഹെൽത്ത് കാർഡുകൾ മോണിറ്ററിംഗ് ഉൾപ്പെടെ ഫലപ്രദമാക്കുക.

8. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ രോഗപ്രതിരോധ ചികിത്സയും പരിസര മലിനീകരണത്തിന്റെ ദോഷങ്ങളെയും കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

9. കൊതുകു നിവാരണത്തിനായി മരുന്ന് തളിക്കുന്നതിന് വേണ്ടി ഒരുദ്യോഗസ്ഥനെ നിയമിക്കുക.

10. മത്സ്യ-ഇറച്ചി മാർക്കറ്റുകൾ സ്ഥാപിക്കുകയും അതോടനുബന്ധിച്ച് അവശിഷ്ടസംസ്കരണ സൗകര്യങ്ങൾ എല്ലാ മാർക്കറ്റുകളിലും ഏർപ്പെടുത്തുക.

11. കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട ചായംമുറികളിൽ നിന്ന് വലിക്കുന്ന മലിനജലം ശുദ്ധീകരിച്ച മാത്രം പുറത്തേക്ക വിടുന്നതിന്

നടപടികൾ സ്വീകരിക്കുക.

12. വാഹനങ്ങളുടെ പുകയും ശബ്ദവും നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

13. പ്രധാന ടൗണുകളിൽ പൊതു കക്കൂസുകൾ സ്ഥാപിക്കുക. ടൗൺ കേന്ദ്രങ്ങളിൽ ശുചീകരണത്തിന് ജീവനക്കാരെ നിശ്ചയിക്കുക.

14. നാടോടികൾ സൃഷ്ടിക്കുന്ന പരിസര മലിനീകരണം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

15. എല്ലാ വീടുകളിലും അടുക്കള തോട്ടങ്ങൾ നിർമ്മിക്കുക.

16. പ്ലാസ്റ്റിക്ക് ബോഗുകളുടെ ഉപയോഗം നിയന്ത്രിക്കുക.

17. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തുക.

18. സമതല പ്രദേശങ്ങളിലും ഉയർന്ന പ്രദേശങ്ങളിലും ഭൂഗർഭ ജലം വർദ്ധിപ്പിക്കുന്നതിന് വേണ്ടി തടയണകൾ ഉണ്ടാക്കുക.

19. പഴയകുളങ്ങളിൽ (കുറവൻ തെരു മണ്ഡപത്തോടനുബന്ധിച്ചുള്ള കുളം, നാറാത്ത് ബസാറിൽ മൂടി കിടക്കുന്ന കുളം ആഴംകൂട്ടി വെള്ളത്തിന് വേണ്ടി ഉപയോഗിക്കുന്നന്നതിനുള്ള നയപടി സ്വീകരിക്കുക.

20. പഞ്ചായത്തിന്റെ നിലവിലുള്ള ശുദ്ധജല പദ്ധതി ഫലപ്രദമായി നടപ്പിലാക്കുകയും ഉപ്പ വെള്ളം ലഭിക്കുന്ന പ്രദേശങ്ങളിലും വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിലും സ്ഥിരമായി ശുദ്ധജല വിതരണം ഉറപ്പ് വരുത്തുക.

21. 30-40 കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിനായി കുടുംബങ്ങളുടെ സഹകരണത്തോടെ പൊതു കിണറും ടാങ്കും സ്ഥാപിച്ച് ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക.

22. നിലവിലുള്ള കുഴൽ കിണറുകൾ റിപ്പേർ ചെയ്ത് ഉപയോഗ യോഗ്യമാക്കുക.

23. കുടിവെള്ളം (എല്ലാ സ്രോതസ്സുകളിലൂടെ ഉള്ളത്) യഥാവസരം പരിശോധിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.

24. പഞ്ചായത്തിലുള്ള മുഴുവൻ പാഴ് വസ്തുക്കളും സംസ്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

25. ഹോട്ടലുകൾ,വ്യവസായ ശാലകൾ തുടങ്ങിയ സ്ഥലങ്ങളിലുള്ള മലിനീകരണം തടയുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

✦ ✦ ✦

പ്രായം	കുട്ടികളുടെ രോഗപ്രതിരോധ കുത്തിവെയ്പുകൾ				
	ബി.സി.ജി	ഡി.പി.ടി	പോളിയോ	ഡിറ്റി	മിസിൽസ്
1 വയസ്സിൽ താഴെ	233	649	613	160	183
ഒരു വയസ്സിനും 3 വയസ്സിനും ഇടയിൽ	402	1254	1254		382
3 വയസ്സിനും 6 വയസ്സിനും ഇടയിൽ	609	1955	1955	228	545

ജനന മരണ വിവരങ്ങൾ

	ജനനം	മരണം
1993-94	102	25
94-95	246	72
95-96	274	55

കഴിഞ്ഞ 3 വർഷങ്ങളിൽ PHC ചികിത്സ ക്കെത്തിയ രോഗികളുടെ വിവരം

	പുതിയ രോഗികൾ	മൊത്തം
1993-94	11935	18526
94-95	11830	18203
95-96	11494	18144

1. അമ്മമാരുടെ എണ്ണം

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാന ത്തിൽ)

a) 1 കുട്ടി 644

b) 2 കുട്ടികൾ 917

c) 2ൽ കൂടുതൽ കുട്ടികൾ 1309

2. കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിപ്പുള്ള കുട്ടികളുടെ അടിസ്ഥാന ത്തിൽ)

a) 1 കുട്ടി 258

b) 2 കുട്ടികൾ 604

c) 2ൽ കൂടുതൽ കുട്ടികൾ 1070

3. അംഗ വൈകല്യമുള്ളവർ 270

4. a) ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 287

b) പ്രതിരോധ കുത്തിവെപ്പ് നടത്തിയവർ 287

5. ആകെ ഗർഭിണികൾ 452

6. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ (സ്ത്രീയുടെ പ്രായ ക്രമം)

a) 15-19 വയസ്സുകാർ 255

b) 20-24 വയസ്സുകാർ 664

c) 25-29 വയസ്സുകാർ 768

d) 30-34 വയസ്സുകാർ 711

e) 35-39 വയസ്സുകാർ 632

f) 40-44 വയസ്സുകാർ 288

	നോർമ്മൽ		ലഘുവായ പോഷണക്കുറവ്		മിതമായ പോഷണക്കുറവ്		ഗുരുതരമായ പോഷണക്കുറവ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
ഒരു വയസ്സിന് താഴെ	71	63	45	45	4	5	--	--
ഒരു വയസ്സിനും 3 വയസ്സിനും മദ്ധ്യേയുള്ള കുട്ടികൾ	136	141	85	92	19	15	--	--
3 വയസ്സിനും 6 വയസ്സിനും ഇടയിലുള്ള കുട്ടികൾ	166	223	119	136	18	23	1	--

95-96 വർഷത്തിൽ	
ശ്വാസകോശ സംബന്ധമായുള്ള ചികിത്സ	1826
വിളർച്ച, പോഷകാഹാരക്കുറവ്	706
വയറിളക്കം	232
ചർമ്മ രോഗം	586
അഞ്ചാം പനി/പൊങ്ങൻ പനി	26
അംഗവൈകല്യം	270

ഗതാഗതം

ആധുനിക ഗതാഗത സൗകര്യങ്ങൾ നാം അനുഭവിച്ച് തുടങ്ങുന്നത് 1966ൽ കാട്ടാമ്പള്ളി പദ്ധതിയുടെ ഭാഗമായി വന്ന പാലവും അപ്രോച്ച് റോഡും നിലവിൽ വന്നതോടെയാണ്. കാട്ടാമ്പള്ളി വരെ ഓടിക്കൊണ്ടിരുന്ന ബസ്സുകൾ കരിങ്കൽ കുഴി കണ്ണൂർ റൂട്ടിൽ ഓടിത്തുടങ്ങിയതോടുകൂടിയാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലെ റോഡ് യാത്രാ സൗകര്യത്തിന്റെ ആരംഭം കുറിച്ചത്. കണ്ണാടിപ്പറമ്പ് പ്രദേശത്താകട്ടെ 1968 ഒക്ടോബറിലാണ്. ആദ്യത്തെ ബസ്സ് റൂട്ട് പ്രവർത്തനം ആരംഭിച്ചത്. കണ്ണാടിപ്പറമ്പ് തളിപ്പറമ്പ് റൂട്ടിൽ പുതിയതെരുവഴി ഓടിയിരുന്ന അശോക ബസ്സാണ്. കണ്ണാടിപ്പറമ്പുകാരുടെ റോഡ് യാത്രാസൗകര്യത്തിന്റെ തുടക്കം. ഈ സംഭവങ്ങൾക്കു മുമ്പുള്ള നമ്മുടെ ഗതാഗതത്തിന്റെ അവസ്ഥ ഇങ്ങനെ ചുരുക്കി വിവരിക്കാം.

പുല്ലൂപ്പിക്കടവിൽനിന്ന് ആരംഭിച്ച് ചേലേരി കൊളച്ചേരി വഴി ചാലോട് എത്തിച്ചേർന്ന് അവിടെനിന്ന് കണ്ണൂരിലെത്തുന്ന റോഡ് മാർഗ്ഗമാണ് പുറംലോകവുമായുള്ള നമ്മുടെ ബന്ധം. ഇതിനോടനുബന്ധമായി നാറാത്തു നിന്നും ചാലോട് വരെ ചിലപ്പോൾ പഴയ കരിബസ്സ് ഓടിയചെമ്മൺ പാതയും ചൂണ്ടിക്കാണിക്കാം. വല്ലപ്പോഴും ചെങ്കല്ല് ലോഡിംഗിന് വരുന്ന ലോറികളാണ് ഈ റോഡുകൾ ഉപയോഗപ്പെടുത്താറ്. ജനങ്ങളുടെ പൊതുവിലുള്ള ജീവിതാവശ്യങ്ങൾക്കുള്ള ഗതാഗത മാർഗ്ഗങ്ങൾ കാട്ടാമ്പള്ളി, പുല്ലൂപ്പി, വാരം, മുണ്ടേരി, കമ്പിൽ, കല്ലൂരി എന്നീ കടവുകൾ ഉപയോഗപ്പെടുത്തിയുള്ള ജല ഗതാഗതമായിരുന്നു. ഗ്രാമപഞ്ചായത്തിന കത്തുണ്ടായിരുന്നത് ചില കാളവണ്ടി റോഡുകളും ഇടവഴികളും മാത്രമാണ്. ആർക്കെങ്കിലും അസുഖം പിടിപെട്ടാൽ തലച്ചുമടായി കടവിൽ എത്തിച്ച് തോണിയിൽ അക്കരെ കടത്തി കണ്ണൂരിലെത്തിക്കും അല്ലെങ്കിൽ സ്പെഷ്യൽ വണ്ടികളിൽ ചാലോട് വഴി ചുറ്റിപ്പോവുക എന്നല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഉണ്ടായിരുന്നില്ല. ഈ അവസ്ഥയുടെ സ്മാരകമായി നിടുവിട്ടു പുഴയ്ക്ക് കുറുകെയുണ്ടായിരുന്ന മരപ്പാലത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴത്തെ സ്റ്റെപ്പ് റോഡിൽ നിടുവാട്ട് കോൺക്രീറ്റ് പാലത്തിനടുത്തായി ഇപ്പോഴും കാണാം. അതായത് നമ്മുടെ ഗ്രാമപഞ്ചായത്തിലെ റോഡ് ഗതാഗത മാർഗ്ഗം

വികസിച്ചതും വളർന്നതും പ്രധാനമായും കാട്ടാമ്പള്ളി പദ്ധതിയുമായി ബന്ധപ്പെട്ടാണ് എന്ന് നിസ്സംശയം പറയാവുന്നതാണ്. ഈ അവസരത്തിൽ പദ്ധതിയുടെ അപ്രോച്ച് റോഡിനു വേണ്ടി മണ്ണെടുക്കുമ്പോൾ ഉണ്ടായ അപകടത്തിൽ 3 തൊഴിലാളികൾ ജീവൻ വെടിയേണ്ടിവന്ന ദാരുണ സംഭവം നമുക്ക് അനുസ്മരിക്കാം. ഈ പൊതു പശ്ചാത്തലത്തിൽ നമ്മുടെ ഗതാഗത മാർഗ്ഗങ്ങൾ, സംവിധാനങ്ങൾ എന്നിവ പരിശോധിക്കാം. നാളിതുവരെയുള്ള പഞ്ചായത്ത് വികസന പ്രവർത്തനങ്ങളിൽ കൂടുതൽ തുകയും വിനിയോഗിക്കപ്പെട്ടിട്ടുള്ളത് പ്രാദേശിക റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കുമാണെന്ന് കാണാൻ കഴിയും. എന്നിരുന്നാലും ഈ രംഗത്ത് ജനങ്ങളുടെ ആവശ്യങ്ങൾക്ക് കുറവില്ല എന്നുള്ളത് അനുബന്ധ ലിസ്റ്റിൽനിന്നും വ്യക്തമാകും.

റോഡ് ഗതാഗതത്തിന് ഇപ്പോൾ കണ്ണാടിപ്പറമ്പ് റൂട്ടിൽ 20 ബസ്സുകളും നാറാത്ത് റൂട്ടിൽ 40 ബസ്സുകളും ഓടുന്നുണ്ട്. ഇത് കൂടാതെ കണ്ണാടിപ്പറമ്പിൽ പാർക്ക് ചെയ്തുകൊണ്ട് 18 ഓട്ടോറിക്ഷകളും 6 ജീപ്പുകളും 8 ടാക്സികളും ഉപയോഗപ്പെടുത്തുന്നു. ധാരാളം സ്വകാര്യ വാഹനങ്ങളും ഇതിന് പുറമെയുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കടത്തുകടവുകൾ ഉണ്ടെങ്കിലും യാത്രാവശ്യങ്ങൾക്ക് അവ പരിമിതമായി മാത്രമെ ഇപ്പോൾ ഉപയോഗപ്പെടുന്നുള്ളൂ. കമ്പിൽ കടവും കല്ലൂരിക്കടവും, മുണ്ടേരിക്കടവും, പാമ്പുരുത്തിക്കടവും, പുല്ലൂപ്പിക്കടവും, വാരംകടവും ജനങ്ങൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നു.

പ്രശ്നങ്ങൾ

1. നാറാത്ത് കണ്ണാടിപ്പറമ്പ് വില്ലേജിലെ ജനങ്ങൾക്ക് എളുപ്പം ബന്ധപ്പെടാൻ കഴിയുന്ന ആലിൻകീഴ് – മാലോട്ട് –കണ്ണാടിപ്പറമ്പ് റോഡ് ഇനിയും ഗതാഗത യോഗ്യമല്ല.

2. പുല്ലൂപ്പിക്കടവിന് പാലം പണിയാത്തതിനാൽ ടൗണിലേക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.

3. മുണ്ടേരിക്കടവിന് പാലം പണിയാത്തതിനാൽ കിഴക്കൻ പ്രദേശത്തുള്ള യാത്ര ദുഷ്കരമാണ്.

4. ജലഗതാഗത മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താത്തതിനാൽ താഴ്ന്ന പ്രദേശങ്ങളിലെ ജനങ്ങൾ ഗതാഗത സൗകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്നു.

5. റോഡുകൾക്ക് അഴുക്കുചാലില്ലാത്തതിനാലും അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതിനാലും ഗതാഗതം ദുഷ്കരമാണ്.

6. പ്രദേശിക റോഡുകൾ യഥാവസരം ഗതാഗതയോഗ്യമാക്കിയിട്ടില്ല.

7. പുതിയ നിരവധി റോഡുകൾ ആവശ്യമുണ്ട്.

8. കണ്ണാടിപ്പറമ്പ് പീടികത്തെരുവിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമില്ലാത്ത അവസ്ഥ.

സാധ്യതകൾ

1. ആലിൻകീഴ് – മാലോട്ട് – കണ്ണാടിപ്പറമ്പ് റോഡ് ടാർ ചെയ്യുക.

2. പുല്ലൂപ്പിക്കടവിന് പാലം പണിയാൻ നടപടിവേണം.

3. മുണ്ടേരിക്കടവ് പാലം പണിയാൻ നടപടി വേണം

4. കാട്ടാമ്പള്ളിയോടനുബന്ധമായി തോടുകൾ വികസിപ്പിച്ച് ഉപ്പുവെള്ളം കയറ്റിയാൽ പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ജലഗതാഗതമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്.

5. കാട്ടാമ്പള്ളി-വാരംകടവ്, കാട്ടാമ്പള്ളി - പറശ്ശിനിക്കടവ് റൂട്ടിൽ ജലഗതാഗതം എർപ്പെടുത്തുക.

6. പ്രാദേശിക റോഡുകൾ അനുബന്ധലിസ്റ്റ് പ്രകാരം ജനപങ്കാളിത്തത്തോടെ നിർമ്മിക്കുകയും നിലനിർത്തി ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.

7. നിർത്തി വച്ചിരിക്കുന്ന കണ്ണൂർ – ഇരിക്കൂർ (കാട്ടാമ്പള്ളി വഴി) KSRTC ബസ്സ് റൂട്ട് പുനരാരംഭിക്കുക. കണ്ണൂർ – പുല്ലൂപ്പിക്കടവ് KSRTC റൂട്ട് പുനഃസ്ഥാപിക്കണം. കണ്ണൂർ – വാരംക്കടവ് റൂട്ടിൽ KSRTC ബസ്സ് സർവ്വീസ് അനുവദിക്കുക.

8. കണ്ണാടിപ്പറമ്പ് പീടികത്തെരുവിൽ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ദേവസ്വത്തിന്റെ സഹായത്തോടെ കണ്ടെത്തുക.

റോഡുകളുടെ ആവശ്യങ്ങൾ ഗ്രാമ സഭകളിലൂടെ ഉയർന്ന് വന്നത് താഴെ കൊടുക്കുന്നു

നമ്പർ	വാർഡ് നമ്പർ	
1.	10	കണ്ണാടിപ്പറമ്പ് സിനിമാ ടാക്കീസ് മുതൽ മാവിലാടി കൃസ്ത്യൻ സെറ്റിൽ മെന്റിലേക്ക്.
2.	9	പുല്ലൂപ്പി കോളനി റോഡിന് ഒയോത്ത് – പുതിയേരി മാതോട്ടം റോഡുമായി ബന്ധിപ്പിക്കുക.
3.	9	കോരൻ വൈദ്യർ പീടിക മുതൽ പുല്ലൂപ്പി പുതിയ പള്ളി വരെ റോഡാക്കുക.
4.	9	പുല്ലൂപ്പി ശ്മശാനം റോഡിന മാങ്ങോട്ട വയലുമായി ബന്ധിപ്പിക്കുക.
5.	9	നിടുവാട്ട് യതീംഖാന പള്ളി വരെയുള്ള റോഡിനെ കുളിത്തറ റോഡുമായി ബന്ധിപ്പിക്കുക.
6.	9	കുഴൽ കിണർ റോഡ് ടാക്കീസ് റോഡുമായി ബന്ധിപ്പിക്കുക.
7.	7	നാരായണൻ പീടിക മുതൽ വാക്കരച്ചിറവഴി ആശാരിക്കോട്ടവുമായി ബന്ധിപ്പിക്കുന്ന റോഡ്.
8.	7	സഹകരണ ബാങ്ക് വയപ്പുറം റോഡും ചവിട്ടടിപ്പാറ റോഡും ബന്ധിപ്പിക്കുക.
9.	5	മുണ്ടോൻ വയൽ ഫൂട്ട്പാത്ത് റോഡാക്കണം.
10.	5	ഓണപ്പറമ്പ് ലക്ഷം വീട് പുത്തൻ കുളം വരെ റോഡ്
11.	10	കണ്ണാടിപ്പറമ്പ് തെക്കേക്കെമണ്ഡപം റോഡിലൽ നിന്നും ലക്ഷം വീട് കോളനിയിലേക്കുള്ള റോഡ് പൂർത്തീകരിക്കുക
12.	5	വാച്ചാപ്പുറം മാലോട്ട് കൈപാട് പ്രദേശത്ത് ഫൂട്ട് പാത്ത് വേണം.

നിലവിലുള്ള റോഡുകളുടെ പരിഷ്കാരം

നമ്പർ	വാർഡ് നമ്പർ	റോഡുപകളുടെ പേര്
1.	10	കണ്ണാടിപ്പറമ്പ് ശാസ്താ ക്ഷേത്രം – വാക്കര വയൽ റോഡ് ടാർചെയ്യണം
2.	7	ദേശീയ മന്ദിരം മാത്തോടം റോഡ് ടാർ ചെയ്യണം
3.	9	ക്രിസ്ത്യൻപള്ളി – മന്നറോഡ് തീപ്പെട്ടിക്കമ്പനി റോഡ് ടാർ ചെയ്യണം
4.	7	മതോടം അംഗൻ വാടിമുതൽ മുണ്ടേരിക്കുനി വരെയുള്ള റോഡ് അറ്റകുറ്റപണി നടത്തുക
5.	7	മാതോടം ലക്ഷംവീട് കോനിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
6.	7	മാതോടം – മാവിലാട് നടവരമ്പ് വൃത്തിയാക്കുക
7.	–	മിക്ക പഞ്ചായത്ത് റോഡിലും ഇലക്ട്രിക് പോസ്റ്റുകൾ വഴിമുടക്കി നിൽക്കുന്നത് മാറ്റി സ്ഥാപിക്കുക.
8.	7	കണ്ണാടിപ്പറമ്പ് ശാസ്താ ക്ഷേത്രം – മാവിലാടി മൊട്ട ഗതാഗതയോഗ്യമാക്കുക.
9.	7	ഇറച്ചിക്കുനി മുതൽ ചെറോട്ട് വഴിയും മുണ്ടേരിക്കുനി വാരം കടവ് വരെ നടപ്പാത നിർമ്മിക്കണം
10.	5	ആലിൻകീഴ് – ഉടക്കെത്തോട് റോഡ് ടാർ ചെയ്യണം
11.	5	മുണ്ടോൻ വയൽ ഫുട്പത്ത് റോഡാക്കുക.
12.	5	ചെക്കിനിപ്പറമ്പ് – കുളപ്പിലക്കുളം റോഡ് നാറാത്ത് യു.പി. സ്കൂൾ ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കുക
13.	5	ഓണപ്പറമ്പ് കമ്പിൽ റോഡ് ടാർ ചെയ്യണം
14.	5	ഓണപ്പറമ്പ് – തൃക്കൺ മഠം റോഡ് ഗതാഗത യോഗ്യമാക്കണം.
15.	5,6,11	ആലിൻകീഴ് –മാലോട്ട് – കണ്ണാടിപ്പറമ്പ് റോഡ് ടാർചെയ്ത് ഗതാഗത യോഗ്യമാക്കണം.
16.	3	ആലിൻ കീഴ് വെടിമാട്ട് റോഡ് – കാക്കത്തുരുത്തി റോഡും, കോളനി റോഡും ടാർചെയ്ണം.
17.	3	ആലിൻകീഴ് – പുതമ്പലം വഴി ഉണലിയാട്ട് ഫുട്ട് പാത്ത് വേണം.
18.	3	PWD റോഡിൽനിന്നും കല്ലും മണ്ണ മുതൽ പഞ്ചായത്ത് കിണർ വിഴിവെട്ടിമാട് റോഡ് വരെ ഫുട്ട് പാത്ത് വേണം.
19.	3	കാട്ടാമ്പള്ളി ചെമ്മീൻ കണ്ടിമുതൽ കല്ലുരിക്കടവ് വരെ ടൂറിസ്റ്റ് റോഡ് നടിക്കരയിലൂടെ സ്ഥാപിക്കുക.
20.	2	നാറാത്ത് മടത്തിൽ കൊവ്വൽ ഫുട്ട് പാത്ത്
21.	2	പാമ്പുരുത്തി ക്കടവ് റോഡ്
22.	2	നാറാത്ത് കല്ലുരിക്കടവ് റോഡ് ടാർ ചെയ്യണം
23.	1	കുമ്മായക്കടവ് ഓട്ടുകമ്പനി റോഡ് ടാർ ചെയ്യുക.
24.	1	ടി. സി. ഗെയ്റ്റ് റോഡ് ടാർ ചെയ്യുക.
25.	1	തൈവളപ്പിൽ മുലയിൽ ഭാഗത്തേക്കുള്ള ഇടവഴി പുനസ്ഥാപിക്കുക.
27.	9	ആറാം പീടിക നിടുവാട്ട് റോഡ് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.
28.	9	അംഗൻവാടി – കുളിത്തറ റോഡ് നീളം കൂട്ടുക.

പാലങ്ങൾ

നമ്പർ	വാർഡ്നമ്പർ	
1.	9	പുല്ലൂപ്പിക്കടവ് പാലം
2.	9	മുണ്ടേരിക്കടവ് പാലം
3.	7	വാരംകടവ് റോഡ്
4.	8	പുല്ലൂപ്പി മാങ്ങോട്ട് വയല് പാലം

പഞ്ചായത്തു വഴി കടന്നു പോകുന്ന PWD റോഡുകൾ

1. കാട്ടാമ്പള്ളി – മയ്യിൽ റോഡ്
2. സ്റ്റെപ്പ് റോഡ് – മുണ്ടേരിക്കടവ് റോഡ്

പഞ്ചായത്തിന്റെ അധിനതയിലുള്ള ടാർ റോഡുകൾ

1. കണ്ണാടിപ്പറമ്പ് തെരു – പുല്ലൂപ്പിക്കടവ് റോഡ്
2. വാരം കടവ് റോഡ്
3. നാറാത്ത് ബസാർ – കല്ലുരിക്കടവ് റോഡ്
4. കണ്ണാടിപ്പറമ്പ് മണ്ഡപം റോഡ്
5. കണ്ണാടിപ്പറമ്പ് – നങ്ങലേരി മൊട്ട റോഡ്
6. ആലിൻകീഴിൽ – കോട്ടാഞ്ചേരി റോഡ്

പഞ്ചായത്തിൽ നിലവിലുള്ള ചെമ്മൺ റോഡുകൾ

1. നിടുവാട്ട് പള്ളി റോഡ്
2. പള്ളേരിമന്ന – പുല്ലൂപ്പി റോഡ്
3. മാലോട്ട് – ചേലേരി റോഡ്
4. കമ്പിൽ ബസാർ – കമ്പിൽ മൈതാനിപ്പള്ളി റോഡ്
5. കമ്പിൽ – മീൻകടവ് (കുമ്മായക്കടവ്)റോഡ്
6. പുല്ലൂപ്പി – ഒതയോത്ത് വയൽ റോഡ്
7. പുതിക്കുടിക്കുളം – കണ്ടിപ്പാലം റോഡ്
8. വാരംറോഡ് – മാതോട്ടം വയൽ റോഡ് – മുണ്ടേരികുനിവയൽ
9. രാമൻനായരുടെ പീടിക – നാറാത്ത് ഈസ്റ്റ് എൽ.പി.സ്കൂൾ റോഡ്
10. പേക്കൽ വയൽ – പുത്തൻകുളം – ചോയിച്ചേരി റോഡ്
11. മുണ്ടോൻ വയൽ – ഓണപ്പറമ്പ്
12. വാച്ചപ്രം വയൽ – പുതിയ ഭഗവതിക്കാവ്
13. കമ്പിൽ – ചോയിച്ചേരി വയൽ റോഡ്
14. കണ്ണാടിപ്പറമ്പ് – മാവിലാടി വയൽ റോഡ്
15. കണ്ണാടിപ്പറമ്പ് അമ്പലം – മാതോട്ടം വയൽ റോഡ്
16. കോളങ്ങാട – വാച്ചപ്രം
17. കൊല്ലനാശാരി റോഡ്
18. മാലോട്ട് പള്ളി – ചേലേരി റോഡ്
19. കണ്ണാടിപ്പറമ്പ് – മാലോട്ട് വയൽ
20. കമ്പിൽ മാർക്കറ്റ് – പയ്യലോട്ട് വയൽ
21. നാറാത്ത് യു.പി. സ്കൂൾ – വനജ ടിമ്പർകമ്പനി
22. വനജ ടിമ്പർകമ്പനി – മുച്ചിലോട്ട് കാവ്
23. അരിയംപാടം വയൽ – വാച്ചപ്രം റോഡ്
24. മാതോടം – വാക്കരചിറ
25. ഓണപ്പറമ്പ് – എടക്കൈവയൽ
26. ചോയിച്ചേരി വയൽ – കാഞ്ഞകൈറോഡ്
27. കാഞ്ഞിരോട് വയൽ – കുറുവൻ തെരു റോഡ്
28. കണ്ണാടിപ്പറമ്പ് യു.പി.എസ്. – മാലോട്ട് വയൽ
29. കാരയാപ്പ് സ്കൂൾ – മാലോട്ട് വയൽ
30. കണ്ണാടിപ്പറമ്പ് – പള്ളേരി വയൽ
31. എടക്കൈ – സി.കെ. നാരായണൻ നമ്പ്യാരുടെ പീടിക സമീപം റോഡ്
32. കണ്ണാടിപ്പറമ്പ് ടെമ്പിൾ – കൊറ്റാളി വയൽ റോഡ്
33. കോട്ടാഞ്ചേരി വയൽ – ആലിൻകീഴിൽ

34. കുറുവൻതെരു – ചോയിച്ചേരി വയൽ
35. വള്ളുവൻ കടവ് റോഡ്
36. പള്ളേരി – പള്ളേരി വയൽ റോഡ്
37. മാലോട്ട് – മംഗലപ്പള്ളി
38. കൊറ്റാളി വയൽ റോഡ്
39. പൂക്കാവിൽ താഴെ റോഡ്
40. പുല്ലൂപ്പി – ചെറിയ ചാത്തുൻകൈ
41. അമ്പലം – മാവിലാടി
42. നാറാത്ത് മെയിൻ റോഡ് – ഹരിജൻ കോളനി
43. പള്ളേരി ലക്ഷം വീട് കോളനി – റോഡ്
44. പാമ്പുരുത്തി ക്കടവ് റോഡ്
45. മാതോടം – കൊളച്ചേരി
46. അമ്പലം – വയപ്രം റോഡ്
47. പുല്ലൂപ്പി ഹരിജൻ കോളനി – മാതോടം വയൽ റോഡ്
48. നാറാത്ത് എടക്കൈ റോഡ്
49. മാതോടം എൽ.ഡി. കിണർ – വാക്കരവയൽ (ശ്മശാനം റോഡ്)
50. ചാത്തംകൈ – പുല്ലൂപ്പി വയൽ
51. ചേലേരി – കൊറ്റാളി വയൽ റോഡ്
52. മന്നറോഡ് – പുല്ലൂപ്പി വയൽ റോഡ്
53. ചേലേരി ആർ.ഡി. – മാലോട്ട് വയൽ
54. പുല്ലൂപ്പി – പുല്ലൂപ്പി വയൽ ബദർപള്ളി റോഡ്
55. മാതോടം – ചേലേരി റോഡ്
56. കമ്പിൽ – ചോയിച്ചേരി റോഡ്
57. മുണ്ടേരിക്കടവ് റോഡ് – പള്ളേരിവയൽ റോഡ്
58. എടക്കൈ റോഡ് – പള്ളേരി വയൽ റോഡ്
59. ദേശീയ മന്ദിരം – മാവിലാടി വയൽ റോഡ്
60. ഫാറൂക്ക് പള്ളി റോഡ്
61. മുണ്ടേരിഫെറി റോഡ് – പള്ളേരി തുണ്ടിക്കണ്ടി പള്ളി റോഡ്
62. കഴുത്തുംചാൽ – മണ്ഡപം റോഡ്
63. മാതോടം ലക്ഷം വീട് കോളനി റോഡ്
64. ആലിൻ കീഴ് – വെടിമാട് റോഡ്
65. വാരം റോഡ് – കാരയാപ്പ് വയൽ റോഡ്
66. പുതുക്കുടിക്കുളം – പള്ളേരി റോഡ്
67. കാക്കത്തൂരിത്തി റോഡ്
68. പുല്ലൂപ്പി – മാങ്ങാട്ട് വയൽ റോഡ്
69. ദേശീയ മന്ദിരം – എക്കിലോട്ട് ചിറ
70. ദേശീയ മന്ദിരം – മാതോടം റോഡ്
71. മാതോടം – തട്ടുപറമ്പ് റോഡ് (ഐവളപ്പ്)
72. കൊക്കട്ട വയൽ റോഡ്
73. ശവപ്പറമ്പ് – കൊളപ്പാലക്കുളം റോഡ്
74. രണ്ടാംമൈൽ – ഓണപ്പറമ്പ് റോഡ് (വാട്ടർ സപ്ലൈ ടാങ്ക്)
75. ഭഗവതിക്കാവ് – മംഗലപ്പള്ളി റോഡ്
76. കൈരളി വായനശാല – നാറാത്ത് ടെമ്പിൾ റോഡ്
77. പാറപ്പുറം – പടുവടംവയൽ റോഡ്
78. ഓണപ്പറമ്പ് – ചോയിച്ചേരി വയൽ റോഡ്
79. എടക്കൈ – ഓണപ്പറമ്പ് ലക്ഷംവീട് കോളനി റോഡ്
80. നാറാത്ത് മെയിൻ റോഡ് – രയരോത്ത് കുളം റോഡ്
81. എടക്കൈ – രയരോം കുളം റോഡ്
82. വള്ളുവം കടവ് റോഡ് – വെണ്ടോട്ട് റോഡ്
83. പുല്ലൂപ്പി ചർച്ച് – മാതോടം വയൽ റോഡ്
84. കോട്ടഞ്ചേരി – നലവട്ടണം താഴെ റോഡ്
85. മുണ്ടേൻ വയൽ റോഡ്
86. ചവിട്ടടിപ്പാറ – വയപ്രം വയൽ റോഡ്
87. എടക്കൈ – തൃക്കമഠം ശിവക്ഷേത്രം റോഡ്
88. ടി.സി. ഗേറ്റ് – കുമ്മായ ക്കടവ് റോഡ്
89. വള്ളുവൻ കടവ് – തീപ്പെട്ടി കമ്പനി റോഡ്
90. വാച്ചാപ്പുറം – ശവപ്പറമ്പ് റോഡ്
91. ഓണപ്പറമ്പ് – എടക്കൈ റോഡ്
92. മുണ്ടേരിക്കടവ് – കാരയാപ്പ് റോഡ് (ഹരിജൻ ശ്മശാന റോഡ്)
93. ശവപ്പറമ്പ് – മംഗലപ്പള്ളി റോഡ്
94. മുണ്ടേരിക്കടവ് റോഡ് (കിടങ്ങുനമ്പ്യാരുടെ വീടുമുതൽ കൊറ്റാളി വയൽ)
95. പൂയപറമ്പ് റോഡ്
96. കുട്ടുവൻകണ്ടി – കുണ്ടത്തിൽ താഴെ റോഡ്
97. കഴുത്തുംചാൽ – അമ്പല പറമ്പ് റോഡ്
98. ആറാം പീടിക പള്ളി – പള്ളേരി വയൽ റോഡ്
99.മുണ്ടയാട്ട് കനാൽ – കാഞ്ഞരപ്പൊയിൽ ഹരിജൻ കോടം റോഡ്
100. മാലോട്ട് കനാൽ – മാലോട്ട് വയൽ റോഡ്
101. തൃക്കൺമഠം അമ്പലം – ചോയിച്ചേരി വയൽ റോഡ്
102. സി.വി.കേളുവിന്റെ വീടുമുതൽ പുളിയാങ്കോട്ട് വരെ
103. തട്ടുപറമ്പിൽ പയംകുളം റോഡ്
104. കുട്ടിക്കുന്ന് താഴെ (യതീംഖാന) – നിടുവാട്ട് ജുമാഅത്ത് പള്ളി
105. നാറാത്ത് ഈസ്റ്റ് എൽ.പി.സ്കൂൾ രയരോത്ത് താഴെ റോഡ്
106. കനാൽ കട്ടിംഗ് – കണ്ണോത്ത് കുനി – ഓണപ്പറമ്പ് റോഡ്

107. തൃക്കൺ മഠം – ചോയിച്ചേരി വയൽ – നമ്പ്യാർക്കടെ റോഡ്

108. നാറാത്ത് ലക്ഷംവീട് – മുണ്ടോൻ വയൽ റോഡ്


109. നെടുവാട്ട് പള്ളി – പുളിക്കൽ താഴെ റോഡ്

110. പട്ടയപ്പറമ്പ് – വലിയ പറമ്പ് റോഡ്

111. നാറാത്ത് ബസാർ – മടത്തി കൊവ്വൽ



ഊർജ്ജം



നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം മിക്കവാറും വീടുകളിലെ ആവശ്യങ്ങൾക്കായിട്ടാണ്. ചെറിയ പങ്കുമാത്രമെ വ്യവസായികമായി ഉപയോഗിക്കുന്നുള്ളു. ഒരു സമൂഹം പുരോഗതിയുടെ പാതയിലാണെന്ന് പറയണമെങ്കിൽ ഊർജ്ജത്തിന്റെ ഉപയോഗം വ്യവസായത്തിനും കൃഷിക്കും കൂടുതലായി ഉപയോഗപ്പെടുത്താൻ കഴിയണം. അതിനു പകരം വീടുകളിൽ വെളിച്ചത്തിനും, മറ്റു ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനുമാണ്. ഇന്ന് വിനിയോഗിക്കപ്പെടുന്നത്.

പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ ഇവയാണ്.

1. വിറക് 2. വൈദ്യുതി 3. ചാണകം 4. ഗ്യാസ് 5. മണ്ണെണ്ണ ഊർജ്ജ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഇവയുടെ അവസ്ഥ ഇങ്ങനെ വിവിരിക്കാം

വിറക് :-

നാട്ടിലെ പരമ്പരാഗത വിറക് സമ്പാദന രീതിയാണ് പ്രധാനമായും ഇന്നും നിലനിൽക്കുന്നത്. പറമ്പുകളിലെ മരങ്ങളുടെ സ്രോതസ്സാണ് വിറക് ശേഖരണത്തിന് ഉപയുക്തമാകുന്നത്. വാടക താമസക്കാർ കൂടിവരുന്നതിനാലും വിറക് പ്രദേശിക ലഭ്യത കുറഞ്ഞതിനാലും മറ്റു പ്രദേശങ്ങളിൽനിന്ന് വിറക് കൊണ്ട് വന്ന് വിൽക്കുന്ന കടകൾ ഇന്ന് പലഭാഗത്തായി ഉണ്ട്. വിലകൊടുത്തു വാങ്ങുമ്പോൾ ഏറ്റവും ചിലവ് കൂടിയ ഇന്ധനമാണ്. വിറക് എന്ന് കാണാവുന്നതാണ്.

ഭക്ഷണം പാകം ചെയ്യുന്നതിന് വിറക് അടുപ്പുകളാണ് ഭൂരിപക്ഷം വീടുകളിലും ഉപയോഗിക്കുന്നത്. മൂന്ന് കല്ലുപയോഗിച്ചുള്ള പരമ്പരാഗത അടുപ്പുകളാണ് ഭൂരിപക്ഷവും. ഇവയുടെ ദക്ഷത 10% മാത്രമാണ് എന്ന് വിദഗ്ദ്ധൻ മാർ പറയുന്നു. ഈ രംഗത്ത് ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പുകൾ ചില സന്നദ്ധ സംഘടനാ പ്രവർത്തനങ്ങൾ മുഖേന ഏതാണ്ട് 250 ഓളം വീടുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അനർട്ട് പോലുള്ള സ്ഥാപനങ്ങൾക്ക് ഇത് കൂടുതലായി പ്രചരിപ്പിക്കാൻ പദ്ധതിയുണ്ട്. ഇത്തരം അടുപ്പുകളുടെ ദക്ഷത സാധാരണ അടുപ്പുകളെക്കാൾ മൂന്നിരട്ടി കൂടുതലാണ് എന്ന് അനുഭവസ്ഥർ പറയുന്നു. അതായത് വീടുകളിലെ

വിറകിന്റെ ചിലവ് മുന്നിലൊന്നായി ചുരുക്കാൻ ഇത്തരം മെച്ചപ്പെട്ട അടുപ്പുകളുടെ സ്ഥാപനം കൊണ്ട് കഴിയും.

വൈദ്യുതി :-

വീടുകളിൽ വെളിച്ചത്തിനും ഗാർഹിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ആയിട്ടാണ് പഞ്ചായത്തിലെ വൈദ്യുതിയുടെ ഉപഭോഗം കൂടുതലും നടക്കുന്നത്. അടുത്ത കാലത്തായി പവർലൂംവ്യവസായം നല്ലതോതിൽ വ്യാപിച്ചത് വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നു. ഓയിൽമിൽ, ഫ്ളവർമിൽ, തീപ്പെട്ടിക്കമ്പനി, മരമില്ല് എന്നിവയ്ക്കും വൈദ്യുതി പ്രതിസന്ധി വൻ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇന്നത്തെ നമ്മുടെ ജീവിത പ്രശ്നങ്ങളിൽ പ്രമുഖമായത് വൈദ്യുതിക്ഷാമം തന്നെയാണ് വൈദ്യുതി ഉൽപാദനത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ പൊതുപദ്ധതിയിൽ മുൻഗണന നൽകുന്ന തരത്തിൽ സജീവമായി നിർദ്ദേശങ്ങൾ ഉയർന്നു വരുന്നുണ്ട്. നമുക്ക് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ കൂടുതൽ ഇടപെടേണ്ടത് വൈദ്യുതി വിതരണ രംഗത്താണ്.

1969-70ൽ സ്ഥാപിച്ച മുണ്ടയാട് 110 KV സബ്സ്റ്റേഷനിൽ നിന്നും പുറപ്പെടുന്ന അതിരകം വയൽ 11 KV ലൈൻ കാട്ടാമ്പള്ളി പദ്ധതിക്കടുത്ത് വെച്ച് നമ്മുടെ പഞ്ചായത്തിലേക്ക് പ്രവേശിക്കുന്നു. ഈ ലൈൻ പാപ്പിനിശ്ശേരി ഫീഡർ ലൈൻ എന്നറിയപ്പെടുന്നു. പഞ്ചായത്തിലെ ഏതാണ്ട് എല്ലാ ഭാഗത്തും വൈദ്യുതി വിതരണം ഈ ഫീഡറിലൂടെയാണ്. കമ്പിൽ ഭാഗത്ത് മയ്യിൽ ഫീഡറിലൂടെയാണ് വൈദ്യുതി ലഭിക്കുന്നത്. ഈ വിതരണ ശൃംഖലയുടെ ഭാഗമായി 11 ട്രാൻസ് ഫോമറുകളും അവയുടെ അനുബന്ധ ലൈനുകളും പ്രവർത്തിക്കുന്നു. വോൾട്ടേജ് ക്ഷാമം മിക്കഭാഗങ്ങളിലും അനുഭവിക്കുന്ന ജനങ്ങൾ അവരവരുടെ പ്രദേശത്ത് ട്രാൻസ് ഫോർമർ സ്ഥാപിക്കാൻ ആവശ്യങ്ങൾ ഉയർത്തുന്നുണ്ട്. അതിരൂക്ഷമായ വൈദ്യുതി ക്ഷാമം നിലനിൽക്കുന്ന കേരളത്തിലെ വൻകിട വൈദ്യുത ഉൽപാദന പദ്ധതികൾ സ്ഥാപിക്കുക എന്നതോടൊപ്പം തന്നെ വിതരണ രംഗത്ത് ഉണ്ടാകുന്ന പ്രേഷണ നഷ്ടം കുറക്കുക എന്നതും വൈദ്യുതി പ്രതിസന്ധിപരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ഒന്നാണ്.

മണ്ണെണ്ണ :-

വൈദ്യുത കണക്ഷൻ ഇല്ലാത്ത വീടുകൾക്ക് റേഷൻകടയിലൂടെ വിതരണം ചെയ്യപ്പെടുന്നത് പരിമിതമായ മണ്ണെണ്ണയാണ് ഊർജ്ജത്തിന്റെ ഉപയോഗത്തിൽ പ്രധാനമായ പാചകത്തിന് സ്റ്റൗകളുടെ ഉപയോഗം വ്യാപിക്കാത്തതിന് പ്രദാനകാരണം. മണ്ണെണ്ണ വിതരണം വ്യാപിക്കാത്തതിനാലാണ്. ഇത് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്.

ചാണകം:-

കൃഷിയും കന്നുകാലി വളർത്തലും വ്യാപകമായുണ്ടായിരുന്ന ഈ പ്രദേശത്ത് ചാണക വരളികൾ പ്രധാന ഇന്ധനങ്ങളിൽ ഒന്നായിരുന്നു. എന്നാൽ മാറിയ ജീവിത സാഹചര്യങ്ങളിൽ ചാണക ലഭ്യതക്കുറഞ്ഞതിനാൽ ഈ സമ്പ്രദായം വളരെ കുറഞ്ഞു പോയിട്ടുണ്ട്. കാർഷിക വൃത്തിയിൽ അഭിവൃദ്ധിയുണ്ടായാൽ തൽഫലമായി കന്നുകാലി വളർത്തൽ പുരോഗതി പ്രാപിക്കുകയാണെങ്കിൽ ചാണകം ഒരു ഇന്ധനമായി ഊർജ്ജം ഉപഭോഗത്തിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്താവുന്നതാണ്.

പ്രശ്നങ്ങൾ

1. വിറകിന്റെ വില വർദ്ധനവ്

2. വൈദ്യുതി ലൈൻ പഴകിയതിനാൽ വൈദ്യുത വിതരണ ഇടക്കിടെ തകരാറിലാകുന്നു.

3. വൈദ്യുതി ലൈനിൽ മരച്ചില്ലകൾ തട്ടി ധാരാളം പ്രേഷണ നഷ്ടം സംഭവിക്കുന്നു.

4. സ്റ്റെപ്-അപ്കളുടെ അമിതമായ ഉപയോഗം

5. ട്രാൻസ്ഫോർമർ, അനുബന്ധ ലൈനുകൾ

എന്നിവയുടെ അറ്റകുറ്റപ്പണി യഥാസമയം നടത്താത്തതിനാൽ ഉള്ള പ്രശ്നങ്ങൾ

6. KSEB യിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത അവസ്ഥ.

7. വിറകിന്റെ പ്രദേശിക ലഭ്യതക്കുറവ്.

8. സ്റ്റപ്റോഡിലും മറ്റു പ്രാദേശിക റോഡുകളിലും വഴികളിലും സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്ത അവസ്ഥ.

സാധ്യതകൾ

1. ലൈനുകളിൽ മരച്ചില്ലകൾ തട്ടിയുണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ ഇത്തരം മരച്ചില്ലകൾ നീക്കം ചെയ്യാൻ ജനങ്ങളുടെ ഉത്തരവാദിത്വമായി അംഗീകരിക്കുക.

2. കാഞ്ഞിരോട് 220KV സബ്സ്റ്റേഷനുകളിൽനിന്നും ഈ പഞ്ചായത്തിലേക്ക് പുതിയ ഫീഡർ ലൈൻ സ്ഥാപിക്കൽ

3. മയ്യിൽ ഫീഡർ ലൈൻ നാറാത്ത് നമ്മുടെ നിലവിലുള്ള ഫീഡറുമായി സംയോജിപ്പിക്കാനുള്ള സാധ്യതയുണ്ട്.

4. പഞ്ചായത്തിലെ പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

5. കണ്ണാടിപ്പറമ്പ്, സ്റ്റെപ് റോഡിലും കാട്ടാമ്പള്ളി പദ്ധതി അപ്രോച്ച് റോഡിലും മറ്റ് ഗ്രാമപഞ്ചായത്ത് റോഡുകളിലും വഴിളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

6. കണ്ണാടിപ്പറമ്പിൽ KSEB സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.

7. നിലവിലുള്ള പഴകിയ എല്ലാ ലൈനുകളും അറ്റകുറ്റപ്പണി നടത്തുക.

8. കൃഷിക്കുവേണ്ടി വൈദ്യുതി പ്രത്യേകമായി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.

9. മെച്ചപ്പെട്ട വിറകടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കാനുള്ള സാധ്യത ആരായുക.

10. കൃഷിക്കാരുടെ വീടുകളിൽ ബയോഗ്യാസ് അടുപ്പുകൾ പ്രോത്സാഹിപ്പിക്കുക.

11. മണ്ണെണ്ണ വിതരണത്തിന്റെ തോത് വർദ്ധിപ്പിക്കാൻ സംവിധാനം വേണം.

12. സാമൂഹ്യ വനവൽക്കരണ പദ്ധതിയെ വിറക് ലഭ്യതക്കുള്ള ഉപാധിയായി അംഗീകരിച്ചു കൊണ്ടുള്ള പദ്ധതി നടപ്പിലാക്കുക.

13. ചെറുകിട വൈദ്യുത ഉല്പാദന നിലയങ്ങൾ സ്ഥാപിക്കാനുള്ള സാധ്യത ആരായുക.

14. സൗര റാന്തലുകൾ പ്രചരിപ്പുക്കുക.

ഊർജ്ജം ഉപയോഗം

1. വൈദ്യുതി ഉപഭോക്താക്കൾ

a)	ഗാർഹികം	3136
b)	വ്യാപാരം	620
c)	വ്യാവസായികം	65
d)	കാർഷികം	43

2. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a)	ബൾബ്	237
b)	ട്യൂബ്	14
c)	മെർക്കുറി വേപ്പർ	ഇല്ല
d)	സോഡിയം വേപ്പർ	ഇല്ല

3. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണം 16

മാർക്കറ്റ്

നമ്മുടെ പ്രദേശത്ത് കാർഷിക സമ്പദ്‌വ്യവസ്ഥയും സംസ്കാരവും നിലനിന്നതിനാൽ അവശ്യസാധനങ്ങളുടെ കൊടുക്കൽ – വാങ്ങൽ ആദ്യകാലങ്ങളിൽ ലാഭാധിഷ്ഠിതമായിരുന്നില്ല. മറിച്ച്, ആവശ്യാധിഷ്ഠിതമായിരുന്നു. കാർഷികോൽപന്നങ്ങൾ മിച്ചമുള്ള വീടുകളിൽനിന്നും നെല്ലും ഉഴുന്നും, മുതിരയും, കുമ്പളങ്ങയും, വെള്ളരിക്കയും ഒക്കെ കൈമാറ്റം ചെയ്യപ്പെടുകയും പകരം മറ്റു സാധനങ്ങളോ സേവനങ്ങളോ വാങ്ങുകയും ചെയ്തുവന്നിരുന്നു. വ്യവസായ തൊഴിലുകൾ ജീവിതത്തിന്റെ പ്രധാന വരുമാനസ്രോതസ്സായതോടെ അവശ്യസാധനങ്ങളുടെ കച്ചവടം വികസിച്ചുവരികയും കാലത്തിന്റെ മാറ്റത്തിനിടയിൽ ജനങ്ങളുടെ ദൈനംദിന ജീവിതത്തിന് ആവശ്യമായ മിക്കവാറും എല്ലാ സാധന സാമഗ്രികളും കച്ചവടം ചെയ്തു ഉപജീവനം കഴിക്കുന്ന വ്യാപാരിസമൂഹങ്ങൾ നമ്മുടെ പഞ്ചായത്തിലും കമ്പോളാധിപത്യം നേടുകയും ചെയ്തിട്ടുണ്ട്.

വീടുകളിലേക്കാവശ്യമായ അരിയും മറ്റു ഭക്ഷ്യസാധനങ്ങളും. തുണിത്തരങ്ങൾ, സൗന്ദര്യ വസ്തുക്കൾ, ഭക്ഷണ സാധനങ്ങൾ, കളിക്കോപ്പുകൾ, പാദരക്ഷകൾ, പഠന വസ്തുക്കൾ എന്നിങ്ങനെ മിക്കവാറും ചരക്കുകൾ വിറ്റ് ഉപജീവനം തേടുന്ന ചെറുകിട കച്ചവടക്കാർ പഞ്ചായത്തിൽ ധാരാളമുണ്ട്. ഈ പഞ്ചായത്തിന്റെ പ്രധാനമാർക്കറ്റിംഗ് സംവിധാനവും ഈ കച്ചവടക്കാരുടെ വകയാണ്. കണ്ണൂർ പട്ടണത്തിലെ മൊത്ത കച്ചവടക്കാരിൽ നിന്നും സാധന സാമഗ്രികൾ വാങ്ങി ഇവിടുത്തെ പീടികകളിൽ സ്റ്റോക്ക് ചെയ്ത് ആവശ്യക്കാർക്ക് വിതരണം ചെയ്യുന്ന രീതിയാണുള്ളത്. കേന്ദ്രീകൃത മാർക്കറ്റ് സംവിധാനങ്ങളോ കെട്ടിട സമുച്ചയങ്ങളോ ഈ പഞ്ചായത്തിലില്ല.

ആസൂത്രിതമായി നടക്കുന്നത്. റേഷൻകടകളോ കൺസ്യൂമർ സ്റ്റോറുകളുമാണ്. സിവിൽ സപ്ലൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 6 റേഷൻ കടകളാണ് ഈ പഞ്ചായത്തിലുള്ളത്. 3 എണ്ണം കണ്ണാടിപ്പറമ്പിലും 3 എണ്ണം നാറാത്തും. അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, എന്നിവയാണ് അതാത് സമയത്ത് സർക്കാർ നിർദ്ദേശമനുസരിച്ച് ഈ കടകളിലൂടെ വിതരണം ചെയ്യപ്പെടുന്നത്.

കണ്ണാടിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ കണ്ണാടിപ്പറമ്പ് ബസാറിലും, നാറാത്ത് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ നാറാത്ത് ബസാറിലും ആയി 2 കൺസ്യൂമർ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഓണത്തിനും മറ്റും പ്രത്യേക ചന്തകൾ സംഘടിപ്പിക്കാറുണ്ട്. മാത്രമല്ല ഗൃഹോപകരണങ്ങൾക്കായി ഒരു പ്രത്യേക ഷോറും കണ്ണാടിപ്പറമ്പിൽ നല്ലരീതിയിൽ വളർന്നു വന്നിട്ടുണ്ട്.

മത്സ്യമാംസാദികൾ വില്പനടത്തുന്നതിന് കേന്ദ്രീകരിച്ച് സംവിധാനങ്ങൾ ഒന്നും നിലവിലില്ല. കമ്പിൽ, നാറാത്ത്, കണ്ണാടിപ്പറമ്പ് പ്രദേശങ്ങളിലായി മൂന്ന് മത്സ്യമാർക്കറ്റിന് സൗകര്യമുണ്ട്. ആവശ്യമനുസരിച്ച് അവിടവിടെ മാംസം അറുത്തു വില്പന താൽകാലി കാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക എന്നതാണ് ഇറച്ചി കച്ചവടക്കാർ പൊതുവിൽ സ്വീകരിക്കുന്ന രീതി. ഇറച്ചിയുടെ അവശിഷ്ടമാലിന്യങ്ങൾ അലക്ഷ്യമായി കളയുന്നതുമായി ബന്ധപ്പട്ട് ജനങ്ങൾക്ക് പരാതിയുമുണ്ട്. മത്സ്യവില്പന മിക്കവാറും നടക്കുന്നത് റോഡുവക്കുകളിലാണ്. ഇത് ജനങ്ങൾക്ക് വല്ലാത്ത അസൗകര്യവും അതാത് സ്ഥലത്ത് മാലിന്യ പ്രശ്നവും ഉണ്ടാക്കുന്നുണ്ട്. ഇറച്ചിക്കോഴിവളർത്തൽ ഏതാണ്ട് മുന്ന് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവക്ക് നല്ല വില്പനയും ഉണ്ട് എന്ന് കരുതപ്പെടുന്നു. മുട്ടകൾക്കായി കോഴികൾ വളർത്തൽ വീടുകളിൽ മുമ്പ് വ്യാപകമായിരുന്നുവെങ്കിലും ഇപ്പോൾ അത് പരിമിതമാണ്. അതുകൊണ്ടുതന്നെ ആവശ്യമുള്ള മുട്ട മിക്കവാറും തമിഴ്നാട്ടിൽനിന്നും ലോറികളിലായി നമ്മുടെ പ്രദേശത്തെത്തുകയാണ്.

പ്രശ്നങ്ങൾ

1. മത്സ്യമാംസ വില്പനകൾക്കുള്ള മാർക്കറ്റ് ഇല്ല.

2. നിലവിലുള്ള കമ്പിൽ മാർക്കറ്റിൽ ശുചീകരണ സംവിധാനം ഇല്ല.

3. മത്സ്യം, മാംസം ഇവയ്ക്കുള്ള വിലക്കയറ്റം

4. പൊതുവിതരണകേന്ദ്രങ്ങൾ എന്ന നിലക്ക് അനുവദിക്കപ്പെടുന്ന എല്ലാ സാധനങ്ങളും റേഷൻ കടയിൽ ലഭ്യമാക്കുന്നില്ല.

5. ആവശ്യത്തിന് റേഷൻ കടകൾ ഇല്ല.

6. കൺസ്യൂമർ സ്റ്റോറുകൾ പരിമിതമായ പങ്കുമാത്രമാണ് വഹിക്കുന്നത്.

7. റേഷൻ കടകളിലും കൺസ്യൂമർ സ്റ്റോറുകളിലും ആവശ്യത്തിന് സ്റ്റോക്ക് തികയാറില്ല.

8. കേന്ദ്രീകൃത മാർക്കറ്റിംഗ് കോംപ്ലക്സുകൾ ഇല്ല.

9. കാർഷികോൽപന്നങ്ങളുടെ സംഭരണ വിപണന സംരംഭങ്ങൾ ഇല്ല.

10. മാലിന്യ നിർമാർജനത്തിന് ഒന്നും ചെയ്യാത്തതിനാൽ പരിസര ദുർഗന്ധ പൂരിതമാകുന്നു.

സാധ്യതകൾ

1. പഞ്ചായത്തിൽ നിലവിലുള്ള മാർക്കറ്റ് സ്ഥലങ്ങളിൽ കെട്ടിടം സൗകര്യപ്പെടുത്തി, ശുചീകരണ സംവിധാനമുണ്ടാക്കി മത്സ്യമാംസ വില്പന അവിടെ വെച്ച് തന്നെ നടത്താൻ നിർബന്ധിക്കുക.

2. നാറാത്ത് ബസാറിൽ പഞ്ചായത്ത് വകസ്ഥലം ഉപയോഗപ്പെടുത്തി മാർക്കറ്റിംഗ് കോംപ്ലക്സുകൾ പണിയുക.

3. ഒരു വാർഡിൽ ഒരു റേഷൻകട എന്ന നിലക്ക് ആവശ്യമുള്ള പ്രദേശങ്ങളിലെല്ലാം റേഷൻ കടകൾ സ്ഥാപിക്കുക. റേഷൻ കടയിൽ അനുവദിക്കപ്പെടുന്ന എല്ലാ സാധനങ്ങളുടെയും ലഭ്യത ഉറപ്പാക്കുക.

4. കൺസ്യൂമർ സ്റ്റോറുകൾ വിപുലീകരിക്കുക.

5. എല്ലാതരം കച്ചവടക്കാർക്കും ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

6. എല്ലാ സ്കൂളുകളെയും ബന്ധപ്പെടുത്തി പുസ്തകങ്ങൾ, പഠനസാമഗ്രികൾ, മറ്റു

അനുബന്ധ വസ്തുക്കൾ എന്നിവയുടെ വിതരണത്തിന് ഒരു സ്കൂൾ സഹകരണ സ്റ്റോർ സ്ഥാപിക്കാനുള്ള സാധ്യത ആരായുക.

7. എല്ലാവീടുകളേയും കച്ചവട സ്ഥലങ്ങളേയും ബന്ധപ്പെടുത്തി സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി, കമ്പോസ്റ്റ് വള നിർമ്മാണ പദ്ധതി എന്നിവ നടപ്പാക്കുക.

8. ആടുവളർത്തൽ, കോഴിവളർത്തൽ പരിപാടികൾ പ്രോത്സാഹിപ്പിക്കുക.

9. തേങ്ങ, മാങ്ങ, ചക്ക, നേന്ത്രക്കായ, പച്ചക്കറി സാധനങ്ങൾ, കശുവണ്ടി എന്നിവയുടെ മൊത്ത സംഭരണ കേന്ദ്രങ്ങൾ, വിപണന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കണം.

പാർപ്പിടവും സാമൂഹ്യക്ഷേമവും



നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ ഇപ്രകാരമാണ്.

ആകെ ജനങ്ങൾ : 23584

ആകെ കുടുംബങ്ങൾ : 5000ത്തോളം

ആകെ വീടുകളുടെ എണ്ണം : 4000ത്തിലധികം

സ്വന്തം വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം : 1000 ത്തോളം വരുമെന്ന് കണക്കാക്കുന്നു.

ഇന്നത്തെ പ്രത്യേക സാമൂഹ്യ സ്ഥിതിയിൽ ഒരാളുടെ ജീവിതകാലം മുഴുവനുള്ള സമ്പാദ്യവും കിട്ടാവുന്നിടത്തോളം കടവും ഒക്കെയായി വൻ സാമ്പത്തിക മുതൽ മുടക്ക് ആവശ്യമുള്ള ഒരു മേഖലയായി ഭവന നിർമ്മാണം മാറിയിട്ടുണ്ട്. കേരളീയരെ സംബന്ധിച്ചിടത്തോളം പ്രാദേശികമായി ലഭ്യമായ തെങ്ങ്, മുള, കല്ല്, മണ്ണ്, ഓട്, മരം എന്നിവ ഉപയോഗപ്പെടുത്തി അതാത് കുടുംബങ്ങളുടെ ശേഷിക്കും ആവശ്യങ്ങൾക്കും അനുസരിച്ച് വീടുണ്ടാക്കുക എന്നതായിരുന്നു പരമ്പരാഗത ശൈലി. നാടുവാഴിത്ത കാലഘട്ടത്തിൽ ഇന്നത്തെ ഭവനങ്ങളുടെ സ്ഥിതിയുമില്ല പേരുപോലും ഉണ്ടായിരുന്നില്ല. സാമൂഹ്യ ജീവിതത്തിന്റെ വിവിധ ജാതി അടിസ്ഥാനത്തിലുള്ള തട്ടുകൾ അനുസരിച്ച് ഇല്ലങ്ങൾ, വാരിയങ്ങൾ, വീടുകൾ, പുരകൾ, ചാളകൾ എന്നിങ്ങനെ വ്യത്യസ്ത രീതിയിലുള്ള ഗൃഹനിർമ്മാണ മാണ് ഉണ്ടായിരുന്നത്. ദേശീയ സ്വാതന്ത്ര്യ സംമ്പ്രദായത്തിനും ശേഷം സംഘടിത പ്രസ്ഥാനങ്ങളുടെ വളർച്ചക്കൊപ്പം കുടുംബങ്ങ ളുടെ വരുമാനത്തിൽ വന്ന മാറ്റം പ്രാദേശികമായി ചെങ്കൽ ലഭ്യത, മേച്ചിലോടു കളുടെ പ്രചാരം, വാസസ്ഥലത്തെ സംബ ന്ധിച്ചകാഴ്ചപ്പാടിൽ വന്ന മാറ്റം എന്നിവയുടെ സ്വാധീനഫലമായി ധാരാളം കല്ലുകെട്ടി ഓട് മേഞ്ഞ വീടുകൾ നിർമ്മിക്കപ്പെട്ടു. താഴ്ന്ന ജനവിഭാഗങ്ങൾ ഓല, പുല്ല് എന്നിവ മേഞ്ഞ കുടിലുകളിലും ധാരാളമായി താമസിച്ച് വന്നു. 70കളിൽ നാട്ടിൽ വന്ന ഭൂപരിഷ്കരണ നടപടികളുടെയും ട്രെയ്ഡ് യൂനിയൻ പ്രസ്ഥാനങ്ങളുടെയും സ്വാധീനഫലമായി ജനങ്ങളുടെ ക്രയശേഷി വർദ്ധിച്ചപ്പോൾ നമ്മുടെ പഞ്ചായത്തിലും ഇന്ന് നാം കാണുന്ന തരത്തിലും ഭൂരിപക്ഷം വാസസ്ഥലങ്ങളും

ചെങ്കല്ല് കെട്ടി, ഓട് മേഞ്ഞ, പ്രാഥമിക സൗകര്യങ്ങൾ ഉള്ള വീടുകളായി പരിണമിച്ചു. കുടിലുകളുടെ എണ്ണം ഗണ്യമായി ഇല്ലാതായിട്ടുണ്ടെങ്കിലും ഇന്ന് ഏതാണ്ട് 5% വീടുകൾ കുടിലുകളായി നിലനിൽക്കുന്നുണ്ട്.

ഇപ്പോഴുള്ള നാലായിരത്തിലധികം വീടുകളിൽ മിക്കവാറും കക്കൂസ്, കുളിമുറി പോലുള്ള പ്രാഥമിക സൗകര്യങ്ങളും ലഭ്യമാണ്. ദുർബല വിഭാഗങ്ങൾ തിങ്ങി പാർക്കുന്ന കോളനികൾ പഞ്ചായത്തിലുണ്ട്. കോളനികളിൽ പ്രാഥമിക സൗകര്യങ്ങളുടെയും ശുദ്ധജലത്തിന്റെയും അഭാവം വല്ലാതെയുണ്ട്. മാത്രമല്ല ഇന്നത്തെ കുടുംബ സാമൂഹ്യ പരിതസ്ഥിതികൾക്കനുസരിച്ച് വീടുകളല്ല കോളനികളിലുള്ളത് എന്നതിനാൽ പല ജീവിത പ്രയാസങ്ങളും അവിടെയുണ്ട്.

നമ്മുടെ പ്രദേശത്ത് കോൺക്രീറ്റ് ഭവനങ്ങൾ കൂടിവരുന്നു. പുതുതായി നിർമ്മിക്കുന്ന ഭവനങ്ങൾ മിക്കവാറും കോൺക്രീറ്റ് ഉപയോഗിച്ചാണ്. നമ്മുടെ പരമ്പരാഗത ശൈലിയിലുള്ള വീടുകളാണ് താമസിക്കാൻ കൂടുതൽ നല്ലത് എങ്കിലും മാറിവരുന്ന കാഴ്ചപ്പാടുകൾ മരത്തിന്റെ ലഭ്യത ഇല്ലായ്മയും വിലക്കയറ്റവും വിദഗ്ദ്ധ ജോലിക്കാരുടെ ക്ഷാമം, സ്ഥലത്തിന്റെ പരിമിതികൾ എന്നിവ കാരണം ജനങ്ങൾ കോൺക്രീറ്റ് ഭവന മാതൃക അനുസരിക്കാൻ ബാധ്യസ്ഥരായിത്തീരുകയാണ്.

ഗൾഫ് മേഖലയിൽനിന്നുള്ള വരുമാനം പരമാവധി നമ്മുടെ പ്രദേശത്തുപയോഗപ്പെടുത്തുന്നത് ഭവന നിർമ്മാണ രംഗത്താണ്. പരമ്പരാഗത കേരളീയ ജീവിതക്രമം അനുസരിച്ച് ഭവനം, അതിനു ചുറ്റുംകുറച്ച് സ്ഥലം, കോമ്പൗണ്ട് എന്നിങ്ങനെ നമുക്ക് വീടുകൾ നിർമ്മിക്കാൻ ഉള്ള ഭൂമിയുടെ ഉപയോഗം കൂടുതലായി വേണ്ടിവരും. ഈ പരിതസ്ഥിതിയിൽ നാടൻ ഊഹക്കച്ചവടത്തിന്റെ മാർഗ്ഗത്തിലാണ് ഭൂമിയുടെ വാങ്ങലും വിൽക്കലും നിയന്ത്രിക്കപ്പെടുന്നത്. അതിനാൽ ഭൂമിയുടെ കൈമാറ്റ വില വല്ലാതെ കുതിച്ചുകയറുന്നതിനാൽ ജനങ്ങൾ വിഷമിക്കുന്നുണ്ട്. മാത്രമല്ല കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, ആവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ യഥാസമയം ലഭിക്കായ്ക എന്നിവ കാരണം സാധാരണ ജനങ്ങൾക്ക് വീട് നിർമ്മാണം ഇന്നൊരു സ്വപ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. ധനികരെ അന്ധമായി അനുകരിക്കൽ, ഫാഷന്റെ പേരിലുള്ള പരിഷ്കാരങ്ങൾ, കെട്ടിട നിർമ്മാണ രംഗത്തെ സംബന്ധിച്ച അജ്ഞത എന്നിവയുടെ പേരിൽ ഈ രംഗം ധാരാളം ധൂർത്തിനും കാരണമായി തീർന്നിട്ടുണ്ട്. മുമ്പ് കെട്ടിട നിർമ്മാണ വസ്തുക്കളിൽ ഗണ്യമായ ഭാഗങ്ങൾ അതായത് ചെങ്കല്ല്, മൺകട്ടകൾ, മുള, ഓല, പുല്ല്, മരം എന്നിവ പ്രാദേശികമായിതന്നെ ലഭ്യമായിരുന്നു. എന്നാൽ ഇന്നത്തെ കെട്ടിട നിർമ്മാണ സാമഗ്രികളിൽ ചെങ്കല്ലൊഴികെ ബാക്കിയെല്ലാം അതായത് സിമെന്റ്, കമ്പി, ജില്ലി, മര ഉരുപ്പടികൾ, പെയ്ന്റ് എല്ലാം ദേശീയ കമ്പോളത്തിന്റെ ഭാഗമായി കച്ചവടം ചെയ്യപ്പെടുകയാണ് കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന വ്യവസായശാലകൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. ഉണ്ടായിരുന്ന ടൈൽ ഫാക്ടറിയുടെ ഓടിന് ഇപ്പോൾ ഉപയോഗം ഇല്ലാതായി വരുന്നു. നാട്ടിലെ ചെങ്കൽ പാറകൾ തീരുന്നതിനാൽ ഇപ്പോൾ മെഷീൻ കല്ല് മറ്റ് വിദൂര പ്രദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്നു.

ഭവനനിർമ്മാണത്തിന് സഹായിക്കുന്ന ഔദ്യോഗിക സ്ഥാപനങ്ങളായി ഒന്നും തന്നെ പഞ്ചായത്തിലില്ല. ബിൽഡിംഗ് സൊസൈറ്റികളില്ല ഭൂരിപക്ഷം പേരും സ്വന്തമായ വരുമാന സ്രോതസ്സിനു പുറമെ വ്യക്തികത ബാങ്ക് വായ്പകൾ ഉപയോഗപ്പെടുത്തി നേരിട്ട് പണിക്കാരെ വെച്ചോ സ്വകാര്യ കരാറുകാർ മുഖേനെയോ ആണ് ഗൃഹ നിർമ്മിതി നടത്തുന്നത്. പഞ്ചായത്തു സ്ഥാപനങ്ങൾ മുഖേന സർക്കാർ നടപ്പിലാക്കുന്ന കൈരളി ഭവന നിർമ്മാണ പദ്ധതി, രാജീവ് ദശലക്ഷം ഭവന പദ്ധതി, ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക ഘടക പദ്ധതി മുതലായവയുടെ ഭാഗമായി പ്രതിവർഷം 50 ഓളം വീടുകൾ അനുവദിക്കപ്പെടുന്നുണ്ട്. കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന പഞ്ചായത്തിൽ നിർമ്മിക്കപ്പെടുന്നത് ശരാശരി അഞ്ചോ ആറോ വീടുകൾ മാത്രമാണ്. അതായത് അംഗീകൃത ഔദ്യോഗിക ഏജൻസികളുടെ സഹായം ഉപയോഗിക്കുന്നതിൽ നമ്മുടെപഞ്ചായത്തിലെ ജനങ്ങൾ പിന്നോട്ടാണെന്നും മാത്രമല്ല

ഔദ്യോഗിക ഏജൻസികളെല്ലാം തന്നെ ഗ്രാമ പ്രദേശങ്ങളിലെ ഭവന പദ്ധതികളിൽ താൽപര്യം എടുക്കുന്നില്ല എന്നും ഇതിൽനിന്നും അനുമാനിക്കാവുന്നതാണ്.

പാർപ്പിട രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

2. ഭൂമിയുടെ അശാസ്ത്രീയമായ വിലനിർണ്ണയവും വിലക്കയറ്റവും.

3. വിദഗ്ദ്ധതൊഴിലാളികളുടെ ലഭ്യത വേണ്ടത്ര ഇല്ലായ്മ

4. അനുയോജ്യമായ കെട്ടിട നിർമ്മാണ രീതികളോട് പ്രതിപത്തി ഇല്ലായ്മ.

5. ചില മേഖലകളിൽ ദുർത്തിനോടുള്ള അനുകരണ ശീലം.

6. വിവിധ ഭവനനിർമ്മാണ പദ്ധതികൾ അറിയാത്ത പ്രശ്നം

7. സംഘടിത സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ തൊഴിൽ ചെയ്യുന്നതിനും പ്രതിഫലം നൽകുന്നതിലും മറ്റും അരാചക പ്രവണതകൾ വർദ്ധിക്കുന്നു.

8. കോളനി താമസക്കാർക്കുള്ള പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത.

സാധ്യതകൾ

1. ഭവന നിർമ്മാണ സഹകരണ സംഘങ്ങളുടെ രൂപീകരണം

2. കെട്ടിടനിർമ്മാണ സാമഗ്രികളുടെ മൊത്ത സംഭരണത്തിനും വിപണനത്തിനും സാഹചര്യം ഉണ്ടാക്കൽ

3. കോനികളിലെ താമസക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ പ്രത്യേക പദ്ധതികൾ വഴി നടപ്പിലാക്കുക. കോളനികളിൽ കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുക.

4. സർക്കാർ – മറ്റു ഇതര സ്ഥാപനങ്ങളുടെ വിവിധ ഭവന നിർമ്മാണ പദ്ധതികളെ സംബന്ധിച്ച ബോധവൽക്കരണം.

5. പ്രാദേശിക ധനകാര്യ സ്ഥാപനങ്ങൾ മുഖേന പ്രത്യേക ഭവന വായ്പാ പദ്ധതികൾ ആവിഷ്കരിക്കുക.

6. ദുർബല വിഭാഗങ്ങൾക്ക് വീട് വെക്കാനുള്ള സ്ഥലം ഏറ്റെടുത്ത് വിതരണം ചെയ്യാൻ പദ്ധതി വേണം.

7. അനുയോജ്യമായ കെട്ടിട നിർമ്മാണ വിദ്യകൾ പ്രോത്സാഹിപ്പിക്കാൻ നടപടി എടുക്കുക.

8. ധൂർത്തിനെ നിരുത്സാഹപ്പെടുത്തുന്ന തരത്തിൽ നികുതി സമ്പ്രദായം പരിഷ്കരിക്കുക.

9. പ്രാദേശിക തനിമയുള്ള, കാലാവസ്ഥക്കും, ആവാസ വ്യവസ്ഥക്കും യോജിച്ച കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ ബോധവൽക്കരണം.

10. ഭവന നിർമ്മാണ വായ്പകൾ അനുവദിക്കുന്ന നടപടിക്രമങ്ങൾ ലളിതമാക്കുക.

11. പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും, അംഗൻവാടികൾക്കും സ്വന്തം കെട്ടിടം പണിയുവാൻ പദ്ധതികൾ വേണം.

12, ഭവന നിർമ്മാണത്തിന് പറ്റിയ സ്ഥലങ്ങൾ, സാധ്യതയില്ലാത്ത് സ്ഥലങ്ങൾ, കൃഷി സ്ഥലങ്ങൾ എന്നിവ പ്രത്യേകം വേർത്തിരിച്ച് പ്രഖ്യാപിക്കുക.

സാമൂഹ്യ ക്ഷേമം

മനുഷ്യ ജീവിതത്തിലെ ഏറ്റവും പരിതാപകരമായ അനുഭവമാണ് ദാരിദ്ര്യം. തികച്ചും സാമൂഹ്യനീതിയുടെതായ പ്രശ്നമാണിത്. സാമ്പത്തിക വളർച്ചയോടൊപ്പം നീതിപൂർവകമായ വിതരണം ഉറപ്പുവരുത്താത്തതുകൊണ്ട് വന്നുചേർന്ന വീഴ്ചകൾ ലഘൂകരിക്കുന്നതിനാണ് ഭരണകൂടങ്ങൾ

സാമൂഹ്യക്ഷേമ നടപടികൾ ഏർപ്പെടുത്തുന്നത്. ജീവിതത്തിന്റെ ഭൗതികഗുണനിലവാരസൂചിക ലോകാരോഗ്യ സംഘടന നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ഇന്ത്യയുടെ സ്ഥാനം 30 നും 40 നും ഇടയിലാണ്. എന്നാൽ കേരളത്തിന്റെ സ്ഥാനം മാത്രം പരശോധിച്ചാൽ 20-ൽ താഴെയാണ്. കേരളം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിജയമാണിത്.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ കേരളം വളരെ മുന്നിലാണ്. എന്നാൽ നമ്മുടെ പ്രദേശത്തും ഈ വിവിധ ക്ഷേമ പദ്ധതികളുടെയോ മറ്റ് സാമൂഹ്യ ക്ഷേമ പ്രവർത്തനപരിപാടികളുടേയോ ഗുണ ഫലങ്ങളുടെ അപര്യാപ്തതകളും ഉണ്ട്. ഇവ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ പദ്ധതികളുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ സംഘടിത ശ്രമങ്ങൾ ആവശ്യമാണ്.

ഉദാഹരണമായി ചിലകാര്യങ്ങൾ ചർച്ചകൾക്കായി അവതരിപ്പിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ നൂറിലധികം കുടുംബങ്ങൾ ഉൾനാടൻ ജലാശയത്തിൽ നിന്നും, കാട്ടാമ്പള്ളി പദ്ധതിപ്രദേശത്തുനിന്നും ചെമ്മീൻ ഉൾപ്പെടേയുള്ള മത്സ്യം പിടിച്ച് ഉപജീവനം തേടുന്നവർ ഉണ്ടായിരുന്നു. പ്രത്യേകിച്ച് വള്ളുവ സമുദായക്കാർ മാറിയ ജീവിതസാഹചര്യങ്ങളിൽ അവർക്ക് അവരുടെ പരമ്പരാഗത തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പകരം അവർക്ക് എന്താണ് കിട്ടിയത്? അവരുടെ ജീവിത പ്രയാസങ്ങൾ എന്താണ് അന്വേഷിക്കേണ്ടതല്ലെ.

പഴയ സമ്പ്രദായത്തിൽ സമൂഹജീവിതത്തിൽ ആരാധനാകലകളുമായി ബന്ധപ്പെട്ട ചില കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ആടിയും വേടനും, നാഗത്താൻ പാട്ടുകളും, ഉഴിഞ്ഞു മുറിക്കലുകളും, ജപിച്ചു കെട്ടലുകളും ഇന്ന് അപ്രത്യക്ഷമാവുകയോ ഉണ്ടെങ്കിൽ തന്നെ അതൊക്കെ ഒരു വരുമാന മാർഗ്ഗമല്ലാതാവുകയോ ചെയ്തിട്ടുണ്ട്. അത്തരം കുടുംബങ്ങളുടെ ഇന്നത്തെ ദൈന്യമായ അവസ്ഥ ഇന്നത്തെയും നാളത്തേയും കേരളത്തിന് യോജിച്ചതാണോ?

ഇങ്ങിനെ ചിലകാര്യങ്ങൾ ഓർമ്മപ്പെടുത്തികൊണ്ട് ഇപ്പോൾ നടപ്പിലാക്കിവരുന്ന ചില പ്രധാനപ്പെട്ട സാമൂഹ്യക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് നോക്കാം.

1. വാർദ്ധക്യ കാല പെൻഷൻ

2. വിധവാ പെൻഷൻ

3. വികലാംഗ പെൻഷൻ

4. ക്ഷയ രോഗികൾ, കുഷ്ഠരോഗികൾ, കാൻസർ രോഗികൾ എന്നിവർക്കുള്ള പ്രത്യേക സഹായ പദ്ധതികൾ

5. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സഹായം

6. വ്യക്തിപര അപകട ഇൻഷുറൻസ്.

7. പ്രകൃതിക്ഷോഭം- തീപിടുത്തം എന്നിവമൂലം വീട് നശിച്ചവർക്കുള്ള സഹായം

8. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

9. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പോഷകാഹാര വിതരണ പദ്ധതി

10. മിശ്രവിവാഹിതർക്കുള്ള ധനസഹായം

11. കർഷക തൊഴിലാളി പെൻഷൻ

12. വിവിധ പരമ്പരാഗത തൊഴിലാളി ക്ഷേമനിധി

13. നിർമ്മാണ തൊഴിലാളികൾക്കുള്ള ക്ഷേമനിധിയും പ്രത്യേക സഹായവും

14. തൊഴിലില്ലായ്മ വേതനം

15. അവശ കലാകാര പെൻഷൻ

16. ചെലവുകുറഞ്ഞ കക്കൂസുകളുടെ സ്ഥാപനം

17. RDP മുഖേനയുള്ള ധനസഹായ പദ്ധതികൾ

18. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതി

ഇത്തരം പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരവധി പരാതികളും പരിദേവനങ്ങളും പൊതു ജനങ്ങൾക്കുണ്ട്. പദ്ധതികളുടെ നടപ്പിലാക്കൽ നടപടികൾ ലളിതവുമല്ല. പലപ്പോഴും വ്യക്തിഗത പരിഗണനകൾ, മുൻവിധികൾ തീരുമാന മെടുക്കുന്നതിൽ സ്വാധീനിക്കുകയും ചെയ്യുന്നു. ഇത്തരം പദ്ധതികളുടെ ഗുണങ്ങൾ യഥാർത്ഥമായി അർഹരായവർക്ക് കിട്ടുന്നില്ല എന്ന് പരാതി അതിനാൽ നിലനിൽക്കുന്നു. കൂടാതെ ഒരു സമൂഹം എന്ന നിലക്ക് കൂട്ടായി അനുഭവിക്കാൻ കഴിയുന്ന പരിപാടികൾക്ക് മുൻഗണന നൽകാതെ നടപ്പിലാക്കപ്പെടുന്നതു കാരണം ഗുണഭോക്താക്കളുടെ സാമൂഹ്യ പദവി മെച്ചപ്പെടുത്താൻ കഴിയുന്നില്ല എന്ന ആക്ഷേപവും ഉണ്ട്. പദ്ധതിയുടെ ശരിയായ പ്രയോഗത്തിനും അതനുസരിച്ചുള്ള സദ്ഫലങ്ങളും ജനങ്ങൾക്ക് ലഭിക്കണമെങ്കിൽ ശരിയായ വിശകലനം ആവശ്യമാണ്.

പ്രശ്നങ്ങൾ

1. ധനസഹായങ്ങൾ യഥാവസരം ലഭിക്കുന്നില്ല.

2. വിവിധ പദ്ധതികളിൽ അനുവദിക്കപ്പെടുന്ന സഹായങ്ങൾ ആവശ്യങ്ങൾക്കനുയോജ്യമായ വിധത്തിൽ വർദ്ധിക്കുന്നില്ല.

3. നടപടിക്രമങ്ങൾ പലപ്പോഴും ലളിതമല്ല. സാധാരണക്കാരന് അപ്രാപ്യവും

4. അർഹർക്ക് ലഭിക്കാതെയും അനർഹർക്ക് ലഭിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്.

5. തീരുമാനമെടുക്കുന്നതിൽ ജനപങ്കാളിത്തമില്ല.

6. പ്രാഥമിക സൗകര്യങ്ങളായ കക്കൂസ് വ്യാപനം, കുടിവെള്ള വിതരണം തുടങ്ങിയവക്ക് മുൻഗണന ലഭിക്കുന്നില്ല.

7. വ്യക്തിഗത ആനുകൂല്യങ്ങൾക്ക് പകരം ഗുണഭോക്താക്കളുടെ സാമൂഹ്യ പദവി ഉയർത്താനാവശ്യമായ കൂട്ടായ്മാ പ്രവർത്തന പദ്ധതികൾക്ക് മുൻഗണന വേണം.

സാധ്യതകൾ

1. സാമൂഹ്യക്ഷേമ നടപടികൾ എല്ലാം പഞ്ചായത്തുകൾ വഴി നടപ്പിലാക്കുക.

2. വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ പഞ്ചായത്ത് അടിസ്ഥാനത്തിൽ റജിസ്റ്റർ ചെയ്യുക.

3. ധനസഹായങ്ങൾ യഥാസമയം ലഭിക്കാൻ നടപടി വേണം.

4. തീരുമാനങ്ങൾ എടുക്കാൻ ജനകീയ മോണിട്ടറിംഗ് കമ്മറ്റികൾക്ക് പങ്കാളിത്തം വേണം.

5. സാമൂഹ്യ ക്ഷേമ പരിപാടികളിൽ തൊഴിൽ സംരംഭങ്ങൾക്ക് മുൻഗണന

6. സാധ്യമായ എല്ലാ പ്രദേശത്തും അംഗൻവാടികൾ നിർബന്ധമാക്കുക.

7. കുടിവെള്ള വിതരണം, കക്കൂസ് വ്യാപനം എന്നിവക്ക് കൂട്ടായ്മാ പദ്ധതികൾ ഏർപ്പെടുത്തുക.

8. പരമ്പരാഗത തൊഴിലുകൾ നഷ്ടപ്പെടുമ്പോൾ ബാധിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ അനുയോജ്യമായ പദ്ധതികൾ വേണം.

IRDP സർവ്വേപ്രകാരം – ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	1325
ഇതിൽ SC/ST കുടുംബങ്ങൾ	132
നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങൾ	163
ഇതിൽ SC/ST	112
സഹായം ലഭിച്ചത് വഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിയകുടുംബങ്ങൾ	38

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം. (IRDP സർവ്വേ പ്രകാരം)	വിവിധ പദ്ധതികൾക്കായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992– ന് ശേഷം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
I	115	-		
II	79	2		
III	53	-		
IV	105	8		
V	76	10		
VI	111	-		
VII	110	1		
VIII	104	3		
IX	60	7		
X	76	-		

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുളഅള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പരിപാടി കളിലായി അനുവദിച്ച വീടുകൾ	പൂർത്തീ കരിച്ചവീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരി ക്കാനുള്ള വീട്	ഇനിയും അനുവ ദിക്കേണ്ട വീടുക ളുടെ എണ്ണം
1	2	3	4	5	6
I	8	-	-	-	8
II	12	10	8	2	2
III	2	2	2		-
IV	5	4	4		1
V	3	-	-		3
VI	4	1	1		3
VII	4	2	2		2
VIII	9	1	1		8
IX	2	1	1		1
X	6	4	4		2

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവ രുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവ രുടെ എണ്ണം	ഇതര തൊഴിലുക ളിൽ ഏർപ്പെട്ടിരിക്കു ന്നവരുടെ എണ്ണം	അപേക്ഷി ക്കുന്നവർ
1	2	3	4	5	6
I	ഓട്ടോ മോബൈൽ എഞ്ചിനിയറിംഗ്	3			
II	പ്ലംബിങ്ങ്	1			
III	ഹോട്ടൽ തൊഴിൽ	8			
IV	റേഡിയോ & ടി.വി.	3			
V	Welding	1			
VI	Sheet metal	1			
VII	Watch Works	2			
VIII	Type Writing	1			

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

വാർഡ് നമ്പർ	IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹർതയുള്ളവരുടെ എണ്ണം	കുറിപ്പ്
I	1	-	-	
II	5	4	1	
III	15	9	6	
IV	2	12	2	
V	8	6	2	
VI	15	4	11	
VII	14	1	13	
VIII	3	1	2	
IX	4	1	3	
X	15	4	11	

പഞ്ചായത്തിലെ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം					വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടത്തിന്റെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ				
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	666	150	25	488	3		
II	517	160	20	329	8		
III	631	150	60	409	12		
IV	504	160	58	258	30		
V	502	100	18	369	15		
VI	463	80	26	353	4		
VII	484	96	30	350	8		
VIII	738	83	17	625	13		
IX	656	60	23	567	6		
X	537	88	18	419	12		
ആകെ	5700	1127	295	4167	111		

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം 5700	1991-92	1992-93	1993-94	1994-95	1995-96
3860	4720	4772	4829	4956	

സംസ്കാരം



പ്രാചിന മനുഷ്യന്റെയും ആധുനിക മനുഷ്യന്റെയും നാഗരികതയും, സംസ്കാരവും രൂപപ്പെടുത്തുന്നതിൽ നദികൾക്ക് അനേകം കഥകൾ പറയാനുണ്ടാകും. നദികൾ കാല പ്രവാഹത്തിൽ മുന്നോട്ട് ഒഴുകുകയും തീരങ്ങളിൽ സംസ്കാരങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു. വളപട്ടണം പുഴ കാട്ടാമ്പള്ളിയിൽ ഇഴ പിരിയുകയും നാറാത്ത് ഗ്രാമപഞ്ചായത്തിനെ തലോടികൊണ്ട് കിഴക്കു ഭാഗമായ പുല്ലൂപ്പി കടവും, വാരംകടവും കടന്ന് മുണ്ടേരിയിലേക്കും പടിഞ്ഞാറേ ഭാഗം കമ്പിൽ കൂടി മുകൾഭാഗ ത്തേക്ക് നീങ്ങുന്നു.

ഇതിനാൽ തന്നെ നാറാത്ത് ഗ്രാമപഞ്ചായത്തിൽ ഒരു കാർഷിക സംസ്കാര മാണ് രൂപപ്പെട്ടത്. പഞ്ചായത്തിലെ ഭൂപ്രദേശ ങ്ങളിൽ വലിയൊരുഭാഗം കൃഷിസ്ഥലമാണ്. ഈ വയലിനെ പിളർന്നുകൊണ്ടാണ് നാഗരിക സംസ്കാരം നാറാത്ത് പഞ്ചായത്തിലേക്ക് കടന്നു വരുന്നത്. അതുകൊണ്ട് കണ്ണാടിപറമ്പും നാറാത്തുമായി രണ്ടു വില്ലേജുകൾ രൂപപ്പെടു കയും സാംസ്കാരികമായി അല്പം വ്യത്യാസ ങ്ങൾ കാണാൻ കഴിയുകയും ചെയ്യും.

വ്യത്യസ്ത മത വിഭാഗങ്ങളുടേയും, ജാതികളുടേയും കൂട്ടായ്മയും അതാത് മതങ്ങളുടേയും ജാതികളുടേയും പരമ്പരാഗത മായ തൊഴിലും ഇതിൽ നിന്ന് രൂപപ്പെടുന്ന സംസ്കാരവുമാണ് നമ്മുടെ പഞ്ചായത്തി നുള്ളത്.

ഈയൊരു പശ്ചാത്തലത്തിൽ നാറാത്ത് ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക വളർച്ച പരിശോധിക്കുമ്പോൾ സാംസ്കാരിക മായി വളരെയൊന്നും ഉയരാൻ കഴിഞ്ഞിട്ടില്ലെന്ന് നമുക്ക് കാണാൻ കഴിയും. മതപരമായും, ജാതീയമായും പിന്നോക്കം നിൽക്കുന്ന സമൂഹത്തെ സാംസ്കാരിക പുരോഗതിയുടെ പാതയിലേക്ക് കൊണ്ടുവരണമെങ്കിൽ വിദ്യാഭ്യാസപരമായി ഉയർത്തേണ്ടതുണ്ട്. ഈ രംഗത്ത് ദേശീയ പ്രസ്ഥാന കാലഘട്ടത്തിന് മുൻപ് തന്നെ സുപ്രധാനമായ പങ്ക് വഹിച്ചുവരുന്നത്- സ്കൂളുകൾ, വായനശാല കൾ, ഗ്രന്ഥാലയങ്ങൾ, സാസ്കാരിക

സംഘങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവയാണെന്ന് കാണാം.ഈ പ്രസ്ഥാനങ്ങൾ സാംസ്കാരിക രംഗത്ത് അവയുടെ പ്രവർത്തനങ്ങൾ ആദ്യകാലത്തേത് പോലെ ഗൗരവമായി മുന്നോട്ട് പോകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. സമൂഹത്തലെ അയിത്താചരണം പോലുള്ള അനാചാരങ്ങൾക്കെതിരെ, അന്ധവിശ്വാസങ്ങൾ ക്കെതിരെ ദേശീയ പ്രസ്ഥാന കാലഘട്ടം മുതൽ നാട്ടിൽ നടത്തിവന്നിരുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ പുതിയ കാലഘട്ടത്തിനനുയോജ്യമായ വിധത്തിൽ തുടർന്നു വന്നിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗങ്ങൾക്ക് ക്ഷേത്രപ്രവേശനാവകാശങ്ങൾ ലഭിക്കുന്നതിനു വേണ്ടി യം.പി. കേശവൻ മാസ്റ്റർ, ടി.സി. നാരായണൻ നമ്പ്യാർ, ഇ. നാരായണൻ മാസ്റ്റർ തുടങ്ങിയവരെ പോലുള്ളവർ നടത്തിയ പ്രവർത്തനങ്ങളെ നമുക്ക് അനുസ്മരിക്കാവുന്നവയാണ്. പാണ്ഡ്യാല പറയന്റെയും, കറുവൻ മാസ്റ്ററുടെയും നേതൃത്വത്തിലുള്ള പട്ടികജാതി അംഗങ്ങളെ ഉൾപ്പെടുത്തി സവർണ്ണരുടെമാത്രം വഴിയിൽ കൂടി "വഴിനടത്ത്" ക്ഷേത്രപ്രവേശനം തുടങ്ങിയവയുടെ ആദ്യപാതി അവർ നിർവഹിച്ചു.

മതപരമായും ജാതീയമായും ജനങ്ങളെ ആദ്യകാലങ്ങളിൽ ഒത്തു ചേരാൻ സഹായിച്ചിരുന്നത് അമ്പലങ്ങൾ, കാവുകൾ, പള്ളികൾ മുതലായവയായിരുന്നു. 'ഹിന്ദുമതം' അതിലടങ്ങിയ വിവിധ ജാതികളിൽ പെട്ടവരും മുസ്ലീങ്ങളും ആണ് ഈ പഞ്ചായത്തിലെ ജനങ്ങൾ എന്നാൽ 70 കളിലെ പട്ടുവത്തെ ദീന സേവന സമുദായക്കാരുടെ പ്രവർത്തനഫലമായി ഈ പഞ്ചായത്തിലും പട്ടികജാതിയിൽപ്പെട്ട കുറേപ്പേർ ക്രിസ്ത്യാനികളായി മതം മാറിയിട്ടുണ്ട്. അതിനാൽ ഇന്ന് ഹിന്ദു – മുസ്ലീം – ക്രിസ്ത്യൻ മതവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശമാണ് നാറാത്ത് ഗ്രാമപഞ്ചായത്ത് എന്നു പറയാം. ഈ വിവിധ മതവിഭാഗങ്ങളുമായി ബന്ധപ്പെട്ട ആരാധനാലയങ്ങൾ നിരവധിയുണ്ട്. ഇവയിൽ മിക്കതിലും പതിവായ് ഉത്സവങ്ങളും ആഘോഷങ്ങളും നടക്കാറുമുണ്ട്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ആരാധനാലയങ്ങൾ

ഹിന്ദുമതം

1. കണ്ണാടിപ്പറമ്പ് ശ്രീ ധർമ്മശാസ്താ ക്ഷേത്രം
2. കോട്ടാഞ്ചേരി പുതിയ ഭഗവതിക്കാവ്
3. ആയാട്ടത്തിൽ കോട്ടം പുല്ലൂപ്പി
4. പതിയപറമ്പ് സ്ഥാനം മാതോടം
5. കോടാരം കോട്ടം മാതോടം
6. ബാലിക്ഷേത്രം മാതോടം
7. പുതിയ ഭഗവതി കോട്ടം കണ്ണാടിപ്പറമ്പ്
8. വയനാട്ട് കുലവൻ ക്ഷേത്രം മാതോടം
9. പടിഞ്ഞാറേക്കരമ്മൽ കോട്ടം മാതോടം
10. ശ്രീ കുറുമ്പ ഭഗവതിക്കാവ് കൊറ്റാളി
11. ശ്രീ വിഷ്ണുക്ഷേത്രം കാനത്തിൽ
12. ബാലിക്ഷേത്രം മാലോട്ട്
13. കണ്ണാടിപ്പറമ്പ് ശിവക്ഷേത്രം
14. പടിഞ്ഞാട്ടില്ലം വിഷ്ണുക്ഷേത്രം
15. ഗണപതി മണ്ഡപം കണ്ണാടിപ്പറമ്പ്
16. പൊട്ടൻ ദൈവസ്ഥാനം മാലോട്ട്
17. പൊട്ടൻ ദൈവസ്ഥാനം പുല്ലൂപ്പി
18. ശ്രീ മുത്തപ്പൻക്ഷേത്രം വാരംറോഡ്
19. കൈത്തല തോട്ടുംകര ഭഗവതിക്ഷേത്രം
20. തൃക്കന് മഠം ക്ഷേത്രം നാറാത്ത്
21. ശ്രീ കൃഷ്ണ ക്ഷേത്രം നാറാത്ത്
22. അയ്യപ്പൻ കാവ് പള്ളേരി
23. വിശ്വകർമ്മ ഊർപ്പഴശ്ശിക്കാവ് ചെറുവാക്കര
24. ബാലിക്ഷേത്രം ഒണപ്പറമ്പ്.
25. പുതിയ ഭഗവതിക്കാവ് ഓണപ്പറമ്പ്
26. മുച്ചിലോട്ട് ഭഗവതി ക്ഷേത്രം നാറാത്ത്
27. മാരിയമ്മൻ കോട്ടം രണ്ടാംമൈൽ
28. ഗണപതി മണ്ഡപം കുറുവൻതെരു
29. ചേരിക്കൽ ഭഗവതിക്ഷേത്രം നാറാത്ത്

ക്രിസ്ത്യൻ മതം

1. സെന്റ് ഇഗ്നേഷ്യസ് ചർച്ച് പുല്ലൂപ്പി

മുസ്ലീം മതം – ജുമാ മസ്ജിദുകൾ

1. കുമ്മായക്കടവ് ശാദുലിയ ജുമാമസ്ജിദ്
2. നാറാത്ത് ജുമാമസ്ജിദ്
3. നിടുവാട്ട് ഒളിയങ്കര ജുമാമസ്ജിദ്
4. പീടികത്തെരു ബദർ ജുമാമസ്ജിദ്
5. മാലോട്ട് ജുമാമസ്ജിദ്
6. മാതോടം ജുമാമസ്ജിദ്
7. പുല്ലൂപ്പി ഹൈദ്രോസ് ജുമാമസ്ജിദ്

മസ്ജിദുകൾ

1. കമ്പിൽ മൈതാനിപ്പള്ളി
2. നാറാത്ത് ബദരിയ മസ്ജിദ്
3. നാറാത്ത് മന്ന മഖാം മസ്ജിദ്
4. നാറാത്ത് ബസാർ ഖിളർ മസ്ജിദ്
5. കണ്ടത്തിൽ ഹൈദ്രോസ് പള്ളി
6. നാറാത്ത് കല്ലുരിക്കടവ് മുഹ്യിദ്ദീൻ പള്ളി
7. വാച്ചാപ്പുറം രിഫാഇയ്യ മസ്ജിദ്
8. രണ്ടാംമൈൽ മുഹ്യിദ്ദീൻ പള്ളി
9. മാലോട്ട് ശാദുലി പള്ളി
10. ഖർർ മസ്ജിദ് മാലോട്ട്
11. തുണ്ടിക്കണ്ടിയിൽ മസ്ജിദ്
12. കൊറ്റാളിപ്പള്ളി
13. റഹ്മാനിയ പള്ളി വാരം റോഡ്
14. ഫാറൂഖ് പള്ളി
15. കരിപ്പായിൽ ബദർ പള്ളി
16. മൂലയിൽ താഴെ പള്ളി
17. സിദ്ദീഖ് പള്ളി കണ്ണാടിപ്പറമ്പ് ബസാർ
18. യാകൂബിയ മസ്ജിദ് പള്ളേരി ആറാം പീടിക
19. മൊഹ്യുദ്ദീൻ പള്ളി നിടുവാട്ട്

കാണാടിപ്പറമ്പ് ശാസ്താ ക്ഷേത്രവുമായി ബന്ധപ്പെട്ടു നടക്കുന്ന ഉത്രവിളക്കു മഹോത്സവം, ഊട്ടുത്സവം, കമ്പിൽ, നാറാത്ത്, നിടുവാട്ട പള്ളികൾ കേന്ദ്രീകരിച്ചു നടത്തുന്ന ആണ്ടു നേർച്ചകൾ, പുല്ലൂപ്പി സെന്റ് ഇഗ്നേഷ്യസ് ചർച്ചിൽ നടക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങൾ എന്നിവയിൽ വിപുലമായ വിവിധ ജാതി മതസ്ഥരടങ്ങുന്ന ജനപങ്കാളിത്തം ഉണ്ടാകാറുണ്ട്. എല്ലാ വിഭാഗം ജനങ്ങളും പൊതുവിൽ ഐക്യത്തോടെ കഴിഞ്ഞുവരുന്ന പ്രദേശമാണ് ഇത്. എല്ലാ ക്ഷേത്രങ്ങളിലും ഉത്സവങ്ങളും, പള്ളികളിലെ ആണ്ടുനേർച്ചകളും കാലാകാലം ആഘോഷിച്ചു വരുന്നു. അവകളിൽ എല്ലാ നാനാ ജാതി മതസ്ഥരും പങ്കെടുത്തുവരുന്നു.

വിവിധ ആരാധനാ രൂപങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങളും, ചിത്രകലയും ഇന്ന് പ്രത്യേകം പ്രോത്സാഹനം അർഹിക്കുന്നുണ്ട്. ആടിയും വേടനും, ദഫ്മൂട്ട് കോൽക്കളി തുടങ്ങിയവ ഇന്ന് നാശോൻമുഖമായിട്ടുണ്ട്.

ഏതു പ്രദേശത്തിന്റെയും സാംസ്കാരിക വളർച്ചയിൽ നിർണ്ണായക സ്ഥാനം വഹിക്കുക ആ പ്രദേശത്ത് പ്രവർത്തിക്കുന്ന വായനശാല, ഗ്രന്ഥാലയങ്ങൾ, ക്ലബുകൾ മറ്റ് സാംസ്കാരിക സന്നദ്ധ സംഘടനകൾ എന്നിവയായിരിക്കും. ഈ വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രത്യേകം കൊടുത്തിരിക്കുന്നു.

1. ദേശീയമന്ദിരം വായനശാല & ഗ്രന്ഥാലയം കണ്ണാടിപ്പറമ്പ്
2. ഷൂട്ടേർസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പുല്ലൂപ്പി.
3. മഹാത്മ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പുല്ലൂപ്പി.
4. ത്രീവേണി കലാ സാസ്കാരിക വേദി പുല്ലൂപ്പി.
5. അംബേദ്കർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പുല്ലൂപ്പി.
6. പാർ ജാസ് സ്പോർട്ട്സ് ക്ലബ്ബ് പുല്ലൂപ്പി.
7. നെരുദ കൾച്ചറൽ റിക്രിയേഷൻ സെന്റർ കണ്ണാടിപ്പറമ്പ്.
8. നളന്ദ കലാ സാംസ്കാരിക വേദി പള്ളേരി.

9. യുവശക്തി ആർട്ട്സ് ക്ലബ്ബ് പീടികത്തെരു .

10. കുഞ്ഞമ്മൻ സ്മാരക കലാ വേദി വാരം റോഡ്.

11. പി.സി. അനന്തൻ സ്മാരക കലാകേന്ദ്രം കണ്ണാടിപ്പറമ്പ് .

12. പ്രീയദർശിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് മാതോടം.

13. ജൈജന്റിക്ക് സ്പോർട്ട്സ് ക്ലബ്ബ് പീടികത്തെരു.

14. നവഭാരത് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് മാലോട്ട് .

15. മുസ്ലീം ഗൈഡൻസ് അസോസിയേഷൻ പീടികത്തെരു.

16. സഹൃദയ വേദി കണ്ണാടിപ്പറമ്പ്.

17. പഞ്ചായത്ത് വായനശാല കണ്ണാടിപ്പറമ്പ് .

18. പഞ്ചായത്ത് സാംസ്കാരിക മന്ദിരം കണ്ണാടിപ്പറമ്പ്.

19. കമ്പിൽയുവ ജന വായനശാല & ഗ്രന്ഥാലയം കമ്പിൽ

20. കൈരളി വായനശാല & ഗ്രന്ഥാലയം (കണ്ണാടിപ്പറമ്പ്)

21. എസ്.ആർ. ആർട്ട്സ് & വായനശാല നാറാത്ത്.

22. ഭാരതീയ സാംസ്കാരിക കേന്ദ്രം നാറാത്ത്.

23. യുവജന സാംസ്കാരികകേന്ദ്രം രണ്ടാം മൈൽ.

24. ഇന്ത്യൻ സ്പോർട്സ് & ആർട്ട്സ് ക്ലബ്ബ് നാറാത്ത്.

25. ഫ്രന്റ്സ് ഇന്ത്യ നാറാത്ത്.

26. സി.എച്. മുഹമ്മദ് കോയ സാംസ്കാരിക കേന്ദ്രം നാറാത്ത്.

27. വൈക്കം മുഹമ്മദ് ബഷീർ കലാകേന്ദ്രം നാറാത്ത്.

28. മൈത്രി കലാകേന്ദ്രം നാറാത്ത് .

29. രാജീവ് കൾച്ചറൽ സെന്റർ നാറാത്ത് .

30. കേരളശാസ്ത്ര സാഹിത്യ പരിഷത്ത് കണ്ണാടിപ്പറമ്പ് .

31. റൈസിംഗ് സ്റ്റാർ സ്പോർട്ട്സ് ക്ലബ്ബ് കണ്ണാടിപ്പറമ്പ്.

32. മൊയിൻകുട്ടി വൈദ്യർ കലാസാംസ്കാരിക കേന്ദ്രം കമ്പിൽ.

33. പൗർണ്ണമി ആർട്ട്സ് സെന്റ്ർ കണ്ണാടിപ്പറമ്പ് .

34. യംഗ്ബ്രദേർസ് സ്പോർട്ട്സ് ക്ലബ്ബ് കണ്ണാടിപ്പറമ്പ് .

35. ക്രസന്റ് കൾച്ചറൽ സെന്റർ മഠത്തിക്കൊവ്വൽ .

36. ഇസ്ലാമിക് കൾച്ചറൽ സെന്റർ നിടുവാട്ട് .

37. സി.എച്. സ്മാരക ലൈബ്രറി പുല്ലൂപ്പി .

38. ഇർശാദുൽ മുസ്ലിമീൻ ദഫ് സംഘം

നാടൻ കളികളുടെ പട്ടിക

1. ചൗചൗകളി	2. ഗോട്ടികളി
3. കുട്ടിംകോലും	4. കൊത്തങ്കല്ല്
5. ഡപ്പകളി	6. വടിച്ചിള്ളം
7. ഒറ്റീം കൂക്കീംകളി	8. ആകാശംഭൂമി കളി
9. കക്കകളി	10. സോഡിക്കളി
11. നരിക്കളി	12. അച്ച്മാറിക്കളി
13. വരീകുഞ്ഞ്	14. ആട്ടകളി

ഇവയിൽ മിക്കതും ദശകങ്ങൾക്കുമുമ്പ് പ്രവർത്തനം ആരംഭിച്ചവയാണ്. കഴിഞ്ഞ കാലത്തിൽ ഈ സംഘടനകൾ അവയുടെ വാർഷിക പ്രവർത്തനത്തിന്റെ ഭാഗമായി സിംബോസിയങ്ങൾ, പ്രഭാഷണങ്ങൾ, കായിക മത്സരങ്ങൾ, കലാമത്സരങ്ങൾ, നാടക അവതരണം എന്നിവ സംഘടിപ്പിക്കാറു ണ്ടായിരുന്നു. അതികൊണ്ട് വർഷം മുഴുവൻ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സാംസ്കാരിക പ്രവർത്തനങ്ങൾ നടക്കാറുണ്ട്. വിപുലമായ ജനപങ്കാളിത്തം ഇത്തരം പ്രവർത്തനങ്ങൾക്ക് ലഭിക്കാറുമുണ്ട്. പി.സി. അനന്തൻ സ്മാരക കലാകേന്ദ്രം, ത്രിവർണ്ണ തീയ്റ്റേർസ്, കമ്പിൽ യുവജന കലാവേദി, എസ്.ആർ ആർട്ട്സ് ക്ലബ്ബ് എന്നിവയുടെ കലാമത്സരങ്ങൾ ഇത്തരത്തിൽ ശ്രദ്ധിക്കപ്പെ ട്ടതായിരുന്നു. നമ്മുടെ പ്രദേശത്തിന്റെ സാംസ്കാരിക രംഗത്ത് വന്ന് ചേർന്നിരിക്കുന്ന ദുസ്ഥിതി ഈ സാഹചര്യത്തിൽ പരിശോധിക്ക പ്പെടേണ്ടതുണ്ട്.

ഇന്നത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ദേശീയ മന്ദിരം വായനശാല & ഗ്രന്ഥാലയം, കമ്പിൽ യുവജന വായനശാല &

ഗ്രന്ഥാലയം എസ്.ആർ. ആർട്ട്സ് വായനശാല & ഗ്രന്ഥാലയം തുടങ്ങിയവയാണ് തുടർച്ചയായി സജീവത പുലർത്തുന്നത് എന്ന് കാണാൻ കഴിയും നമ്മുടെ സാംസ്കാരിക സംഘങ്ങളിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളവ താഴെ കൊടുക്കുന്നു.

1. കമ്പിൽ യുവജന വായനശാല & ഗ്രന്ഥാലയം

2. ദേശീയ മന്ദിരം വായശാല & ഗ്രന്ഥാലയം

ഭാരതീയ സാംസ്കാരിക കേന്ദ്രത്തിനു വേണ്ടി കെട്ടിടം പണി നടന്നു വരുന്നു. ബാക്കിയുള്ളതെല്ലാം വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

വായനശാലകളുടെയും ലൈബ്രറി കളുടെയും പ്രവർത്തനം ക്രമമായി വായന കുറഞ്ഞുവരുന്ന സ്ഥിതിയാണ് കാണിക്കുന്നത്. കമ്പിൽ യുവജന വായനശാലയിലാണ് വായന ക്കാരുടെ എണ്ണത്തിൽ മോശമല്ലാത്ത സ്ഥിതി യുള്ളത്. ആയതുകൊണ്ട് വായനാശീലം വർദ്ധിപ്പിക്കുവാൻ കാര്യമായ ശ്രമങ്ങൾ ഉണ്ടാകണം.

പഞ്ചായത്തിൽ പത്രങ്ങളുടെ പ്രചാരം, പത്രവരിക്കാരുടെ എണ്ണം എന്നിവ വർദ്ധിച്ചിട്ടു ണ്ടെങ്കിലും വായനക്കാരുടെ എണ്ണം കുറഞ്ഞു വരികയാണ്. ചായക്കടകൾ, ടീച്ചേർസ് റൂമുകൾ, ഫാക്ടറികൾ, വായനശാലകൾ എന്നിവിട ങ്ങളിലെ ചർച്ചകൾ ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും. മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, ചന്ദ്രിക, മാധ്യമം, മലയാളമണ്ണ്, ദീപിക, മാഗളം, കേരളാകൗമുദി എന്നീ പ്രഭാത പത്രങ്ങളും രാഷ്ട്രദീപിക, സുദിനം എന്നീ സായാഹ്ന പത്രങ്ങളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. വാരിക, മാസിക വിഭാഗ ങ്ങളിൽ കേരളത്തിൽ പ്രസിദ്ധികരിക്കപ്പെടുന്ന മിക്കതിനും ഇവിടെ വായനക്കാരുണ്ട്. കുറേ കാലം കണ്ണാടിപ്പറമ്പ് വിതരണം ചെയ്യപ്പെട്ടിരുന്ന കണ്ണാടി ഇൻലന്റ് മാസികയേയും പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ചിലയുവജന സംഘടനകളും മതവിദ്യാർത്ഥി സംഘടനകളും കൈയെഴുത്ത് മാസികകളും നടത്തുന്നുണ്ട്.

നമ്മുടെ പ്രദേശത്ത് നിന്നും പ്രസിദ്ധീ കരിക്കപ്പെട്ട പുസ്തകങ്ങൾ എന്നനിലക്ക് കമ്പിൽ യുവജന വായനശാലയുടെ 20ാം വാർഷിക സോവനീർ, നെരുദ കൾച്ചറൽ റിക്രിയേഷൻ സെന്ററിന്റെ 10ാം വാർഷിക സോവനീർ, ദേശസേവ യു.പി.സ്കൂളിന്റെ 115ാം വാർഷിക സോവനീർ മുസ്ലീം ഗൈഡൻസ് അസോ സയേഷന്റെ എ.ജി.എ. ബുള്ളറ്റിൻ, ഐ.ഐ.എം. പൂർവ്വ വിദ്യാർത്ഥികളുടെ എ.വി. സ്മരണിക എന്നിവ നമ്മുടെ പ്രദേശത്തിലെ സാംസ്കാരിക പ്രവർത്തനങ്ങളുടെ ശോഭിക്കുന്ന തെളിവു കളാണ്.

പൊതുവെ പറഞ്ഞാൽ കണ്ണാടിപ്പറമ്പ് വില്ലേജിൽ കായിക ഇനങ്ങൾക്കും നാറാത്ത് വില്ലേജിൽ കലായിനങ്ങൾക്കും സാംസ്കാരിക പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധലഭിക്കുന്നു എന്ന് മനസിലാക്കാം. ക്ലബ്ബുകളുടെ പട്ടിക പരിശോധിച്ചാൽ ഇത് വ്യക്തമാകും കളി സ്ഥലത്തിന്റെ അഭാവം ഇതിന് കാരണമായിട്ടു ണ്ടാകാം. വിശാലമായ അമ്പല മൈതാനം കണ്ണാടിപ്പറമ്പിന്റെ ഒരു മുതൽക്കൂട്ടുതന്നെയാണ്. ഈ പ്രദേശത്തെ പ്രീത.വി.കെ. ചിത്രരചനയിലും പ്രകാശൻ.കെ. ഓട്ടത്തിലും വാഹിദ്.പി. ഗാനത്തിലും സംസ്ഥാന ജില്ലാതലങ്ങളിൽ ശ്രദ്ധേയരായിട്ടുണ്ട്. ചിത്രരചനാ ശില്പ നിർമ്മാണം എന്നിവയിൽ പ്രത്യേക കഴിവുകൾ പ്രദർശിപ്പിക്കുന്നവർ പഞ്ചായത്തിൽ നിരവധി യുണ്ട്. കലാ സാംസ്കാരികരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പഞ്ചായത്തിൽ തുച്ഛമാണ്. ഈ കാര്യത്തിലുള്ള സാമൂഹ്യ സാഹചര്യങ്ങൾ കണക്കിലെടുക്കപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിൽ ആധുനികമാധ്യമ ങ്ങളായ റേഡിയോ, ടിവി എന്നിവയ്ക്ക് വൻ പ്രചാരമുണ്ട്. മിക്കവാറും വീടുകളിൽ റേഡിയോ ഉണ്ട്. ഈ ദശകത്തിൽ ടിവി പ്രചാരം നേടിയ തോടെ റേഡിയോ ശ്രോതാക്കൾ കുറഞ്ഞിട്ടുണ്ട്. ഏതാണ്ട് 30% വീടുകളിൽ ടെലിവിഷൻ നേരിട്ട് കടന്ന് ചെന്നിട്ടുണ്ട്. പക്ഷെ 90% ജനങ്ങളും ഇതിന്റെ സ്വാധീന മേഖലയിലാണ് എന്ന് കാണാൻ കഴിയും. സമൂഹത്തിലെ വായനാ ശീലം കുറയുന്നത് ഒരളവുവരെ ഇതിന്റെ സ്വാധീനമാണ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ

കുട്ടികളിൽ വന്നുചേർന്ന അലക്ഷ്യബോധവും ഈ സ്വാധീനം തന്നെയാണ്. കേബിൾ ടിവി എജൻസികളും നമ്മുടെ പ്രദേശത്ത് പ്രവർത്തിക്കാൻ ആരംഭിച്ചിട്ടുണ്ട്. സമൂഹജീവിതത്തിൽ ഇവ ചെലുത്തുന്ന വമ്പിച്ച മാറ്റങ്ങളും മൂല്യച്യുതിയും ജാഗ്രതയോടെ മനസിലാക്കേണ്ടിയിരിക്കുന്നു.

മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ഉപയോഗം നമ്മുടെ പ്രദേശത്ത് കൂടിവരുന്നത് പ്രത്യേകം ചർച്ച ചെയ്യേണ്ടിയിരിക്കുന്നു. നിരവധി ചെറുപ്പക്കാർ ലഹരിക്കും കഞ്ചാവിനും അടിമകളായി ജീവിതം നശിപ്പിക്കുന്നതിന്റെ ഉദാഹരണങ്ങളുണ്ട്. കായികസംസ്കാരത്തിന്റെ നിലവിലുള്ള അവസ്ഥയും പരിതാപകരമാണ്. നിരവധി ക്ലബ്ബുകൾ ഉണ്ടെങ്കിലും ക്രിക്കറ്റ് മാത്രമാണ് നിരന്തരം നടക്കുന്നത്. ഫുട്ബോൾ, വോളിബോൾ, ബാറ്റ്മിന്റൺ, കളികൾ അപ്രത്യക്ഷമാവുകയാണ്. പ്രശസ്തമായ നിലയിൽ നടന്നുവന്നിരുന്ന് ഫുട്ബോൾ ടൂർണ്ണമെന്റ് കണ്ണാടിപ്പറമ്പിന്റെ പ്രത്യേകമായ ഒരു ഉത്സവമായിരുന്നു. കെ.കെ.വൈദ്യർ & കെ,ആർ.നായർ, ദിനേശ് ബീഡി ഫുട്ബോൾ ടൂർണ്ണമെന്റുകൾ ഇപ്പോൾ നടക്കുന്നില്ല. മാത്രമല്ല നിരവധി നാടൻ കളികൾ തികച്ചും അപരിചിതങ്ങളായി തീർന്നിട്ടുണ്ട്. നമ്മുടെ പ്രദേശത്തെ ചില നാടൻ കളികളുടെ പട്ടിക പ്രത്യേകം കൊടുത്തിട്ടുണ്ട്. ഒരു കരാട്ടെ പരിശീലന സ്ഥാപനവും ഒരു ജിംനേഷ്യവും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൻ മേൽനോട്ടത്തിൽ നടന്നു വരുന്ന സാംസ്കാരിക പ്രവർത്തനങ്ങളിൽ പ്രധാനമായത്.

1. പഞ്ചായത്ത് വായനശാലകൾ
2. വായനശാലകൾക്കുള്ള പത്രങ്ങൾ
3. പഞ്ചായത്ത് സാംസ്കാരിക നിലയം
4. കോരളോത്സവം എന്നിവയാണ്.

വായനശാലകൾക്ക് പഞ്ചായതത്ത് വക ഓരോ പത്രം സഹായിക്കുന്ന പരിപാടി മുറക്ക് നടന്നുവരുന്നു. മാത്രമല്ല കണ്ണാടിപ്പറമ്പിലും നാറാത്തും ഒരു പഞ്ചായത്ത് വായനശാലയും പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിൽ വർഷത്തിൽ 20000രൂപ ചിലവഴിക്കുന്നുണ്ട്. സാംസ്കാരിക നിലയം കെട്ടിടം പണി പൂർത്തിയായി. ദീർഘ നാൾ ഉപയോഗപ്പെടാതിരിക്കുകയും ജനങ്ങളിൽനിന്ന് പ്രതിഷേധം ഉയർന്നപ്പോൾ പരിമിതമായ തോതിൽ വായനശാലയായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. കേരളോത്സവ ങ്ങളാകട്ടെ എല്ലാ വർഷവും നവംബർ മാസം നടക്കേണ്ട താണെന്നുള്ള മുൻ അറിവുകൾ ഉപയോഗപ്പെടുന്നില്ല. പകരം സർക്കാർ ഉത്തരവ് വരുമ്പോൾ തട്ടിക്കൂട്ടി ഒപ്പിക്കുന്ന സ്ഥിതിയാണുള്ളത്. ഈ സ്ഥിതിമാറ്റി നവംബർ മാസത്തെ പ്രധാന സാംസ്കാരിക പ്രവർത്തനമാക്കി എല്ലാവിഭാഗം ആളുകളെയും കേന്ദ്രീകരിപ്പിക്കുന്നതരത്തിൽ സംഘടിപ്പിക്കുവാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. മാറിമാറി വരുന്ന സർക്കാരുടെ ഇംഗിതത്തിനനുസരിച്ച് നടത്തുന്നതിനാലാണ്. ഇങ്ങനെ സംഭവിക്കുന്നത്. സാംസ്കാരിക രംഗത്ത് നാം നേരിടുന്ന പ്രശ്നങ്ങളും സാധ്യതകളും ഇങ്ങനെ ക്രോഡീകരിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. വായനാശീലം കുറയുന്നു.

2. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ ക്രിയാത്മകമയ ഉപയോഗത്തിന് പകരം നിഷേധാത്മക വശങ്ങൾക്കു ജനങ്ങൾ ഇരയാകുന്നു.

3. മദ്യം, മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിക്കുന്നു.

4. കലാസാംസ്കാരിക സംഘങ്ങളുടെ പ്രവർത്തനം മന്ദീഭവിക്കുന്നു.

5. സ്ത്രീകൾക്കെതിരായ നിലപാടുകൾ സമൂഹത്തിൽ വർദ്ധിച്ചുവരുന്നു.

6. ജനങ്ങൾക്കിടയിൽ വിഭാഗീയ പ്രവണതകൾ വളർത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നു.

7. നാടിന്റെ തനതായ കായിക സംസ്കാരം ഇല്ലാതാകുന്നു.

സാധ്യതകൾ

1. കാട്ടാമ്പള്ളി പദ്ധതി പ്രദേശവും പറശ്ശിനിക്കടവ് പ്രദേശവും ഉൾക്കൊള്ളുന്ന വിധത്തിൽ ജല ഗതാഗതവും സൗകര്യവും പാർക്കും നിർമ്മിച്ച് നാടൻ ടൂറിസം സൗകര്യപ്പെടുത്തുക.

2. പഞ്ചായത്ത് വായനശാലകളെ വിപുലീകരിച്ച് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്ററു കളാക്കി മാറ്റുക. ഗ്രന്ഥാലയത്തിൽ പുസ്തക ങ്ങൾ ഉണ്ടാക്കി വിപുലീകരിക്കുക.

3. ക്ലബുകൾ, വായനശാലകൾ എന്നിവക്ക് പഞ്ചായത്ത് തലത്തിൽ റജിസ്ട്രേഷൻ ഏർപ്പെടു ത്തുക. അവക്ക് സ്വന്തമായി കെട്ടിട സൗകര്യം ഉണ്ടാക്കുന്നതിന് സഹായം ഏർപ്പെടുത്തുക.

4. പഞ്ചായത്ത് കളിസ്ഥലം മിനിസ്റ്റേഡിയം ആക്കിമാറ്റുക. അവയുടെ മെയിന്റനൽ പ്രാദേ ശിക ക്ലബുകളുടെ മേൽനോട്ടത്തിലാക്കുക.

5. നിലവിലുള്ളവായനശാലകൾ, ഗ്രന്ഥാ ലയങ്ങൾ എന്നിവ വിപുലപ്പെടുത്തുക. വായനശാല ഇല്ലാത്ത വാർഡുകളിൽ വായന ശാല ആരംഭിക്കുക. മൊബൈൽ ലൈബ്രറി ഏർപ്പെടുത്തുക.

6. എല്ലാവാർഡുകളിലും അംഗൻവാടികൾക്ക് എടു പ്പുകൾ നിർബന്ധമാക്കുക.

7. സംഗീതം, നൃത്തം, നാടകം എന്നിവക്കാ വശ്യമായ ഉപകരണങ്ങളും ചമയങ്ങളും സംഘടിപ്പിക്കുകയും അവയുടെ പരിശീലന സാധ്യതയുണ്ടാക്കുകയും ചെയ്യുക. ഇവ വാടക അടിസ്ഥാനത്തിൽ ഉപയോഗിക്കപ്പെടാൻ സംവിധാനം ഉണ്ടാക്കുക.

8. കാട്ടാമ്പള്ളി അപ്രോച്ച് റോഡ് സ്റ്റെപ്പ് റോഡ് എന്നിവ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ എർപ്പെടുത്തുക.

9. മയക്കുമരുന്നുകളുടെ വില്പന തടയാൻ നടപടി ഉണ്ടാക്കുക.

10. രോഗങ്ങൾ, അന്ധവിശ്വാസങ്ങൾ മദ്യം - മയക്കുമരുന്നുപയോഗം എന്നിവയ്ക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടി പ്പിക്കുക.

11. കലാ കായിക മത്സരങ്ങൾ, ഉത്സവാഘോഷ ങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന കലണ്ടർ നിർമ്മിച്ച് പ്രസിദ്ധീകരിക്കുക.


12. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും വാർഷികാഘോഷങ്ങളും അവയുടെ ഭാഗമായി കലാ-കായിക മത്സരങ്ങളും നടക്കുമെന്ന് ഉറപ്പാക്കുക.


13. നാടൻ കലാ രൂപങ്ങളും, നാടൻ കളികളും, നാടോടി പാട്ടുകളും ആധുനിക മാധ്യമങ്ങൾ ഉപയോഗിച്ച് ശേഖരിച്ച് സംരക്ഷിക്കാൻ നാടൻകലാ അക്കാദമിയുടെ സേവനം ഉപയോഗപ്പെടുത്തി സംവിധാനം ഉണ്ടാക്കുക.

14. തുടർ സാക്ഷരതാ പ്രവർത്തനം ഏറ്റെടുക്കുക.


15. സ്ത്രീകളുടെ പ്രത്യേക കലാസാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക.

○○○









വനിത



നാറാത്ത് ഗ്രാമപഞ്ചായത്തിൽ പുരുഷൻമാരെക്കാൾ സ്ത്രീകൾ ആണ് ഉള്ളത്. പഴയകാലചരിത്രം എടുത്ത് പരിശോധിച്ചാൽ നാറാത്ത് ഗ്രാമപഞ്ചായത്ത് അതൃത്തിയിൽ കമ്പിൽ കേന്ദ്രമായി ആകെ ഒരു മഹിളാ സമാജം മാത്രമെ ഉണ്ടായിരുന്നിട്ടുള്ളൂ എന്ന് കാണുവാൻ കഴിയും. അതിന്റെ പ്രവർത്തനം ആദ്യം നല്ലനിലയിൽ തന്നെ നടന്നിരുന്നു. എന്നാൽ ഇന്ന് അത് പേരിന് മാത്രമെ ഉള്ളൂ. ഈ അവസ്ഥ സ്ത്രീകളുടെ ഉന്നമനത്തെ കുറേയെറെ ബാധിച്ചിട്ടുണ്ട്. നാറാത്ത് വില്ലേജിലും കണ്ണാടിപ്പറമ്പ് വില്ലേജിലും മഹിളാ സംഘങ്ങൾ നിലവിലുണ്ടെങ്കിലും വനിതകൾക്ക് വേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായിരുന്നത് കാർഷിക മേഖലയിലും കൈത്തറി വ്യവസായത്തിലുമായിരുന്നു. കൃഷിയിലുള്ള പിറകോട്ട് പോക്കും കൈത്തറി വ്യവസായത്തിലെ വികേന്ദ്രീകരണവും തൊഴിൽ മേഖലയിൽ നിന്നും പിറകോട്ട് പോകാൻ പ്രേരിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിനകത്ത് വനിതകൾ ഇപ്പോൾകൂടുതൽ ശ്രദ്ധിക്കുന്നത് ടെയ്‌ലറിംഗ് രംഗത്ത് തൊഴിൽ ലഭിക്കുന്നതിനു വേണ്ടിയുള്ള പരിശീലനത്തിനാണ്. പൊതു രംഗത്തേക്ക് വനിതകളുടെ കടന്നു വരവ് തീരെ ഉണ്ടായിരുന്നില്ലെന്ന് തന്നെ പറയാം. ഇതിന് കാരണമായി നിലനിൽക്കുന്നത് തൊഴിൽ പരമായും സാമൂഹ്യമായുള്ള അടിച്ചമർത്തലാണ്. മത അടിസ്ഥാനത്തിൽ വനിതകൾക്ക് വിദ്യാഭ്യാസം നിഷേധിച്ചത് നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം വരുന്ന വനിതകളുടെ വിദ്യാഭ്യാസത്തിന് തടസ്സമായിട്ടുണ്ട്. വിദ്യാഭ്യാസ പരമായി പുരുഷൻമാരോടൊപ്പം എത്താൻ കഴിയാത്തത് വനിതകളുടെ ഉയർച്ചക്ക് തടസ്സമായിരുന്നു. സാംസ്കാരികമായും കലാകായിക രംഗത്തും വനിതകൾക്ക് മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. അടുത്തകാലത്ത് മുഴുവൻ പെൺകുട്ടികളും വിദ്യാഭ്യാസ രംഗത്ത് കടന്നുവരുന്നുണ്ടെങ്കിലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി കൊഴിഞ്ഞു പോകുന്നുണ്ട്.

20%ത്തോളം വിദ്യാർത്ഥികൾ ഹൈസ്കൂളിൽ എത്തുന്നില്ല. ഹൈസ്കൂളിന് ശേഷം 20% ത്തോളം കുട്ടികൾ കലാലയ വിദ്യാഭ്യാസം നേടുന്നുണ്ട്. അതിന്റേതായ മാറ്റം വനിതകളിൽ

ഉണ്ടാകുന്നുണ്ടെങ്കിലും വളർച്ച എന്നു പറയാൻ മാത്രം ഉണ്ടായിട്ടില്ല. ഏറ്റവും പ്രധാനമായി നിലനിൽക്കുന്നത് കാർഷിക വ്യവസായ മേഖലയിലുള്ള നിശ്ചലാവസ്ഥയാണ് ഈ മേഖലയിലുള്ള മാറ്റം ഉണ്ടാകാതെ സാംസ്കാരിക പരമായി വനിതകളെ ഉയർത്തി ക്കൊണ്ടുവരുന്നതിന് പ്രയാസമാണ്. പുരുഷൻമാരുടെ ആധിപത്യവും സാംസ്കാരിക പരമായി വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളും ഗൾഫ് പണത്തന്റെ സ്വാധീനവും വനിതകൾ പൊതുരംഗത്ത് കടന്നു വരുന്നതിന് തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണ്. നമ്മുടെപഞ്ചായത്തിലെ മുഴുവൻ സ്ത്രീകൾ വീടും വിടിനോടനുബന്ധിച്ചുള്ള ആവശ്യങ്ങളും നിർവ്വഹിക്കുക എന്നത് മാത്രമാണ് ചെയ്ത് വരുന്നത്. സാമൂഹ്യമായ വളർച്ചയ്ക്ക് വേണ്ടി വനിതകളുടെ കൂടി പങ്കാളിത്തം ഉണ്ടാവുക എന്നത് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഇങ്ങനെയുള്ള പങ്കാളിത്തക്കുറവ് മൂലമാണ് സ്ത്രീധന സമ്പ്രദായവും സ്ത്രീ പീഡനവും നിലനിൽക്കുന്നത്. തൊഴിൽ ചെയ്യുന്ന മേഖല യിൽ കൂലിയുടെ അന്തരവും പിന്നണിയിൽ ആവുന്നതിന് സഹായിച്ചിട്ടുണ്ട്. പരിസര മലിനീകരണം നിയന്ത്രിച്ച് ആരോഗ്യരംഗത്ത് മുന്നേറ്റം ഉണ്ടാക്കുവാനും രോഗപ്രതിരോധ രംഗത്ത് മുന്നേറുവാനും വേണ്ടി പ്രവർത്തിക്കുന്ന അംഗൻവാടികളും സബ്സെന്ററുകളും ഉണ്ടെങ്കിലും ബോധവൽക്കരണത്തിന്റെ കുറവ് ഉണ്ട്. ചെറിയ മാറ്റം എന്നനിലയിൽ വനിത കൾക്ക് സാമൂഹ്യ ബന്ധം ഉണ്ടാക്കുന്നതിന് വികസന ബ്ലോക്കിന്റെ കീഴിൽ ആരംഭിച്ച DWCRA യൂണിറ്റായ രണ്ട് ഹോട്ടലും ഒരു ഡയറി യൂണിറ്റും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തി ക്കുന്നുണ്ട്. ഇത് ഒരു മാറ്റമായി ക്കാണാം. ഇത് പോലുള്ള നിരവധി യൂണിറ്റുകൾ ഉണ്ടാക്കു ന്നതിനും സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തു ന്നതിനും സാധിക്കേണ്ടതാണ്

സാധ്യതകൾ

1. നിലവിലുള്ള മഹിളാ സമാജങ്ങൾ സജീവപ്പെടുത്തി ഇതിന്റെ കീഴിൽ തൊഴിൽ പരിശീലനത്തിനും കലാ കായിക സാംസ്കാ രിക രംഗത്തുള്ള പ്രവർത്തനങ്ങൾക്കും സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.

2. ഗാർമെന്റ്സ്, ചകിരി കൊണ്ടുള്ള ഉൽപന്നങ്ങൾ തേങ്ങകൊണ്ടുള്ള ഉൽപന്നങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ ഉണ്ടാക്കുക. കൈത്തറി പ്രൊസ സ്സിംഗ് യൂണിറ്റ് വനിതകൾക്ക് മാത്രമായി ഉണ്ടാക്കുക.

3. പഞ്ചായത്ത് തലത്തിൽ വനിതാ സംരക്ഷണ സമിതി രൂപീകരിക്കുക. ഇതിന്റെ കീഴിൽ മദ്യാസക്തിക്കെതിരെയും സ്ത്രീധന സമ്പ്രദായ ത്തിനെതിരേയും മിശ്രവിവാഹവും സമൂഹ വിവാഹവും പ്രോത്സാഹിപ്പിക്കുന്നതിനും ബോധവൽക്കരണം സംഘടിപ്പിക്കുക.

4. തുല്യജോലിക്ക് തുല്യ വേതനം ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കുക.

5. വനിതകളുടെ നിയന്ത്രണത്തിലുള്ള കുടുംബങ്ങൾക്ക് ധനസഹായം കൊടുക്കുക.

6. സ്ത്രീകൾക്ക് വേണ്ടിയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ ഉദാരമാക്കുക.

7. കൈത്തറി വ്യവസായം സംഘടിതമാക്കി സ്ത്രീകളുടെ തൊഴിൽ അവസരം ഉറപ്പുവരുത്തുക.

8. അടുക്കള തോട്ട നിർമ്മാണത്തിന് കൂടുതൽ പ്രോത്സാഹനവും ബോധവൽക്കരണവും സംഘടിപ്പുക്കുക.



വനിത



നാറാത്ത് ഗ്രാമപഞ്ചായത്തിൽ പുരുഷൻമാരെക്കാൾ സ്ത്രീകൾ ആണ് ഉള്ളത്. പഴയകാലചരിത്രം എടുത്ത് പരിശോധിച്ചാൽ നാറാത്ത് ഗ്രാമപഞ്ചായത്ത് അതൃത്തിയിൽ കമ്പിൽ കേന്ദ്രമായി ആകെ ഒരു മഹിളാ സമാജം മാത്രമെ ഉണ്ടായിരുന്നിട്ടുള്ളു എന്ന് കാണുവാൻ കഴിയും. അതിന്റെ ,പ്രവർത്തനം ആദ്യം നല്ലനിലയിൽ തന്നെ നടന്നിരുന്നു. എന്നാൽ ഇന്ന് അത് പേരിന് മാത്രമെ ഉള്ളു. ഈ അവസ്ഥ സ്ത്രീകളുടെ ഉന്നമനത്തെ കുറേയെറെ ബാധിച്ചിട്ടുണ്ട്. നാറാത്ത് വില്ലേജിലും കണ്ണാടിപ്പറമ്പ് വില്ലേജിലും മഹിളാ സംഘങ്ങൾ നിലവിലുണ്ടെങ്കിലും വനിതകൾക്ക് വേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായിരുന്നത് കാർഷിക മേഖലയിലും കൈത്തറി വ്യവസായത്തിലുമായിരുന്നു. കൃഷിയിലുള്ള പിറകോട്ട് പോക്കും കൈത്തറി വ്യവസായത്തിലെ വികേന്ദ്രീകരണവും തൊഴിൽ മേഖലയിൽ നിന്നും പിറകോട്ട് പോകാൻ പ്രേരിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിനകത്ത് വനിതകൾ ഇപ്പോൾകൂടുതൽ ശ്രദ്ധിക്കുന്നത് ടെയ്‌ലറിംഗ് രംഗത്ത് തൊഴിൽ ലഭിക്കുന്നതിനു വേണ്ടിയുള്ള പരിശീലനത്തിനാണ്. പൊതു രംഗത്തേക്ക് വനിതകളുടെ കടന്നു വരവ് തീരെ ഉണ്ടായിരുന്നില്ലെന്ന് തന്നെ പറയാം. ഇതിന് കാരണമായി നിലനിൽക്കുന്നത് തൊഴിൽ പരമായും സാമൂഹ്യമായുള്ള അടിച്ചമർത്തലാണ്. മത അടിസ്ഥാനത്തിൽ വനിതകൾക്ക് വിദ്യാഭ്യാസം നിഷേധിച്ചത് നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം വരുന്ന വനിതകളുടെ വിദ്യാഭ്യാസത്തിന് തടസ്സമായിട്ടുണ്ട്. വിദ്യാഭ്യാസ പരമായി പുരുഷൻമാരോടൊപ്പം എത്താൻ കഴിയാത്തത് വനിതകളുടെ ഉയർച്ചക്ക് തടസ്സമായിരുന്നു. സാംസ്കാരികമായും കലാകായിക രംഗത്തും വനീതകൾക്ക് മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. അടുത്തകാലത്ത് മുഴുവൻ പെൺകുട്ടികളും വിദ്യാഭ്യാസ രംഗത്ത് കടന്നുവരുന്നുണ്ടെങ്കിലും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി കൊഴിഞ്ഞു പോകുന്നുണ്ട്.

20%ത്തോളം വിദ്യാർത്ഥികൾ ഹൈസ്കൂളിൽ എത്തുന്നില്ല. ഹൈസ്കൂളിന് ശേഷം 20% ത്തോളം കുട്ടികൾ കലാലയ വിദ്യാഭ്യാസം നേടുന്നുണ്ട്. അതിന്റേതായ മാറ്റം വനിതകളിൽ

ഉണ്ടാകുന്നുണ്ടെങ്കിലും വളർച്ച എന്നു പറയാൻ മാത്രം ഉണ്ടായിട്ടില്ല. ഏറ്റവും പ്രധാനമായി നിലനിൽക്കുന്നത് കാർഷിക വ്യവസായ മേഖലയിലുള്ള നിശ്ചലാവസ്ഥയാണ് ഈ മേഖലയിലുള്ള മാറ്റം ഉണ്ടാകാതെ സാംസ്കാരിക പരമായി വനിതകളെ ഉയർത്തി ക്കൊണ്ടുവരുന്നതിന് പ്രയാസമാണ്. പുരുഷൻമാരുടെ ആധിപത്യവും സാംസ്കാരിക പരമായി വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളും ഗൾഫ് പണത്തന്റെ സ്വാധീനവും വനിതകൾ പൊതുരംഗത്ത് കടന്നു വരുന്നതിന് തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണ്. നമ്മുടെപഞ്ചായത്തിലെ മുഴുവൻ സ്ത്രീകൾ വീടും വിടിനോടനുബന്ധിച്ചുള്ള ആവശ്യങ്ങളും നിർവ്വഹിക്കുക എന്നത് മാത്രമാണ് ചെയ്ത് വരുന്നത്. സാമൂഹ്യമായ വളർച്ചയ്ക്ക് വേണ്ടി വനിതകളുടെ കൂടി പങ്കാളിത്തം ഉണ്ടാവുക എന്നത് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഇങ്ങനെയുള്ള പങ്കാളിത്തക്കുറവ് മൂലമാണ് സ്ത്രീധന സമ്പ്രദായവും സ്ത്രീ പീഡനവും നിലനിൽക്കുന്നത്. തൊഴിൽ ചെയ്യുന്ന മേഖല യിൽ കൂലിയുടെ അന്തരവും പിന്നണിയിൽ ആവുന്നതിന് സഹായിച്ചിട്ടുണ്ട്. പരിസര മലിനീകരണം നിയന്ത്രിച്ച് ആരോഗ്യരംഗത്ത് മുന്നേറ്റം ഉണ്ടാക്കുവാനും രോഗപ്രതിരോധ രംഗ്ത്ത് മുന്നേറുവാനും വേണ്ടി പ്രവർത്തിക്കുന്ന അംഗൻവാടികളും സബ് സെന്ററുകളും ഉണ്ടെങ്കിലും ബോധവൽക്കരണത്തിന്റെ കുറവ് ഉണ്ട്. ചെറിയ മാറ്റം എന്നനിലയിൽ വനിത കൾക്ക് സാമൂഹ്യ ബന്ധം ഉണ്ടാക്കുന്നതിന് വികസന ബ്ലോക്കിന്റെ കീഴിൽ ആരംഭിച്ച DWCRA യൂണിറ്റായ രണ്ട് ഹോട്ടലും ഒരു ഡയറി യൂണിറ്റും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തി ക്കുന്നുണ്ട്. ഇത് ഒരു മാറ്റമായി ക്കാണാം. ഇത് പോലുള്ള നിരവധി യൂണിറ്റുകൾ ഉണ്ടാക്കു ന്നതിനും സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തു ന്നതിനും സാധിക്കേണ്ടതാണ്

സാധ്യതകൾ

1. നിലവിലുള്ള മഹിളാ സമാജങ്ങൾ സജീവപ്പെടുത്തി ഇതിന്റെ കീഴിൽ തൊഴിൽ പരിശീലനത്തിനും കലാ കായിക സാംസ്കാ രിക രംഗത്തുള്ള പ്രവർത്തനങ്ങൾക്കും സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.

2. ഗാർമെന്റ്സ്, ചകിരി കൊണ്ടുള്ള ഉൽപന്നങ്ങൾ തേങ്ങകൊണ്ടുള്ള ഉൽപന്നങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ ഉണ്ടാക്കുക. കൈത്തറി പ്രൊസ സ്സിംഗ് യൂണിറ്റ് വനിതകൾക്ക് മാത്രമായി ഉണ്ടാക്കുക.

3. പഞ്ചായത്ത് തലത്തിൽ വനിതാ സംരക്ഷണ സമിതി രൂപീകരിക്കുക. ഇതിന്റെ കീഴിൽ മദ്യാസക്തിക്കെതിരെയും സ്ത്രീധന സമ്പ്രദായ ത്തിനെതിരേയും മിശ്രവിവാഹവും സമൂഹ വിവാഹവും പ്രോത്സാഹിപ്പിക്കുന്നതിനും ബോധവൽക്കരണം സംഘടിപ്പിക്കുക.


4. തുല്യജോലിക്ക് തുല്യ വേതനം ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കുക.

5. വനിതകളുടെ നിയന്ത്രണത്തിലുള്ള കുടുംബങ്ങൾക്ക് ധനസഹായം കൊടുക്കുക.


6. സ്ത്രീകൾക്ക് വേണ്ടിയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ ഉദാരമാക്കുക.

7. കൈത്തറി വ്യവസായം സംഘടിതമാക്കി സ്ത്രീകളുടെ തൊഴിൽ അവസരം ഉറപ്പുവരുത്തുക.

8. അടുക്കള തോട്ട നിർമ്മാണത്തിന് കൂടുതൽ പ്രോത്സാഹനവും ബോധവൽക്കരണവും സംഘടിപ്പിക്കുക.



സഹകരണം



നമ്മുടെ പഞ്ചായത്തിലെ ജനജീവിതത്തിൽ സഹകരണ മേഖല ഇന്ന് കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട് എന്ന് പറയാവുന്നതാണ്. ജീവിതത്തിന്റെ വിവിധങ്ങളായ തുറകളിൽ സഹകരണ പ്രസ്ഥാനം കടന്നു കയറികൊണ്ടിരിക്കുന്നു. കാർഷിക, വ്യാവസായിക മേഖലകളിൽ ഇത് വളരെ പ്രകടമാണ്.

പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രപരമായ കാര്യങ്ങളിലേക്ക് കടക്കുമ്പോൾ നമ്മുടെ മറ്റു പ്രദേശങ്ങളെ സഹകരണ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ തന്നെ ഇവിടെയും ആരംഭിച്ചതായി പറയാവുന്നതാണ്. ജനങ്ങളുടെ വിവിധങ്ങളാളയ ആവ്ശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് ഒരു പരിധിവരെ മോചനം നേടുന്നതിന് വേണ്ടി മദ്രാസ് ഗവൺമെന്റിന്റെ നിയമപ്രകാരം രൂപീകരിച്ച വിവിധോദ്ദേശ സഹകരണ സംഘം കണ്ണാടിപ്പറമ്പ് വില്ലേജിലും നാറാത്ത് വില്ലേജിലും രൂപീകൃതമായി കാണാൻ കഴിയും അതിന് മുമ്പ് ഒന്നാം ലോക മഹായുദ്ധത്തെ തുടർന്ന് ദരിദ്ര രാജ്യങ്ങളിൽ പടർന്ന് പിടിച്ച കൊടും പട്ടിണി, പുഴുത്തിവെയ്പ്, കരിഞ്ചന്ത എന്നിവയിൽനിന്ന് മോചനം നേടുന്നതിന് വേണ്ടി ബ്രിട്ടീഷ് ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ മുല്ലക്കൊടിയിൽ സ്ഥാപിച്ച റൂറൽ സൊസൈറ്റി (ബാങ്ക്) ഗ്രാമങ്ങളിലെ ജനങ്ങൾക്ക് മിതമായ നിരക്കിൽ നെല്ല് സംഭരിച്ച് കൊണ്ട് അവ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള മരു പ്രസ്ഥാനം ആരംഭിച്ചു. അതിന്റെ പ്രവർത്തന മേഖല നമ്മുടെ പഞ്ചായത്ത് കൂടി ഉൾപ്പെടുന്ന പ്രദേശമാണ്. ഇങ്ങനെ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ശൈശവ കാലഘട്ടത്തിൽതന്നെ നമ്മുടെ പഞ്ചായത്തിലും സഹകരണ പ്രസ്ഥാനം ഉടലെടുത്തിരുന്നു.

1949 ലാണ് കണ്ണാടിപ്പറമ്പ് വില്ലേജ് പ്രവർത്തന കേന്ദ്രമായി കണ്ണാടിപ്പറമ്പ് വിവിധോദ്ദേശ ഐക്യനാണയം സംഘമെന്നും നാറാത്ത് വില്ലേജ് പ്രവർത്തന കേന്ദ്രമായി നാറാത്ത് വിവിധോദ്ദേശ ഐക്യനാണയം എന്നപേരിൽ പഞ്ചായത്തിൽ രണ്ട് സഹകരണ സ്ഥാപനങ്ങൾ റജിസ്റ്റർ ചെയ്തത് കർഷകർക്കും, കൈത്തൊഴിൽക്കാർക്കും മറ്റുജനവിഭാഗങ്ങൾക്കും മിതമായ നിരക്കിൽ വായ്പ

ലഭ്യമാക്കുന്നതിനും അത്പോലെ നിത്യോപയോഗ സാധനങ്ങൾ കൊള്ളലാഭം എടുക്കാതെ വിതരണം ചെയ്യുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടന്നതായി കാണാവുന്നതാണ്. കണ്ണാടിപ്പറമ്പ് വില്ലേജിലെ ഐക്യ നാണയ സംഘത്തിന്റെ കീഴിലുള്ള പൊതു വിതരണ കേന്ദ്രം തകരുന്ന സ്ഥിതിയാണ് ഉണ്ടായത്.


ഐക്യ നാണയ സംഘം രൂപീകരിക്കുന്നതിന് മുമ്പുള്ള നമ്മുടെ സമൂഹത്തിലെ പാവപ്പെട്ടവന്റെ ദയനീയാവസ്ഥ പരിശോധിക്കുമ്പോൾ ഐക്യ നാണയ സംഘങ്ങളുടെ പ്രവർത്തനം പാവപ്പെട്ടവന് ഒരു പുതുലോകത്തിലേക്കുള്ള പ്രവേശന കവാടം തുറന്ന് കിട്ടിയ ഒരു പ്രതീതി ഗ്രാമീണ ജനങ്ങളിൽ ഉണ്ടാക്കുവാൻ കഴിഞ്ഞു. തന്റെ ഉറ്റവരുടെ മരണാനന്തര ശേഷക്രീയക്ക് വകകാണാൻ തന്റെ സർവ്വസ്വവുമായ ഭൂമിയും കിടപ്പാടവും ജന്മിക്ക് തീറെഴുതി കൊള്ള പലിശയുടെ ഭാരത്താൽ കടം വീട്ടാൻ കഴിയാതെ കണ്ണീരോടെ കുടിയിറങ്ങേണ്ടി വന്നവർ നമ്മുടെ പഞ്ചായത്തിൽ നിരവധിയാണ്. തങ്ങളുടെ കുടുംബത്തിലെ എതെങ്കിലും അത്യാവശ്യ കാര്യങ്ങൾക്ക് പണം കണ്ടെത്താൻ കൊള്ള പലിശക്കാരെ സമീപിക്കേണ്ടിവരുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. കൃഷിക്കാർക്ക് കൃഷിയിറക്കുവാൻ കാര്യമായ ബുദ്ധിമുട്ടുകൾ കൂടാതെ പണം ഇത്തരക്കാരിൽനിന്ന് ലഭ്യമായിരുന്നുവെങ്കിലും ഉയർന്ന പലിശയും മറ്റ് ഇടത്തട്ടും കാരണം. കൃഷിക്കാർക്ക് മുന്നോട്ട് പോകുവാൻ കഴിയാത്ത അവസ്ഥയാണുണ്ടായത്. ഇവിടെ നിന്നും ആരംഭിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ജനതക്ക് ഒരു പരിധിവരെ ഒരനുഗ്രഹവും സഹായകവുമാണ്.

കേവലം ഒരു ഡിപ്പാർട്ട്മെന്റ് എന്ന നിലക്കലാതെ ബഹുജനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഭൂരിപക്ഷം സംഘങ്ങൾക്കും കഴിയുന്നുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ വായ്പാ സഹകരണ സ്ഥാപനം എന്നനിലയിൽ കണ്ണാടിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്, നാറാത്ത് സർവ്വീസ് സഹകരണ ബാങ്ക്, മുല്ലക്കൊടി റൂറൽ ബാങ്കിന്റെ രണ്ട് ശാഖകൾ, കണ്ണാടിപ്പറമ്പ് വനിതാ സഹകരണ സംഘം, നാറാത്ത് പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘം എന്നിവയും വ്യവസായ മേഖലയിൽ കണ്ണാടിപ്പറമ്പ് വീവേർസ് ഇൻസ്ട്രിയൽ സൊസൈറ്റി, നാറാത്ത് വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ നെയ്ത് മേഖലയിൽ പ്രവർത്തിക്കുന്നു. ക്ഷീര മേഖലയിൽ കണ്ണാടിപ്പറമ്പിൽ ക്ഷീര വ്യവസായ സഹകരണ സംഘം ബേക്കറി മേഖലയിൽ ഖാദിവില്ലേജ് ഇന്റസ്ട്രീസ് സഹകരണ സംഘം എന്നിവ പ്രവർത്തിക്കുന്നു. ഉപഭോക്യത സഹകരണ സംഘം എന്നപേരിൽ സംഘങ്ങൾ ഇല്ലെങ്കിലും രണ്ട് സർവ്വീസ് ബാങ്കിന്റെയും കീഴിൽ കൺസ്യൂമർ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ വായ്പാ സംഘങ്ങളും ക്ഷീര സഹകരണ സംഘങ്ങളും ലാഭകരമായാണ് നടക്കുന്നത്. വ്യവസായ മേഖലയിലെ കൈത്തറി സംഘങ്ങൾ ലാഭകരമായി നടത്താൻ കഴിഞ്ഞിട്ടില്ല. വായ്പാ സംഘങ്ങളുടെ കാര്യക്ഷമമായ മാനേജ്മെന്റ്, സാമൂഹ്യ പരിതസ്ഥിതി എന്നിവ ലാഭകരമായ പ്രവർത്തനത്തിന് കണ്ണികളാണ്. ഇതോടൊപ്പാതന്നെ ജനങ്ങളുടെ നിർലോപമായ സഹകരണം ഈ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ അർപ്പണ മനോഭാവം എന്നിവ കൂടിയാകുമ്പോൾ പ്രവർത്തന വിജയത്തിലേക്ക് നീങ്ങുവാൻ ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയുന്നു. ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും ഇന്നത്തെ പ്രവർത്തന വിജയ രഹസ്യം മേൽകാണിച്ച ഘടകങ്ങൾ തന്നെയാണ്. നെയ്ത് സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ലാഭകരമല്ലാത്ത നിലയിലാണ് പ്രവർത്തിക്കുന്നത്. തൊഴിലാളികൾക്ക് സഹകരണ മേഖലയെക്കാൾ മെച്ചം ഒറ്റത്തറി എന്നനിലയിൽ പ്രവർത്തിക്കുന്നതാണ് മെച്ചമെന്ന പൊതു ധാരണയും അവരെ കൂട്ടി യോജിപ്പിച്ച് കൊണ്ടു പോകുവാൻ ആവശ്യമായ ഭൗതിക സാഹചര്യം സൃഷ്ടിക്കുവാൻ നാറാത്ത് വീവേഴ്സ് സഹകരണ സംഘത്തിന് കഴിയാത്തതും ഒരു

സഹകരണം



നമ്മുടെ പഞ്ചായത്തിലെ ജനജീവിതത്തിൽ സഹകരണ മേഖല ഇന്ന് കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട് എന്ന് പറയാവുന്നതാണ്. ജീവിതത്തിന്റെ വിവിധങ്ങളായ തുറകളിൽ സഹകരണ പ്രസ്ഥാനം കടന്നു കയറികൊണ്ടിരിക്കുന്നു. കാർഷിക, വ്യാവസായിക മേഖലകളിൽ ഇത് വളരെ പ്രകടമാണ്.

പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രപരമായ കാര്യങ്ങളിലേക്ക് കടക്കുമ്പോൾ നമ്മുടെ മറ്റു പ്രദേശങ്ങളെ സഹകരണ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ തന്നെ ഇവിടെയും ആരംഭിച്ചതായി പറയാവുന്നതാണ്. ജനങ്ങളുടെ വിവിധങ്ങളായ ആവ്ശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് ഒരു പരിധിവരെ മോചനം നേടുന്നതിന് വേണ്ടി മദ്രാസ് ഗവൺമെന്റിന്റെ നിയമപ്രകാരം രൂപീകരിച്ച വിവിധോദ്ദേശ സഹകരണ സംഘം കണ്ണാടിപ്പറമ്പ് വില്ലേജിലും നാറാത്ത് വില്ലേജിലും രൂപീകൃതമായി കാണാൻ കഴിയും അതിന് മുമ്പ് ഒന്നാം ലോക മഹായുദ്ധത്തെ തുടർന്ന് ദരിദ്ര രാജ്യങ്ങളിൽ പടർന്ന് പിടിച്ച കൊടും പട്ടിണി, പുഴുത്തിവെയ്പ്, കരിഞ്ചന്ത എന്നിവയിൽനിന്ന് മോചനം നേടുന്നതിന് വേണ്ടി ബ്രിട്ടീഷ് ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ മുല്ലക്കൊടിയിൽ സ്ഥാപിച്ച റൂറൽ സൊസൈറ്റി (ബാങ്ക്) ഗ്രാമങ്ങളിലെ ജനങ്ങൾക്ക് മിതമായ നിരക്കിൽ നെല്ല് സംഭരിച്ച് കൊണ്ട് അവ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള ഒരു പ്രസ്ഥാനം ആരംഭിച്ചു. അതിന്റെ പ്രവർത്തന മേഖല നമ്മുടെ പഞ്ചായത്ത് കൂടി ഉൾപ്പെടുന്ന പ്രദേശമാണ്. ഇങ്ങനെ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ശൈശവ കാലഘട്ടത്തിൽതന്നെ നമ്മുടെ പഞ്ചായത്തിലും സഹകരണ പ്രസ്ഥാനം ഉടലെടുത്തിരുന്നു.

1949 ലാണ് കണ്ണാടിപ്പറമ്പ് വില്ലേജ് പ്രവർത്തന കേന്ദ്രമായി കണ്ണാടിപ്പറമ്പ് വിവിധോദ്ദേശ ഐക്യനാണയം സംഘമെന്നും നാറാത്ത് വില്ലേജ് പ്രവർത്തന കേന്ദ്രമായി നാറാത്ത് വിവിധോദ്ദേശ ഐക്യനാണയം എന്നപേരിൽ പഞ്ചായത്തിൽ രണ്ട് സഹകരണ സ്ഥാപനങ്ങൾ റജിസ്റ്റർ ചെയ്തത് കർഷകർക്കും, കൈത്തൊഴിൽക്കാർക്കും മറ്റുജനവിഭാഗങ്ങൾക്കും മിതമായ നിരക്കിൽ വായ്പ

ലഭ്യമാക്കുന്നതിനും അത്പോലെ നിത്യോപയോഗ സാധനങ്ങൾ കൊള്ളലാഭം എടുക്കാതെ വിതരണം ചെയ്യുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടന്നതായി കാണാവുന്നതാണ്. കണ്ണാടിപ്പറമ്പ് വില്ലേജിലെ ഐക്യ നാണയ സംഘത്തിന്റെ കീഴിലുള്ള പൊതു വിതരണ കേന്ദ്രം തകരുന്ന സ്ഥിതിയാണ് ഉണ്ടായത്.

ഐക്യ നാണയ സംഘം രൂപീകരിക്കുന്നതിന് മുമ്പുള്ള നമ്മുടെ സമൂഹത്തിലെ പാവപ്പെട്ടവന്റെ ദയനീയാവസ്ഥ പരിശോധിക്കുമ്പോൾ ഐക്യ നാണയ സംഘങ്ങളുടെ പ്രവർത്തനം പാവപ്പെട്ടവന് ഒരു പുതുലോകത്തിലേക്കുള്ള പ്രവേശന കവാടം തുറന്ന് കിട്ടിയ ഒരു പ്രതീതി ഗ്രാമീണ ജനങ്ങളിൽ ഉണ്ടാക്കുവാൻ കഴിഞ്ഞു. തന്റെ ഉറ്റവരുടെ മരണാനന്തര ശേഷക്രിയക്ക് വകകാണാൻ തന്റെ സർവ്വസ്വവുമായ ഭൂമിയും കിടപ്പാടവും ജന്മിക്ക് തീറെഴുതി കൊള്ള പലിശയുടെ ഭാരത്താൽ കടം വീട്ടാൻ കഴിയാതെ കണ്ണീരോടെ കുടിയിറങ്ങേണ്ടി വന്നവർ നമ്മുടെ പഞ്ചായത്തിൽ നിരവധിയാണ്. തങ്ങളുടെ കുടുംബത്തിലെ ഏതെങ്കിലും അത്യാവശ്യ കാര്യങ്ങൾക്ക് പണം കണ്ടെത്താൻ കൊള്ള പലിശക്കാരെ സമീപിക്കേണ്ടിവരുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. കൃഷിക്കാർക്ക് കൃഷിയിറക്കുവാൻ കാര്യമായ ബുദ്ധിമുട്ടുകൾ കൂടാതെ പണം ഇത്തരക്കാരിൽനിന്ന് ലഭ്യമായിരുന്നുവെങ്കിലും ഉയർന്ന പലിശയും മറ്റ് ഇടത്തട്ടും കാരണം. കൃഷിക്കാർക്ക് മുന്നോട്ട് പോകുവാൻ കഴിയാത്ത അവസ്ഥയാണുണ്ടായത്. ഇവിടെ നിന്നും ആരംഭിക്കുമ്പോൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ജനതക്ക് ഒരു പരിധിവരെ ഒരനുഗ്രഹവും സഹായകവുമാണ്.

കേവലം ഒരു ഡിപ്പാർട്ട്മെന്റ് എന്ന നിലക്കലാതെ ബഹുജനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഭൂരിപക്ഷം സംഘങ്ങൾക്കും കഴിയുന്നുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ വായ്പാ സഹകരണ സ്ഥാപനം എന്നനിലയിൽ കണ്ണാടിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്, നാറാത്ത് സർവ്വീസ് സഹകരണ ബാങ്ക്, മുല്ലക്കൊടി റൂറൽ ബാങ്കിന്റെ രണ്ട് ശാഖകൾ, കണ്ണാടിപ്പറമ്പ് വനിതാ സഹകരണ സംഘം, നാറാത്ത് പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘം എന്നിവയും വ്യവസായ മേഖലയിൽ കണ്ണാടിപ്പറമ്പ് വീവേർസ് ഇൻഡ്രിയൽ സൊസൈറ്റി, നാറാത്ത് വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ നെയ്ത് മേഖലയിൽ പ്രവർത്തിക്കുന്നു. ക്ഷീര മേഖലയിൽ കണ്ണാടിപ്പറമ്പിൽ ക്ഷീര വ്യവസായ സഹകരണ സംഘം ബേക്കറി മേഖലയിൽ ഖാദിവില്ലേജ് ഇന്റസ്ട്രീസ് സഹകരണ സംഘം എന്നിവ പ്രവർത്തിക്കുന്നു. ഉപഭോക്തൃ സഹകരണ സംഘം എന്നപേരിൽ സംഘങ്ങൾ ഇല്ലെങ്കിലും രണ്ട് സർവ്വീസ് ബാങ്കിന്റെയും കീഴിൽ കൺസ്യൂമർ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ വായ്പാ സംഘങ്ങളും ക്ഷീര സഹകരണ സംഘങ്ങളും ലാഭകരമായാണ് നടക്കുന്നത്. വ്യവസായ മേഖലയിലെ കൈത്തറി സംഘങ്ങൾ ലാഭകരമായി നടത്താൻ കഴിഞ്ഞിട്ടില്ല. വായ്പാ സംഘങ്ങളുടെ കാര്യക്ഷമമായ മാനേജ്മെന്റ്, സാമൂഹ്യ പരിതസ്ഥിതി എന്നിവ ലാഭകരമായ പ്രവർത്തനത്തിന് കണ്ണികളാണ്. ഇതോടൊപ്പം തന്നെ ജനങ്ങളുടെ നിർലോപമായ സഹകരണം ഈ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ അർപ്പണ മനോഭാവം എന്നിവ കൂടിയാകുമ്പോൾ പ്രവർത്തന വിജയത്തിലേക്ക് നീങ്ങുവാൻ ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയുന്നു. ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും ഇന്നത്തെ പ്രവർത്തന വിജയ രഹസ്യം മേൽകാണിച്ച ഘടകങ്ങൾ തന്നെയാണ്. നെയ്ത് സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ലാഭകരമല്ലാത്ത നിലയിലാണ് പ്രവർത്തിക്കുന്നത്. തൊഴിലാളികൾക്ക് സഹകരണ മേഖലയെക്കാൾ മെച്ചം ഒറ്റത്തറി എന്നനിലയിൽ പ്രവർത്തിക്കുന്നതാണ് മെച്ചമെന്ന പൊതു ധാരണയും അവരെ കൂട്ടി യോജിപ്പിച്ച് കൊണ്ടു പോകുവാൻ ആവശ്യമായ ഭൗതിക സാഹചര്യം സൃഷ്ടിക്കുവാൻ നാറാത്ത് വീവേഴ്സ് സഹകരണ സംഘത്തിന് കഴിയാത്തതും ഒരു

ഘടകമാണ്. വർക്ക് ഷെഡുകൾ സ്ഥാപിച്ചു കൊണ്ട് കൂട്ടായ ഉൽപാദനവും അത് വഴി മെച്ചപ്പെട്ട ഉൽപന്നങ്ങളും ഉണ്ടാക്കി മാർക്കറ്റ് നേടുവാൻ കഴിയേണ്ടതാണ്.

പഞ്ചായത്തിൽ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.(കണ്ണാടിപ്പറമ്പ് - നാറാത്ത്) രണ്ട് ബാങ്കുകളും പഞ്ചായത്തിലെ ജനവിഭാഗങ്ങളുമായി ഏറ്റവും അടുത്ത ബന്ധം സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടുള്ളവയാണ്. 1949ലാണ് ഈ രണ്ട് സ്ഥാപനവും റജിസ്റ്റർ ചെയ്തത്.

കണ്ണാടിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്

ബാങ്കിന്റെ പ്രവർത്തനം ആരംഭിച്ചത് 1951 വർഷത്തിലാണ്. കണ്ണാടിപ്പറമ്പ് വില്ലേജാണ് പ്രവർത്തന മേഖല വില്ലേജിലെ മുഴുവൻ ആളുകളുടെയും ആവശ്യങ്ങൾ നിറവേറ്റുവാൻ അന്ന് കഴിഞ്ഞിരുന്നില്ല. വളരെ പരിമിതമായ തോതിൽ കൃഷിക്കാർക്ക് വായ്പ നൽകുന്ന ഒരു സ്ഥാപനമായിരുന്നു. ഏറ്റവും ഉയർന്ന വായ്പ സംഖ്യ 100 രൂപയായിരുന്നു. 1970 കാലഘട്ടം വരെ ഈ സ്ഥാപനത്തിന്റെ ശൈശവാവസ്ഥ തുടർന്നുകൊണ്ടേയിരുന്നു. 1975ൽ സഹകരണ ബാങ്കായി ഉയർന്നു. കണ്ണാടിപ്പറമ്പിലെ കർഷകർക്ക് ആവശ്യമായ വായ്പ, രാസവളം, കാർഷികോപകരണങ്ങൾ എന്നിവ ലഭ്യമാകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ നൽകുന്നതിനും ബാങ്ക് പ്രമുഖ്യം കൊടുത്തിട്ടുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന്, വിവാഹം, വീടു റിപ്പയർ എന്നിവ ഇതിലുൾപ്പെടുന്നു. നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഗൃഹോപകരണ വിൽപന ശാല, കൺസ്യൂമർ സ്റ്റോർ രാസവള വിൽപന കേന്ദ്രം എന്നിവ ബാങ്കിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. വിവിധ തരം നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് ജനങ്ങളുടെ മിച്ചം ശേഖരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ബാങ്കായി ഉയർന്നതിന് ശേഷമുള്ള പ്രവർത്തനം ജനങ്ങളിലേക്ക് കൂടുതൽ കൂടി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

നാറാത്ത് സർവ്വീസ് സഹകരണ ബാങ്ക്

1950ൽ റജിസ്റ്റർ ചെയ്ത് 1951ൽ പ്രവർത്തനം ആരംഭിച്ചു. നാറാത്ത് വില്ലേജിലെ കർഷകർക്കും, മറ്റു ജനവിഭാഗങ്ങൾക്കും ആവശ്യമായ വായ്പ നൽകുന്നതിന് ഒരു പരിധി വരെ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ രാസവളം വിതരണം ചെയ്യുന്നതിന് വളം വിൽപനാകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വിവിധങ്ങളായ ആവശ്യങ്ങൾക്ക് വേണ്ട വായ്പകൾ വിതരണം ചെയ്യുന്നു. അതുപോലെ ജനങ്ങളുടെ മിച്ചം സ്വരൂപിക്കുന്നതിന് വിവിധ പദ്ധതികളിലൂടെ ശ്രമം നടത്തിക്കൊണ്ട് ആ രംഗത്ത് ഒരു പരിധി വരെ വിജയം കൈവരിച്ചതായി കാണാൻകഴിയും നിക്ഷേപസമാഹരണത്തിൽ ഒന്നാം സ്ഥാനത്ത് എത്തുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞു.

നമ്മുടെ പഞ്ചായത്തിൽ സഹകരണ ബാങ്കുകളുടെ നിക്ഷേപവും വായ്പയും

അംഗീകൃത ഓഹരി മൂലധനം

കണ്ണാടിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്	: 6,00,000
നാറാത്ത് സർവ്വീസ് സഹകരണ ബാങ്ക്	: 20,00,000

പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം

കണ്ണാടിപ്പറമ്പ്	: 5,80,725
നാറാത്ത്	: 15,01,748

പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപം

കണ്ണാടിപ്പറമ്പ് സ്ഥിരം	: 62,74,743
ഹ്രസ്വകാലം	: 61,11,315
നാറാത്ത് ബാങ്ക് സ്ഥിരം	: 1,93,33,465
ഹ്രസ്വകാലം	: 1,62,59,341

വായ്പകൾ

കണ്ണാടിപ്പറമ്പ് ബാങ്ക്	: 78,83,015
നാറാത്ത് ബാങ്ക്	: 4,26,80,763

മുമ്പ് വിവരിച്ച കാര്യങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും അതിന്റെ ജയപരാജയങ്ങളുമാണെങ്കിൽ നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന് മഹനീയമായ പങ്ക് നിർവ്വഹിക്കാൻ കഴിയും.

നമ്മുടെ കാർഷിക മേഖലയുടെ ഉണർവിന് സഹകരണ ബാങ്കുകൾക്ക് കാര്യമായാ പങ്ക് വഹിക്കാൻ കഴിയും ഇന്നത്തെ തുണ്ടുതുണ്ടായുള്ള കൃഷിഭൂമിയും അതിലെ കൃഷി സമ്പ്രദായങ്ങളും മാറ്റപ്പെടേണ്ടതാണ്. ഗ്രൂപ്പ് ഫാമംഗിലൂടെയുള്ള കൂട്ട കൃഷിസമ്പ്രദായം നടപ്പാക്കണം. അതിന് വായ്പാ സ്ഥാപന ത്തോടൊപ്പം തന്നെ കൃഷിഭവനിലെ ഉദ്യോഗസ്ഥർ അവരുടെ ഇന്നത്തെ അനാസ്ഥ കൈവെടിഞ്ഞ് കൃഷിക്കാരെ ഈ നിലയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം നടത്തണം. പഴയ കൃഷി രീതിയിലെ ഗുണപരമായ അംശങ്ങൾ എടുത്ത് നവീന കൃഷിരീതി കളുമായി യോജിപ്പിച്ചുകൊണ്ടുള്ള കൃഷിരീതികൾ ആവിഷ്കരിക്കണം. ഇവർക്ക് ആവശ്യമായ വായ്പകൾ യഥാവസരം വൈഷമ്യങ്ങൾ കൂടാതെ ലഭ്യമാക്കുന്നതിന് വേണ്ട പ്രവർത്തനം സഹകരണ ബാങ്കുകൾ കൈകൊള്ളേണ്ടതാണ്. അത് പോലെ പച്ചക്കറിത്തോട്ടങ്ങൾ സ്ഥാപിക്കുകയും അവർക്ക് ആവശ്യമുള്ള വായ്പയും മറ്റും എല്ലാവിധ സൗകര്യങ്ങളും നൽകുവാൻ ബാങ്കുകൾക്ക് കഴിയണം. ഇതോടൊപ്പം തന്നെ അവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ശേഖരിക്കുന്നതിനും അവ മാർക്കറ്റ് ചെയ്ത് കൊണ്ട് ന്യായമായ വില കർഷകനു ലഭിക്കുന്നതിനുള്ള സൗകര്യം സഹകരണ ബാങ്കുകൾ നിർവ്വഹിക്കണം. ലാഭം എന്ന തത്വത്തിൽനിന്ന് വ്യതിചലിച്ച് ചുരുങ്ങിയ പലിശനിരക്ക് വായ്പ കൊടുക്കുന്നതിന് വേണ്ട പദ്ധതികൾ ബാങ്ക് ആവിഷ്കരിക്കണം.

കാർഷിക രംഗത്തിന് പുറമെ ചെറുകിട കുടിൽ വ്യവസായ സംരംഭകർക്ക് വായ്പാ സഹായങ്ങൾ നൽകി പ്രോത്സാഹിപ്പി ക്കേണ്ടതാണ്. ഒറ്റയ്ക്ക് വായ്പ നൽകുന്നതിന് പകരമായി ഒരു ഗ്രൂപ്പുണ്ടാക്കി അങ്ങിനെ ചെറുകിട വ്യവസായ യൂണിറ്റ് എന്ന നിലയിൽ വായ്പ നൽകുന്നതായിരിക്കും ഉചിതം എന്നു തോന്നുന്നു.

ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന വ്യാപനത്തിലൂടെ കൂടുതൽ പേർക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള ഒരു മേഖലസൃഷ്ടിക്കുവാൻ കഴിയും. പശുക്കളെ വാങ്ങുന്നതിനുള്ള വായ്പാ സൗകര്യം, ആടുകൾ, കോഴികൾ എന്നിവയെ വളർത്തുന്നതിനതിനാവശ്യമായ വായ്പയും അതോടൊപ്പം തന്നെ ഇതിന്റെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ വഴി നടത്തപ്പെടണം സംഘത്തിന് ആവശ്യമായ സാമ്പത്തിക കാര്യങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ വഴി നേടാനാവണം. അത്പോലതന്നെ നമ്മുടെ പഞ്ചായത്തിലെ പുഴകൾ, തോടുകൾ, കുളങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ മത്സ്യംവളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ട പ്രവർത്തനം പഞ്ചായത്ത്, ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സംഘം, കൃഷിഭവൻ എന്നിവരുടെ യോജിച്ച പ്രവർത്തനത്തിലൂടെ നടത്തണം.

പഞ്ചായത്തിലെ ഏറ്റവും വലിയ കുടിൽ വ്യവസായമാണ് നെയ്ത് അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിന് ഇന്നുള്ള നെയ്ത് സഹകരണ സംഘത്തിന് ആവശ്യമായ ഫണ്ടുകൾ നല്കികൊണ്ട് ഒരു കേന്ദ്രീകൃത ഉൽപാദന കേന്ദ്രമായി വളർത്തുന്നതിനാവശ്യമായ പ്രവർത്തനം സംഘത്തിന്റെ മാനേജ്മെന്റ് നടത്തേണ്ടതാണ്.

കഴിഞ്ഞ 10–15 വർഷക്കാലം നിർമ്മാണ പ്രവർത്തനങ്ങളുടെ കാലഘട്ടമായിരുന്നു. എന്നു പറയാവുന്നതാണ്. വീടുകൾ മറ്റു കെട്ടിടങ്ങൾ എന്നിവ മുമ്പത്തെക്കാൾ കൂടുതൽ ഈ കാലഘട്ടത്തിലാണ് ഉയർന്നുവന്നത്. ഈ രംഗത്ത് ഒരു കൺസ്ട്രക്ഷൻ സൊസൈറ്റിയുടെ സ്ഥാപനത്തിലൂടെ ഈ മേഖലയിലെ തൊഴിലാളികൾക്കും അത്പോലെ നിർമ്മാണ പ്രവർത്തനം നടത്തിക്കുന്നവർക്കും ഒരുപോലെ

അനുഗ്രഹമായിരിക്കും. ചുരുങ്ങിയ ചിലവിൽ നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിനും അവ മറ്റു അനാവശ്യച്ചിലവുകൾ ഒഴിവാക്കി സാങ്കേതിക ജ്ഞാനം ലഭിച്ചവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ചുരുങ്ങിയ ചിലവിൽ ഭവന നിർമ്മാണം നടത്തുന്നതിന് കഴിയുന്നു. ഇതിലൂടെ കൂടുതൽപേർക്ക് തൊഴിൽ രംഗത്ത് ശ്രദ്ധിക്കുന്നതിന് തൊഴിലന്വേഷണത്തിന്റെ ചുമതല സഹകരണ സംഘത്തിന് കൈവരികയും ചെയ്യുന്നു.

പഞ്ചായത്തിലെ പൊതുവിതരണവും, മറ്റു നിത്യോപയോഗ സാധനങ്ങളുടെ വിതരണവും സഹകരണ സ്ഥാപനങ്ങൾ വഴി നടത്താവുന്നതാണ്. അത് വഴി കാര്യക്ഷമമായും, അമിതവില ഈടാക്കാതെയുമുള്ള ഒരു വിതരണ ശൃംഖല സൃഷ്ടിക്കുന്നതിന് സഹകരണ മേഖലക്ക് കഴിയും

ബാങ്കിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	ആകെ അംഗങ്ങൾ	അംഗീകൃത ഓഹരി മൂലധനം Rs	പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം Rs	സർക്കാർ ഓഹരി ലഭിച്ചതുക Rs	പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ	
						സ്ഥിരം Rs	ഹ്രസ്വകാലം Rs
നാറാത്ത് സർവ്വീസ് സഹകരണ ബാങ്ക്	1950	8385	20,00,000	1501748	100,000	18333465	16259341
കണ്ണാടിപറമ്പ് സർവ്വീസ് സഹകരണ ബാങ്ക്	1950	5818	600000	580725	100,000	62,74,743	6111315

പട്ടികജാതി പട്ടികവർഗ്ഗം

കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടിക ജാതി പട്ടികവർഗ്ഗം താമസിക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് നാറാത്ത് ഗ്രാമപഞ്ചായത്ത് പുലയ, മലയ, വണ്ണാൻ, വള്ളുവ, പുള്ളുവ, എന്നീ പട്ടികജാതി സമുദായങ്ങളാണ് ഈ ഗ്രാമപഞ്ചായത്തിൽ ഉള്ളത് 1991 ലെ സെൻസസ് പ്രകാരം 54 പട്ടികവർഗ്ഗ കുടുംബങ്ങൾ നാറാത്ത് പഞ്ചായത്തിലുണ്ടെന്ന് കാണുന്നുണ്ടെങ്കിൽ വാസ്തവത്തിൽ അവർ പട്ടികവർഗ്ഗത്തിൽപെട്ടവരല്ലെന്നുള്ളതാണ് വാസ്തവം ഈ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളില്ല. പട്ടികജാതി കുടുംബങ്ങളിൽ ഏറ്റവും കൂടുതൽ കുടുംബങ്ങളുള്ളത് പുലയസമുദായത്തിൽ പെട്ടവരാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പതിനാലോളം കോളനികളിലും കൂട്ടായിട്ടാണ് ഇവർ താമസിക്കുന്നത്. പണ്ടുകാലങ്ങളിൽ കാർഷിക ജോലിയിലായിരുന്നു ഇവർ ഭൂരിഭാഗവും എർപ്പെട്ടിരുന്നതെങ്കിലും ഇപ്പോൾ കാർഷിക വൃത്തിക്ക് പുറമേ കെട്ടിട നിർമ്മാണ മേഘലയിലേക്കാണ് ഇവർ കൂടുതലും നീങ്ങിയിരിക്കുന്നത്. വള്ളുവ സമുദായം മത്സ്യബന്ധനത്തിലും മലയ, വണ്ണാൻ സമുദായങ്ങൾ തെയ്യം കുലത്തൊഴിലായി സ്വീകരിച്ചു വരുന്നവരാണ്പഞ്ചായത്തിലെ ഹരിജനങ്ങളുടെ കുടുംബ കൈവശ ഭൂമി ശരാശരി 4 സെന്റാണ്, ഇത് ഭൂപരിഷ്കരണ നിയമം മൂലമാണ് ഇവിർക്ക് ലഭിച്ചത് ഏകദേശം 520 ഓളം പട്ടിക ജാതി കുടുംബങ്ങൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്, കുടുംബങ്ങളിൽ ഭൂരിഭാഗവും കൂലിവേല ചെയ്യുന്നവരാണെങ്കിലും കേന്ദ്രഗവണ്മന്റിന്റെ റെയിൽവേ, പി ആന്റ് ടി, പൊതുമേഖലാ സ്ഥാപനങ്ങളിലും സംസ്ഥാന സർവ്വീസിലും സഹകരണ മേഖലയിലും ജോലിചെയ്യുന്നവർ ഇവരുടെ ഇടയിലുണ്ട്. പ്രായമുള്ളവരിലധികവും വിദ്യാഭ്യാസം ലഭിക്കാത്തവരാണെങ്കിലും ഇന്ന് കുട്ടികളുടെ സെക്കന്ററി തലംവരെ ഉള്ള വിദ്യാഭ്യാസത്തിൽ എത്തിക്കുന്നതിൽ രക്ഷിതാക്കൾ വേണ്ടത്ര ശ്രദ്ധിക്കുന്നുണ്ട്. ഇവരുടെ ഇടയിൽ കോളജ് വിദ്യാഭ്യാസവും, ടെക്നിക്കൽ വിദ്യാഭ്യാസവും ലഭിച്ചവരുണ്ട്.

ഭൂരിഭാഗം ആളുകളും കോളനി അടിസ്ഥാനത്തിൽ താമസിക്കുന്നത് കൊണ്ട്തന്നെ പരിസ്ഥിതി പരമായും സാമൂഹ്യമായും സാംസ്കാരികമായും എന്നുവേണ്ട അടിസ്ഥാനപരമായ പല സൗകര്യങ്ങളുടെയും പോരായ്മ ഇവരിൽ കാണുന്നു. അത് കൊണ്ട് തന്നെ കോളനികളുടെ ഉന്നമനം അടിസ്ഥാനപരമായി കാണേണ്ടതാണ്. വിവിധഗവൺമെന്റ് പദ്ധതികളിലായി 175 ഓളം വീടുകൾ നിർമ്മിക്കാനുള്ള ധനസഹായം നൽകി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ കക്കൂസ്, കുളിമുറി, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, വീടുകളിലെ വൈദ്യുതീകരണ സഹായം എന്നിവ ഇവർക്ക് ലഭിച്ചിട്ടുണ്ട്.

ദാരിദ്ര്യനിർമാർജന പദ്ധതികളുടെ ഭാഗമായി IRDP സ്കീം അനുസരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്നും 90% കുടുംബങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ടെങ്കിലും ഇത് ഫലപ്രദമായി ഉപയോഗിച്ചവരും ദുരുപയോഗം ചെയ്തവരും ഇവരടെ ഇടയിലുണ്ട് കൃഷി തൊഴിലിൽ ഏർപ്പെടുന്നവർക്ക് തൊഴിൽ ഉപകരണങ്ങളും നടീൽ വസ്തുക്കളും സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്.

സാമൂഹ്യമായും സാംസ്കാരികമായും മുൻകാലങ്ങളിൽ ഇവർപിന്നോക്കമായിരുന്നെങ്കിലും ഇന്ന് സാമൂഹ്യമായി എല്ലാരംഗങ്ങളിലും സജീവമായി ഉയർത്തികൊണ്ടുവരാനും അതുപോലെ ഉയർന്ന് വരുവാനും ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ പദ്ധതികൾ മുഖേനയുള്ള ആനുകൂല്യങ്ങൾ ഇവർക്ക് ലഭിച്ച് വരുന്നുണ്ടെങ്കിലും അവ ഫലപ്രദമായി വിനിയോഗിക്കാൻ വിമുഖത കാട്ടുന്നതായി മനസ്സിലാകുന്നു. ഇതിനെതിരെ ഫലപ്രദമായ ബോധവൽകരണവും നടപടികളും ഉണ്ടാകേണ്ടതാണ്.

പ്രശ്നങ്ങൾ

1. ഉന്നതവിദ്യാഭ്യാസ രംഗത്തെ താല്പര്യ കുറവ്.
2. ഒരു വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു.

3. വിവിധ ഡിപ്പാർട്ടുമെന്റിൽ നിന്ന് കൊടുക്കുന്ന ഗ്രാന്റ്, നിർദ്ദിഷ്ട പ്രവൃത്തി പൂർത്തീകരിക്കുവാൻ തികയുന്നില്ല.
4. സ്വന്തം ഭൂമിയുള്ളവർ കുറവാണ്.
5. സാംസ്കാരിക പ്രവർത്തനത്തിന് വേണ്ടി യുള്ള കേന്ദ്രങ്ങളില്ല.
6. പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിൽ നിന്ന് വാങ്ങിയ കടങ്ങൾ തീർക്കാൻ സാധിക്കു ന്നില്ല.
7. ചികിത്സാകേന്ദ്രങ്ങൾ സ്വകാര്യ ആശുപത്രി കൾ എന്നിവയിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
8. സഹകരണ സ്ഥാപനങ്ങളിൽ ഉദ്യോഗനിയ മനത്തിൽ സംവരണം പാലിക്കുന്നില്ല.
9. പട്ടികജാതി വ്യവസായ സഹകരണസംഘ ങ്ങളില്ല.
10. വീടുകളിൽ വൈദ്യുതി ലഭിക്കാൻ കാലതാ മസം കാണുന്നു.
11. ഹരിജനങ്ങൾ തിങ്ങിപാർക്കുന്ന നാറാത്ത് ഒരു പൊതുപരിപാടി നടത്തുന്നതിന് ആവശ്യ മായ ഒരു കമ്മ്യൂണിറ്റി സെന്ററിന്റെ അഭാവം

നിർദ്ദേശങ്ങൾ

1. വിവിധ ഏജൻസികൾ മുഖേന നടപ്പിലാ ക്കുന്ന പദ്ധതികൾ ഒരു ഏജൻസിയിലൂടെ വിത രണം നടത്തുക.
2. നിലവിൽ വീടില്ലാത്ത കുടുംബങ്ങൾക്ക് വീടിനുള്ള ധനസഹായം നൽകുക. നിലവിലുള്ള തുക വർദ്ധിപ്പിച്ച് ചുരുങ്ങിയത് 35000 രൂപയാക്കി മാറ്റുക. കക്കൂസിനുള്ള തുക 1400 ൽ നിന്നും 3000 രൂപയാക്കി മാറ്റുക.
3. സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭിക്കുന്നതിനുള്ള ധനസ ഹായം നൽകുക. ലക്ഷം വീട്ടിൽ താമസിക്കു ന്നവർക്ക് അവ റിപ്പയർ ചെയ്യുന്നതിന് ധനസ ഹായം നൽകുക
4. റേഷൻ കാർഡില്ലാത്ത മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകുകയും മുഴുവൻ വീടും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹനവും പഞ്ചായത്ത് തലത്തിൽ എന്റോവ്മെന്റ് ഏർപ്പെടുത്തുകയും ചെയ്യുക.
5. കോളനികളിൽ സാംസ്കാരിക കേന്ദ്ര ങ്ങൾ, കുടവെള്ളസൗകര്യം, ഡ്രൈനേജ് സൗക ര്യം, കോളനികൾക്കകത്ത് റോഡുകൾ എന്നിവ നിർമ്മിക്കുക. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
6. പട്ടികജാതി ശ്മശാനങ്ങളായ കണ്ണാടിപ്പറമ്പ് പുലൂപ്പി ഹരിജൻ ശ്മശാനം, കമ്പിൽ പാട്ടയം ഹരിജൻ ശ്മശാനം എന്നിവ ചുറ്റുമതിൽകെട്ടിസം രക്ഷിക്കുകയും അതിൽ വൈദ്യുതീകരിച്ച് കെട്ടിടം നിർമ്മിക്കുകയും ചെയ്യുക. ഇവയിൽ റോഡുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ റോഡുകൾ നിർമ്മിക്കുകയും ചെയ്യണം.
7. പഞ്ചായത്തിനകത്ത് പുതിയ സ്ഥലം അക്വ യർ ചെയ്ത് പട്ടികജാതിക്കാർക്ക് വീടുകൾ പണി യാൻ സഹായം ചെയ്ത് കൊടുക്കുക.
8. പട്ടികജാതിക്കാരുടെ നിലവിലുള്ള വായ്പാ ബാധ്യതകൾ ലഘൂകരിക്കുന്നതിന് പലിശയിളവ് നൽകുകയും പുതിയവായ്പകൾക്ക് പലിശനി രക്ക് കുറക്കുകയും ചെയ്യുക.
9. സഹകരണാടിസ്ഥാനത്തിൽ പട്ടികജാതി ക്കാരെ സംഘടിപ്പിച്ച് പായമടയൽ, കയർ, ക്ഷീര വ്യവസായം, തയ്യൽ തുടങ്ങിയവ ആരംഭിച്ച് തൊഴിലവസരം സൃഷ്ടിക്കുക.
10. മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും പട്ടയം നൽകുക.
11. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന മേഖല യിൽ പരിസ്ഥിതി മലിനമാക്കുന്ന വ്യവസായ ങ്ങൾ അനുവദിക്കാതിരിക്കുക.
12. പ്രൈവറ്റ് സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുക.
13. സഹകരണസ്ഥാപനങ്ങളിൽ ഉദ്യോനിയമന ത്തിൽ സംവരണ നിയമം പാലിക്കാത്ത സ്ഥാപ നങ്ങളിൽ അവ നടപ്പിലാക്കാൻ നടപടി സ്വീക രിക്കണം.
14. പട്ടികജാതിക്കാർക്കുള്ള ഗ്രാന്റുകൾ നിശ്ചി താവശ്യത്തിനു തന്നെ ഉപയോപ്പെടു ത്തുന്നുവെന്ന് ഉറപ്പു വരുത്താൻ പഞ്ചാത്ത് തല ത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക.
15. പട്ടികജാതി കുടുംബങ്ങളുടെ ഒരുസമഗ്ര സർവ്വേ നടത്തുക.

വിഭവസമാഹരണം

ഏതൊരു പ്രദേശത്തിന്റെയും വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കപ്പെടുന്നതിന് ആ പ്രദേശത്തെ വിഭവങ്ങളെ സംബന്ധിച്ച ശരിയായ ധാരണകൾ ഉണ്ടായിരിക്കണം. പഞ്ചായത്തു തലത്തിൽ നമ്മുടെ പ്രദേശത്തിന്റെ വിഭവശേഷി രണ്ടുതരത്തിൽ വിശകലനം ചെയ്യേണ്ടതുണ്ട്.

1. ജനങ്ങളുടെ സാമ്പത്തിക സ്ഥിതി.
2. പഞ്ചായത്തിന്റെ വിഭവസമാഹരണം.

ജനങ്ങളുടെ സാമ്പത്തികസ്ഥിതി

23,584 ജനസംഖ്യയുള്ള പഞ്ചായത്തിലെ ജനങ്ങൾ 6,000 ത്തോളം കുടുംബങ്ങളായിട്ടാണ് ജീവിക്കുന്നത് കുടുംബങ്ങളുടെ സാധാരണ വരുമാനമാർഗ്ഗങ്ങളായിട്ടാണ് ജീവിക്കുന്നത്. കുടുംബങ്ങളുടെ സാധാരണ വരുമാന മാർഗ്ഗങ്ങൾ പ്രധാനമായും

1. അവരവരുടെ തൊഴിലിൽ നിന്ന്.
2. കുടുംബങ്ങളുടെ അധീനതയിലുള്ള ഭൂമിയിൽനിന്നും.
3. വിവിധ ധനകാര്യസ്ഥാപനങ്ങളുടെ വായ്പയായും.
4. വ്യക്തിഗത വായ്പകളായും ലഭിക്കുന്നു.

കൈത്തറി,നെയ്ത്ത്, ബീഡി, കള്ള്ചെത്ത്, പവർലൂം നെയ്ത്ത്, ചെങ്കല്ലുകൾ, സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിലെ വിവിധ തൊഴിലുകൾ, സഹകരണജീവനക്കാർ, അന്യസംസ്ഥാനങ്ങളിൽ പോയി പണിയെടുക്കുന്നവർ, ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കുന്നവർ, അധ്യപകർ, കൃഷിക്കാർ, കർഷകതൊഴിലാളികൾ, കച്ചവടക്കാർ, എന്നിങ്ങനെയുള്ള വിവിധതൊഴിലുകളെടുക്കുന്നവരാണ് കൂടുതലും. അഭ്യസ്ത വിദ്യരുടെയിടയിൽതൊഴിലില്ലായ്മ രൂക്ഷമാണ്

ഭൂമിയിൽ നിന്നുള്ള വരുമാനം പ്രധാനമായും നെൽകൃഷി, തെങ്ങുകൃഷി, കശുമാവ്, മാവ്, പ്ളാവ്, വാഴ, കവുങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് ഉണ്ടാവുക. വല്ലപ്പോഴും മരം മുറിച്ചു വില്പനയിലൂടെയും വരുമാനം സിദ്ധിക്കുന്നു.

പ്രത്യേകതരം ധനകാര്യ ആവശ്യങ്ങൾ വരുമ്പോൾ കൂടുതൽ തുക സമാഹരിക്കേണ്ടി വരുമ്പോൾ ജനങ്ങൾ പൊതുവിൽസഹകരണ ബാങ്കുകളെയാണ് സമീപിക്കുന്നത്. ബാങ്കിംഗ് മേഖലയിൽ ഈ പഞ്ചായത്തിൽ.പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇവയാണ്

1. കണ്ണാടിപ്പറമ്പ് സർവ്വീസ് സഹകരണ ബേങ്ക്.
2. നാറാത്ത് സർവ്വീസ് സഹകരണ ബേങ്ക്.
3. നോർത്ത് മലബാർ ഗ്രാമീണ ബേങ്ക് ബ്രാഞ്ച്.
4. ലോർഡ് കൃഷ്ണാ ബേങ്ക് ശാഖ.
5. കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് ശാഖ.
6. കാർഷിക വികസന ബേങ്ക് ശാഖ.
7. മുല്ലക്കൊടി കോ-ഓപ്പറേറ്റീവ് റൂറൽബേങ്ക് ശാഖകൾക്കൊ.

ഈ ബാങ്കുകൾക്കെല്ലാം തന്നെ പലതരത്തിലുള്ള വായ്പാ പദ്ധതികൾ ഉണ്ടെങ്കിലും എല്ലാം പൊതുവായി വ്യക്തിഗത വായ്പകളിലൂന്നിയാണ് പ്രവർത്തിക്കുന്നത്. സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ വിപുലമായി ജനവിശ്വാസമാർജിച്ചവയാണ്.

വ്യക്തിഗത വായ്പകൾ മുമ്പൊക്കെ പരസ്പരബന്ധത്തിലും സേവനതല്പരതയിലും ഊന്നി നിന്നിരുന്നുവെങ്കിലും അടുത്തകാലത്തായി ചിലർ "ബ്ലേഡ് വായ്പാപദ്ധതികൾ" നടപ്പിലാക്കി വരുന്നുണ്ട്. ഇത് സാമൂഹ്യ ജീവിതത്തിന്ന് വിഷമമുണ്ടാക്കുന്ന ഒരു പ്രവണതയാണ് ഇത്തരം പരിപാടികൾ തടയാൻ ആവശ്യമായ ബോധവൽക്കരണം ആവശ്യമാണ്.

സാമ്പത്തിക വരമാനത്തിൽ മറ്റൊരു എടുത്തുപറയേണ്ട സംഗതി നമ്മുടെ പഞ്ചായ ജോലിചെയ്യുന്നവരുടെ പങ്കാണ്. നമ്മുടെ പ്രദേശത്ത് നിന്നും ഏതാണ്ട് 1000 ത്തിലധികം പേർ ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നുണ്ട്. അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും പാർപ്പിടം, വിദ്യാഭ്യാസം, ആഡംബരസൗകര്യങ്ങൾ എന്നിവക്കായി ചിലവഴിക്കപ്പെടുകയാണ്. ഈ ദിശയിൽ നിന്നും മാറി ഉല്പാദനമേഖലയിലേക്ക് തിരിച്ചുവിട്ടാൽ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വലിയൊരളവ്വരെ സാധിക്കും.

പഞ്ചായത്തിന്റെ വിഭവസാമാഹരണം :

നാറാത്ത് പഞ്ചായത്തിന്റെ പ്രധാനവരുമാന മാർഗ്ഗങ്ങൾ ഇവയാണ്.

2,29,279.	1.	കെട്ടിടനികുതി — രണ്ട ലക്ഷത്തി 29-നായിരത്തി 279 - രൂപ
1,15,176	2.	തൊഴിൽ നികുതി — 1 ലക്ഷത്തി 15 ആയിരത്തി 176 രൂപ
1,642	3.	പ്രദർശന നികുതി 1642 രൂപ
2,19,371	4.	സർക്കാർ ഗ്രാന്റ് — 2 ലക്ഷത്തി 19 ആയിരത്തി 371 രൂപ
3,13,950	5.	അൺടൈഡ്ഫണ്ട് — 3ലക്ഷത്തി 13 ആയിരത്തി 950 രൂപ
2,94,092	6.	മാർക്കറ്റ്, പൂഴിവാരൽ ലേലങ്ങൾ — 2,94,092

ചെലവിനങ്ങൾ

1.	പൊതു ഭരണച്ചെലവ് —	4,01,004
2.	പൊതുമരാമത്ത് ചെലവ് —	4,81,664
3.	ലൈബ്രറി, വായനശാല —	25,525
4.	മറ്റ് പദ്ധതികൾ —	80,234
5.	തെരുവ് വിളക്കുകൾ —	35,820
6.	മറ്റുള്ളവ. —	3,37.009

പ്രശ്നങ്ങൾ

1. കെട്ടിടനികുതി അസസ്മെന്റ് ും കെട്ടിടനിർമാണ ച്ചെലവും തമ്മിലുള്ള ശാസ്ത്രീയ

മായ ബന്ധമില്ലായ്മ.

2. ഗവൺന്റ് ധനസഹായം യഥാസമയം ലഭിക്കായ്ക.

3. ഭരണച്ചെലവ് വർധനവ്.

4. ധനവിനിയോഗത്തിൽ കോൺട്രാക്റ്റ്വർക്ക് ചെലുത്തുന്നസ്വാധീനം.

5. ശരിയായ ഒരു പൊതുവീക്ഷണം ഫണ്ട് വിനിയോത്തിൽ ഇല്ലാത്ത അവസ്ഥ.

6. പുതിയ ധനാഗമനങ്ങൾ സംബന്ധിച്ച് ആലോചിക്കായ്ക

സാധ്യതകൾ

1. പദ്ധതി പ്രവർത്തനങ്ങൾക്കുള്ള സർക്കാർ ഫണ്ടിലെ വർദ്ധനവ്.

2. കെട്ടിടനികുതി പിരിവും അസസ്സ്മെന്റും പരിഷ്കരിക്കൽ.

3. കോൺട്രാക്ററ് സമ്പ്രദായം അവസാനിപ്പിക്കുക.

4. പദ്ധതിയടിസ്ഥാനത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പണം സ്വരൂപിക്കുക.

5. പഞ്ചായത്ത് വകസ്ഥലം അന്യാധീനപ്പെട്ടത് വീണ്ടെടുത്തു കൃഷി പ്രോൽസാഹിപ്പിക്കുക.


6. കാട്ടാമ്പള്ളി അപ്രോച്ച് റോഡിനിരുവശവും, പഞ്ചായത്തിലെ മററുപൊതുകുളങ്ങളും മൽസ്യകൃഷി നടത്താൻ പാട്ടവ്യവസ്ഥയിൽ നടപടിയെടുക്കുക.


7. കാട്ടാമ്പള്ളി പദ്ധതി കേന്ദ്രീകരിച്ച് ടൂറിസ സൗകര്യം വികസിപ്പിക്കുക.

8. നാറാത്ത് ബസാറിൽ പഞ്ചായത്ത് വക സ്ഥലത്ത് മാർക്കറ്റിംഗ് കോംപ്ലക്സ് ഉണ്ടാക്കുക.

9. കണ്ണാടിപ്പറമ്പ് പീടികതെരുവിലെ പഞ്ചായത്ത് സ്ഥലം മാർക്കറ്റിനുവേണ്ടി ഉപയോഗിക്കുക.

10. പീടികത്തെരുവിൽ വാഹന പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക.





DIVINE OFFSET PRINTERS, KANNUR-1., PHONE : 503058